Reg. No. M. 2293 ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 മീനം 11 ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 മാർച്ച് 24 | ലക്കം 30

## 'സത്യം ഏവ ജയതേ!'

(ജെ. കാട്ടൂർ)

ലോകരാഷ്ട്രങ്ങൾക്കൊന്നിനും ഇത്ര മഹത്തമമായ ഒരു മുദ്രാവാക്യം ഇല്ല. അതു് നമുക്കഭിമാനകരമാണ്. പാണിനീസൂത്രങ്ങളെ വെല്ലുന്ന ഗാംഭീര്യവും അർത്ഥപുഷ്ടിയും അതിനുണ്ടു്.

ഈ മുദ്രാവാക്യം നമ്മെ കോൾമയിർ കൊള്ളിക്കുന്നു; അതു വേണ്ടതുമാണ്. മറുവശത്തുണ്ടു് "ഇൻക്വിലാബുകൾ" — അസത്യത്തിനുള്ള "ജയ്"വിളികൾ—അതു നാം വിസ്മരിക്കരുതു്. സത്യത്തിൻെറ ജയ്‌വിളികൾ ഹൃദയവേശികളെ ഉന്നതാദർശങ്ങൾക്കായി ഉന്മേഷമണിയിക്കുമ്പോൾ "ഇൻക്വിലാബുകൾ" അവയെ രക്തദാഹത്തിനായി ആവേശംകൊള്ളിക്കയാണ്. നമ്മുടെ നില അസന്ദിഗ്ദ്ധമായിരിക്കണം. വികാരങ്ങളോ പ്രവൃത്ത്യുന്മുഖമല്ലാത്ത ഭാവനകളോ അല്ല നമ്മെ സത്യത്തിൻെറ ചേരിയിൽ അണിനിരത്തേണ്ടതു്. അചഞ്ചലമായ ആദർശസ്നേഹവും അടിയുറച്ച ആത്മാർത്ഥതയും അക്ഷീണമായ പ്രയത്നവുമാണ്. അല്ലെങ്കിൽ നമ്മുടെ നില ശാശ്വതമായിരിക്കയില്ല.

നമ്മുടെ ഭൂതകാലചരിത്രത്തിൻെറ ഒരു പ്രതിധ്വനിയാണ് "സത്യമേവ ജയതേ!" ലോകരാഷ്ട്രങ്ങളുടെ ഇടയിൽ ശാന്തിനികേതനമായി, ആശാകേന്ദ്രമായി ഇന്ത്യ ഇന്നു പരിലസിക്കുന്നുണ്ടെങ്കിൽ അതിനു കാരണം അവളുടെ സത്യപ്രതിപത്തി ഒന്നുമാത്രമാണ്. അങ്ങനെ ഭൂതവും വർത്തമാനവും ആശാജനകംതന്നെ; ഭാവിയോ?

"ജയതേ" ഭാവിയിലേക്കുള്ള ഒരാശംസയാണ്. സത്യത്തിനു് സനാതനവിജയം നേരുകയാണ് നാം. കോടാനുകോടി ഹൃദയങ്ങളിൽനിന്നു് ഉച്ചൈസ്സരം ഉയർന്നു വരുന്ന ഈ ആശംസ എത്രകണ്ടു് ഫലമണിയും! "ഇന്നു്" വളരെയധികം "ഇന്നലെ"യോടു് ബന്ധിച്ചിരിക്കുന്നതുപോലെ "നാളെ"യുടെ നിറവും ഗുണവും നാം വിചാരിക്കുന്നതിലധികം "ഇന്നി"നെ ആശ്രയിച്ചിരിക്കും. അതുകൊണ്ടു് ഇന്നത്തെ നിലപാടിൻെറ നേരെ കണ്ണടയ്ക്കുവാൻ നിവൃത്തിയില്ല. എന്താണ് ഇന്നത്തെ സ്ഥിതി? സത്യത്തിനാണോ അസത്യത്തിനാണോ ഇന്നു പ്രാബല്യം സിദ്ധിച്ചുവരിക? ഏതായാലും ഒന്നു നമുക്കറിയാം, സത്യവും അസത്യവും തമ്മിൽ സന്ധിയില്ലാസമരം നടക്കുകയാണിന്നു്. ലോകം രണ്ടു ചേരിയായി തിരിഞ്ഞിരിക്കുകയാണ്. പാർട്ടികൾ തമ്മിലല്ല, ആദർശങ്ങൾ തമ്മിലാണ് ഇന്നു പോർവിളി മുഴക്കിക്കൊണ്ടിരിക്കുന്നതു്. അതാണ് ലോകം മുഴുവനും രണ്ടു പാളയങ്ങളിലായി അണിനിരക്കുവാൻ കാരണം. ഇരുട്ടും വെളിച്ചവും തമ്മിൽ, മെററീരിയലിസവും ആദ്ധ്യാത്മികതയും തമ്മിൽ, സത്യവും അസത്യവും തമ്മിലാണ് ഇന്നു മൽപ്പിടുത്തം. ഒത്തുതീർപ്പിനിവിടെ സ്ഥാനമില്ല. ഇതൊരു നിർണ്ണായകസമരമാണ്. സത്യം തോൽവിയടയുമോ? സത്യത്തിനു തോല്ക്കുന്ന സ്വഭാവമില്ല. എന്നാൽ തന്നിൽ അസത്യത്തിനു് സ്ഥലമനുഭവിക്കുവാനുള്ള കഴിവു മനുഷ്യനുണ്ടു്. സത്യത്തിൽ അസത്യം വളരുകയില്ല. ഇവിടെ അസത്യത്തിൻെറ പാളയത്തിൽനിന്നു് പടനീക്കം തുടങ്ങിയെങ്കിൽ അതിനു കാരണം വ്യക്തികളിലുള്ള സത്യത്തിൻെറ അഭാവമാണ്.

വസ്തുതകൾ വിളിച്ചറിയിക്കുന്ന മററൊരു പരമാർത്ഥം അസത്യത്തിൻെറ ശക്തികൾക്കു പ്രബലമായ ഒരു നേതൃത്വം കിട്ടിക്കഴിഞ്ഞുവെന്നതാണ്. മലനാട്ടിലെ നമ്മുടെ പൂർവ്വികർക്കു് ആനയോടും കടുവാവയോടും മല്ലിടേണ്ടിയിരുന്നു. നമുക്കവയെക്കാൾ വലിയ ശത്രുവിനെയാണ് അഭിമുഖീകരിക്കേണ്ടതു്. തറ മാന്തിക്കഴിഞ്ഞറിഞ്ഞാൽ പോരാ. "സത്യം ജയതേ" യെന്നു നാം പാടണം. അങ്ങേയററത്തെ ആത്മാർത്ഥതയോടും, അടങ്ങാത്ത ആവേശത്തോടും, ഒടുങ്ങാത്ത മനക്കരുത്തോടുംകൂടി നാമതു പാടിയേ കഴിയൂ. കരടിയെ പിടിച്ചില്ലെങ്കിൽ കരടി പിടിക്കും, അതാണ് ഇന്നത്തെ നീതി.

ഭാവിയുടെ വിധാതാക്കൾ നാമോരോരുത്തരുമാണ് എന്നുള്ളതു് മറക്കാതിരുന്നാൽ നന്നു്.

സത്യാസത്യങ്ങൾ തമ്മിലുള്ള ഈ മൽപ്പിടുത്തം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല, നൂററാണ്ടുകളുടെ ചരിത്രംതന്നെ അതിൻെറ പിന്നിലുണ്ടു്. കാറൽമാർക്സിൻെറ രംഗപ്രവേശത്തോടെയാണ് പിടുത്തം ഇന്നത്തെ രൂപത്തിൽ ഉഗ്രതരമായതു്. മാർക്സ് ഒരു ചിന്തകനായിരുന്നു. സമകാലികവസ്തുതകളിൽ ചവിട്ടിനിന്നുകൊണ്ടു് അയാൾ ചിന്തിച്ചു. ഒരു മത്സരം നടക്കുന്നതായി അയാൾ കണ്ടു. പക്ഷെ അതിൻെറ മർമ്മം കണ്ടുപിടിക്കുവാൻ അയാൾക്കു് കഴിഞ്ഞില്ല. വർഗ്ഗസമരം അവശ്യാവശ്യകമാണെന്നും, അവസാനം അതിൽനിന്നു് വർഗ്ഗരഹിതമായ ഒരു പറുദീസാ ഉടലെടുക്കുമെന്നും മററും മാർക്സ് മനക്കണക്കുകൂട്ടി. പക്ഷെ അയാളുടെ കണക്കുകൂട്ടൽ ആകപ്പാടെ പിശകിപ്പോയെന്നു് ചരിത്രം തെളിച്ചു കാണിച്ചുകൊണ്ടിരിക്കുന്നു. ബൂർഷ്വായും തൊഴിലാളിയും തമ്മിലല്ല, സത്യത്തിൻെറയും അസത്യത്തിൻെറയും ശക്തികൾ തമ്മിലാണ് സന്ധിയില്ലാസമരം പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നതു് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഒരു ചേരിയിൽ നാം ചേർന്നേ മതിയാവൂ. സത്യത്തിൻേറയും, അഹിംസയുടേയും മോഹനസന്ദേശവുമായി അന്താരാഷ്ട്രീയമണ്ഡലത്തിൽ പൊന്തിനില്ക്കുന്ന ഭാരതമാതാവിൻെറ ഓരോ സന്താനവും സത്യത്തിൻെറ ചേരിയിൽ അണിനിരക്കണം. അല്ലെങ്കിൽ അതു മാതൃവഞ്ചനയായിരിക്കും, ആർഷഭാരതത്തിൻെറ അന്തസ്സററ സംസ്കാരത്തോടുള്ള അവഹേളനമായിരിക്കും. സത്യത്തിൻെറ ചേരിയിൽ നിന്നുകൊണ്ടു് "സത്യമേവ ജയതേ" എന്നു നമുക്കു് വിളിക്കാം. ആ ഓരോ വിളിയും ഹൃദയത്തിൻെറ അടിത്തട്ടുവരെയും ആഞ്ഞിറങ്ങിയിട്ടു് അവിടെനിന്നും പുറത്തേക്കു് കുതിച്ചു പ്രവഹിക്കുന്നതായിരിക്കണം.

പ്രകാശമാനമായ ഭൂതത്തിൽനിന്നു് ആദർശാത്മകമായ വർത്തമാനത്തിലൂടെ ഭാവിയിലേക്കു കടന്നപ്പോൾ നാം കണ്ട ആശങ്കയുടെ കരിനിഴലുകൾ നമ്മെ ഇരുത്തി ചിന്തിപ്പിക്കണം, പ്രായോഗികമാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ പ്രേരിപ്പിക്കണം, പ്രവർത്തനത്തിലേക്കാവേശം കൊള്ളിക്കണം. നാമെന്താണു പ്രവർത്തിക്കുക? ഏതൽക്കാര്യത്തിൽ ഇടതുപക്ഷക്കാരിൽനിന്നു് നമുക്കു പലതും പഠിക്കുവാനുണ്ടു്. അവരുടെ പ്രവർത്തനത്തിൽനിന്നു് നാം ഒന്നാമതായി മനസ്സിലാക്കേണ്ട കാര്യം ചെറിയ കാര്യങ്ങൾ ചെയ്തു് വലിയ കാര്യങ്ങൾ നേടുകയെന്നതാണ്. മററുള്ളവരെ "മാനസാന്തരപ്പെടുത്തുക" മാത്രമല്ല പാർട്ടിപ്രവർത്തനമായി അവർ എണ്ണുന്നതു്. ഒരു ലഘുലേഖ വിററഴിച്ചാൽ, മാർക്സിസത്തിൻെറ "വെളിച്ചത്തിൽ" ഒരാളോടു വാഗ്വാദം ചെയ്താൽ, ഒരു ഇൻക്വിലാബു് വിളിച്ചാൽ, പാർട്ടിക്കു ഗുണമുണ്ടാക്കുന്ന ഒരു നല്ല നുണ പറഞ്ഞാൽ, ഒരാളുടെ വോട്ടു നേടിക്കൊടുത്താൽ അതൊരു നല്ല പാർട്ടിപ്രവർത്തനമായി അവർ പരിഗണിക്കുന്നു. അവർ അസത്യത്തിനായി ഫലപ്രദമായി പ്രയോഗിക്കുന്ന ഈ പ്രവർത്തനരീതിയിൽ സത്യത്തിനുവേണ്ടി നമുക്കെന്തുകൊണ്ടു് ലഘുലേഖകൾ,



ക്രിസ്തു ഗദ്സേമനിൽ

വിമർശനവീഥി

# ക്രിസ്തുമതം അറിഞ്ഞുകൂടാത്ത ചില ക്രിസ്ത്യാനികളുടെ വിമർശനം

ബി. എസ്സ്.സി., ബി. ഡി., ബി. എ. എന്നീ ബിരുദങ്ങളുള്ളവരും, ജയിക്കബ്ബ്, ജോർജ്ജ്, ജോൺ മുതലായ ക്രിസ്തീയനാമങ്ങൾ വഹിക്കുന്നവരുമായ ചില മാന്യന്മാരുടെ പത്രാധിപത്യത്തിൽ കോട്ടയത്തുനിന്നു് പുറപ്പെടുന്ന ഒരു പ്രസിദ്ധീകരണത്തിന്റെ "മുഖപ്രസംഗക്കുറിപ്പുകൾ" എന്ന തലക്കെട്ടോടുകൂടി ഒരു നായർ ദിനപ്പത്രത്തിൽ പകർത്തിയിരുന്ന ഒരു ലേഖനം വായിക്കുവാൻ ഇടയായി. ആ കുറിപ്പുകളിൽ പ്രധാനമായി അടങ്ങിയിരിക്കുന്നതു്, "റോമൻ കത്തോലിക്കാസഭയിലെ ചില ബിഷപ്പുന്മാർ" ഇക്കഴിഞ്ഞ തിരുക്കൊച്ചി തിരഞ്ഞെടുപ്പിൽ "തങ്ങളുടെ സഭാംഗങ്ങൾക്കു വോട്ടുചെയ്യുന്നതിനുള്ള നിർദ്ദേശം" നൽകിയതിനെപ്പററിയുള്ള നിശിതമായ വിമർശനമാണു്. ആ വിമർശനം പരിശോധിച്ചാൽ കാണാം, വിമർശകന്മാർക്കു് ക്രിസ്തുമതത്തെക്കുറിച്ചു് പൊതുവായും കത്തോലിക്കാ ക്രിസ്തുമതത്തെക്കുറിച്ചു് പ്രത്യേകമായും ശരിയായ അറിവില്ലെന്നു്, ഭീമമായ ആശയക്കുഴപ്പമുണ്ടെന്നു്. ആ കുറിപ്പുകളിലെ ചില ഭാഗങ്ങൾ ഉദ്ധരിക്കാം.

### കമ്മ്യൂണിസ്റ്റുപാർട്ടി രാഷ്ട്രീയപാർട്ടി മാത്രമല്ല

1) "ദൈവം രാഷ്ട്രത്തിന്റെയും കർത്താവാണെന്നു് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതുകൊണ്ടു് രാഷ്ട്രീയകാര്യങ്ങളിൽ നിന്നും മതസത്യങ്ങളെ മാററിനിർത്തുക അസാദ്ധ്യമെന്നും അടിസ്ഥാന ക്രിസ്തീയപ്രമാണങ്ങളെ പ്രഖ്യാപിക്കുക സഭയുടെ ചുമതലയാണെന്നും പ്രഖ്യാപിക്കുന്നതോടൊപ്പം ഒരു പ്രത്യേകപാർട്ടിക്കു് വിരുദ്ധമായി സഭയുടെ കഴിവുകളെ അണിനിരത്തുക, സഭ അതിന്റെ മൗലികോദ്ദേശങ്ങളിൽനിന്നു് വ്യതിചലിക്കുകയാണെന്നു് ഓർമ്മിപ്പിക്കേണ്ടിയിരിക്കുന്നു."

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ചില കത്തോലിക്കാവൈദികാദ്ധ്യക്ഷന്മാർ കത്തോലിക്കർക്കു നൽകിയ ഉപദേശത്തിന്റെ സ്വഭാവത്തെ പ്രസ്തുത കുറിപ്പുകൾ എഴുതിയവർ പരിതാപകരമായി തെററിദ്ധരിച്ചിരിക്കുകയാണെന്നു് മേലുദ്ധരിച്ച വാക്യങ്ങൾ സ്പഷ്ടമായി തെളിയിക്കുന്നു. "ഒരു പ്രത്യേകപാർട്ടിക്കു് വിരുദ്ധമായി" എന്നു പറഞ്ഞിരിക്കുന്നതു് കമ്മ്യൂണിസ്റ്റുപാർട്ടിയെ പരാമർശിച്ചായിരിക്കുമല്ലോ. ആ പാർട്ടിക്കു് കത്തോലിക്കർ വോട്ടുകൊടുക്കരുതെന്നായിരുന്നു കത്തോലിക്കാ വൈദികാദ്ധ്യക്ഷന്മാരുടെ മൗലികമായ നിർദ്ദേശം. കമ്മ്യൂണിസ്റ്റുപാർട്ടി ഒരു രാഷ്ട്രീയപാർട്ടി മാത്രമാണോ? കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ സിദ്ധാന്തങ്ങളിലും പരിപാടികളിലും ദൈവത്തിനും ക്രിസ്തുവിനും ക്രിസ്തീയസഭയ്ക്കും സന്മാർഗ്ഗത്തിനും മനുഷ്യന്റെ മൗലികാവകാശങ്ങൾക്കും വിപരീതമായ പലതും ഇല്ലയോ? അവയ്ക്കു് വിരുദ്ധമായി ക്രിസ്തീയസഭാദ്ധ്യക്ഷന്മാർ നിർദ്ദേശം നൽകുമ്പോൾ അവർ സഭയുടെ മൗലികോദ്ദേശങ്ങളിൽനിന്നു വ്യതിചലിക്കുകയാണോ? അത്തരം നിർദ്ദേശം നൽകാതിരിക്കുമ്പോളല്ലയോ അവർ ആ ഉദ്ദേശങ്ങളിൽനിന്നു് വ്യതിചലിക്കുന്നതു്? അടിസ്ഥാന ക്രിസ്തീയപ്രമാണങ്ങൾ അല്പമെങ്കിലും അറിയാവുന്നവർ ഒരിക്കലും പറയുകയില്ല, കമ്മ്യൂണിസ്റ്റുപാർട്ടിക്കു് വിരുദ്ധമായി സഭയുടെ കഴിവുകൾ അണിനിരത്തുമ്പോൾ സഭ അതിന്റെ മൗലികോദ്ദേശങ്ങളിൽനിന്നു വ്യതിചലിക്കുകയാണെന്നു്.

### സഭയുടെ അപ്രമാദിത്വവും ജനാധിപത്യപ്രമാണങ്ങളും

2) "അജ്ഞന്മാരായ മക്കളെ നിയന്ത്രിക്കുവാൻ പിതാക്കന്മാർക്കുള്ള കടമ സഭാദ്ധ്യക്ഷന്മാർക്കുണ്ടു് എന്നു് അവകാശപ്പെടുമ്പോൾ ജനാധിപത്യപ്രമാണങ്ങളുടെ അടിസ്ഥാനതത്വങ്ങളെത്തന്നെ അതു് ചോദ്യംചെയ്യുകയാണു് ചെയ്യുന്നതു്. എല്ലാ ഏകാധിപതികളും തങ്ങളുടെ പ്രവൃത്തികളെ ന്യായീകരിച്ചുകൊണ്ടിരുന്നതു് ആ വാദത്തിൽ ആയിരുന്നു. ജനാധിപത്യത്തിന്റെ മൗലികപ്രമാണം എല്ലാവരും ഒരുപോലെ തെററുചെയ്യുവാനിടയുള്ളവരാണെന്നാണു്. ഈ എല്ലാവരുടേയും കൂട്ടത്തിൽ ബിഷപ്പുന്മാരും ഉൾപ്പെടുന്നു. ഏതെങ്കിലും വ്യക്തിയുടെ അപ്രമാദിത്വത്തെ ശരിവച്ചുകൊടുക്കുവാൻ റോമ്മാസഭയിലെപ്പോലെ മററുള്ളവരും സമ്മതിക്കുന്നപക്ഷം ജനാധിപത്യപ്രമാണങ്ങൾ മാററിവച്ചു് "അജ്ഞരായ"വരെ ഭരിക്കുവാൻ ജ്ഞാനിയായ ആളിനെ നിർദ്ദേശിക്കുന്നതിൽ ന്യായംകാണും. ഇതു സമ്മതിക്കാത്ത നിലയ്ക്കു് ബിഷപ്പുന്മാർ ഏതെങ്കിലും പ്രത്യേകക്കൂട്ടത്തിനു് വോട്ടുചെയ്യുവാൻ മററുള്ളവരെ നിർദ്ദേശിക്കുക ന്യായീകരിക്കത്തക്കതല്ല എന്നതു് വ്യക്തമാണല്ലോ."

മാപ്പാപ്പായുടെ അപ്രമാദിത്വത്തേയും മെത്രാന്മാരുടെ അദ്ധ്യാപനാധികാരത്തേയും മേലുദ്ധരിച്ച വാക്യങ്ങളെഴുതിയവർ ഭയങ്കരമായി തെററിദ്ധരിച്ചിരിക്കുകയാണു്. അജ്ഞന്മാരായ മക്കളെ നിയന്ത്രിക്കുവാൻ പിതാക്കന്മാർക്കുള്ള കടമയുടെ ന്യായം പറഞ്ഞല്ല കത്തോലിക്കാസഭാദ്ധ്യക്ഷന്മാർ (ക്രിസ്തീയസഭാദ്ധ്യക്ഷന്മാർ പൊതുവിൽത്തന്നെ) അവരുടെ ജനങ്ങളെ പഠിപ്പിക്കുവാനുള്ള കടമ അവകാശപ്പെടുന്നതു്. മനുഷ്യർ വിശ്വസിക്കേണ്ട ചില തത്വങ്ങളും അനുഷ്ഠിക്കേണ്ട ചില കല്പനകളും ദൈവമായ ക്രിസ്തു വെളിപ്പെടുത്തുകയും, ആ വെളിപാടു് ശ്ലീഹന്മാരുടെ സംഘത്തേയും, അവരുടെ സ്ഥാനം വഹിക്കുന്ന മെത്രാന്മാരുടെ സംഘത്തേയും അവിടുന്നു് ഏല്പിച്ചുകൊടുക്കുകയും, പ്രസ്തുത സത്യങ്ങളും കല്പനകളും മനുഷ്യരെ പഠിപ്പിക്കുവാൻ അവരെ അധികാരപ്പെടുത്തുകയും, ആ പഠിപ്പിക്കൽ തെററുകൂടാതെ നിർവ്വഹിക്കുവാൻ വേണ്ട സഹായവും സംരക്ഷണയും താൻ അവർക്കു് നൽകിക്കൊള്ളാമെന്നു് ഉറപ്പുപറയുകയും ചെയ്തിട്ടുണ്ടു്. ഈ വസ്തുതകളെ അടിസ്ഥാനപ്പെടുത്തിയാണു് കത്തോലിക്കാസഭാദ്ധ്യക്ഷന്മാർ വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച തത്വങ്ങൾ കത്തോലിക്കരെ പഠിപ്പിക്കുന്നതും, കത്തോലിക്കർ ആന്തരികമായ സമ്മതത്തോടും വിധേയത്വത്തോടുംകൂടി അവയെ സ്വീകരിക്കുന്നതും. ആകയാൽ കത്തോലിക്കാസഭാദ്ധ്യക്ഷന്മാരുടെ അധികാരപൂർവ്വമുള്ള ഈ പഠിപ്പിക്കൽ ജനാധിപത്യപ്രമാണങ്ങളുടെ അടിസ്ഥാനത്തെ ചോദ്യംചെയ്യുന്നില്ല. കേവലം രാഷ്ട്രീയമായ കാര്യങ്ങളിലാണു് ജനാധിപത്യപ്രമാണങ്ങളുടെ അടിസ്ഥാനതത്വം പ്രയോഗിക്കപ്പെടുന്നതു്. അക്കാര്യങ്ങളിൽ ഓരോ കത്തോലിക്കനും, മറേറതു പൗരനെയുംപോലെ, യുക്തമെന്നു തോന്നുന്ന അഭിപ്രായം സ്വീകരിക്കുന്നതിനും തദനുസരണം പ്രവർത്തിക്കുവാനും പൂർണ്ണമായ സ്വാതന്ത്ര്യമുണ്ടു്. രാഷ്ട്രീയപാർട്ടികൾക്കു വോട്ടുചെയ്യുന്നതു് ഈ സ്വാതന്ത്ര്യത്തിലുൾപ്പെടുന്നു. കത്തോലിക്കൻ വോട്ടുകൊടുക്കുന്ന പാർട്ടിയുടെ ഔദ്യോഗികമായ സിദ്ധാന്തങ്ങളിലും പരിപാടികളിലും കത്തോലിക്കാവിശ്വാസത്തിനും സന്മാർഗ്ഗത്തിനും വിപരീതമായി ഒന്നും ഉണ്ടായിരിക്കരുതു് എന്നേ നിർബന്ധമുള്ളൂ.

### അപ്രമാദിത്വത്തെ തെററിദ്ധരിച്ചിരിക്കുന്നു

താൻ വെളിപ്പെടുത്തിത്തന്ന വിശ്വാസസത്യങ്ങളും സന്മാർഗ്ഗതത്വങ്ങളും മനുഷ്യരെ പഠിപ്പിക്കുന്നതിൽ തെററുവരാതെ താൻ കാത്തുകൊള്ളാമെന്നു് ദൈവമായ ക്രിസ്തു ശ്ലീഹന്മാരുടെ സംഘത്തിനും അവരുടെ സ്ഥാനം വഹിക്കുന്ന കത്തോലിക്കാമെത്രാന്മാരുടെ സംഘത്തിനും നൽകിയിരിക്കുന്ന വാഗ്ദാനമാണു് മെത്രാന്മാരുടെ സംഘത്തിനുണ്ടെന്നു് കത്തോലിക്കർ വിശ്വസിക്കുന്ന അപ്രമാദിത്വത്തിന്റെ ആധാരം. മെത്രാന്മാരുടെ സംഘത്തിനു് ആ പഠിപ്പിക്കൽ ജോലിയിൽ തെററുവരാതെ ക്രിസ്തു കാത്തുകൊള്ളുന്നു. അതുകൊണ്ടു് അവർക്കു തെററുവരുന്നില്ല. പഠിപ്പിക്കുന്നതിൽ മെത്രാന്മാരുടെ സംഘത്തിനു തെററുവരുകയില്ലെന്നാണു് ക്രിസ്തുവിന്റെ വാഗ്ദാനം; അല്ലാതെ ജീവിതനടപടിയിൽ അവർക്കു തെററുചെയ്യുവാൻ പാടില്ലെന്നല്ല. ക്രിസ്തു വെളിപ്പെടുത്തിയ വിശ്വാസസത്യങ്ങളും സന്മാർഗ്ഗതത്വങ്ങളും പഠിപ്പിക്കുന്നതിൽ മെത്രാന്മാരുടെ സംഘത്തിനു തെററുവരുകയില്ല എന്നാണു ക്രിസ്തുവിന്റെ വാഗ്ദാനം; അല്ലാതെ രാഷ്ട്രീയമോ, സാമ്പത്തികമോ, മറേറാ ആയ കാര്യങ്ങൾ പഠിപ്പിക്കുന്നതിൽ തെററുവരുവാൻ പാടില്ല എന്നല്ല. അങ്ങനെയുള്ള കാര്യങ്ങൾ പഠിപ്പിക്കുന്നതിൽ മററെല്ലാ മനുഷ്യർക്കും തെററുവരാവുന്നതുപോലെ കത്തോലിക്കാമെത്രാന്മാരുടെ സംഘത്തിനു പൊതുവേയും അതിലെ അംഗങ്ങളായ വ്യക്തികൾക്കു ഓരോരുത്തർക്കും തെററുവരുവാൻ പാടുണ്ടു്. മാപ്പാപ്പാ ഉൾപ്പെടെ മെത്രാന്മാരുടെ സംഘത്തിനു പൊതുവിൽ ഇപ്പറഞ്ഞതരം അപ്രമാദിത്വമുള്ളതുപോലെ, മാപ്പാപ്പായ്ക്കു തനിച്ചു് അതേ അപ്രമാദിത്വം ഉണ്ടെന്നാണു കത്തോലിക്കരുടെ വിശ്വാസം. ശ്ലീഹന്മാരുടെ സംഘത്തിന്റെ തലവനായ പത്രോസിനു തനിച്ചു് തിരുസഭാദ്ധ്യക്ഷൻ എന്ന നിലയിൽ അപ്രമാദിത്വം ക്രിസ്തു വാഗ്ദാനം ചെയ്തെന്നും, അതനുസരിച്ചു പത്രോസിന്റെ സ്ഥാനം വഹിക്കുന്ന ഓരോ മാപ്പാപ്പായിലേക്കു തനിച്ചും ആ വാഗ്ദാനം എത്തുന്നുണ്ടെന്നും ഉള്ള വസ്തുതയാണു് പ്രസ്തുത വിശ്വാസത്തിനാധാരം. ആകയാൽ "റോമാസഭയിലെപ്പോലെ മററുള്ളവർക്കും ജനാധിപത്യപ്രമാണങ്ങൾ മാററിവച്ചു് അജ്ഞരായവരെ ഭരിക്കുവാൻ ജ്ഞാനിയായ ആളെ നിർദ്ദേശിക്കുന്നതിൽ ന്യായം കാണും" എന്ന പ്രസ്താവം നിരർത്ഥകമാകുന്നു.

### കത്തോലിക്കാസഭയും കമ്മ്യൂണിസ്റ്റുപാർട്ടിയും തമ്മിൽ വൈരുദ്ധ്യം

3) "ഒരുവിധത്തിൽ ആലോചിച്ചാൽ റോമൻ കത്തോലിക്കാസഭയും കമ്മ്യൂണിസ്റ്റുപാർട്ടിയും തമ്മിൽ സംഘടനാരീതിയിൽ വളരെ സാമ്യമുണ്ടു്. രണ്ടും ഒരുപോലെ അപ്രമാദിത്വത്തിൽ വിശ്വസിക്കുന്നു—ഒന്നു് ഒരു വ്യക്തിയുടേതു്, മറേറതു് ഒരു സംഘടനയുടെ എന്ന വ്യത്യാസംമാത്രം. രണ്ടും ഒരുപോലെ വ്യക്തികളുടെ അഭിപ്രായത്തേയും സ്വാതന്ത്ര്യത്തേയും സ്ഥാപനത്തിനു വിധേയമാക്കുന്നു. രണ്ടിലും സാമ്യമുള്ള ഹൈരാർക്കിക്കൽ ഓർഡർ ഉണ്ടു്. അതിനു പുറത്തുള്ളവരെ രണ്ടുകൂട്ടരും ഭ്രഷ്ടരായി എണ്ണുന്നു. ഇങ്ങനെ നോക്കിയാൽ രണ്ടിലും പല സാമ്യങ്ങളും കാണാനുണ്ടു്. ഇന്നു രണ്ടുകൂട്ടരും പ്രദർശിപ്പിക്കുന്ന ആവേശം ഏകദേശമായ ഒരു മതഭ്രാന്തുതന്നെയാണു്."

(ശേഷം 11-ാംപേജിൽ)

---

പത്രമാസികകൾ, മുതലായവയിലൂടെയും, പ്രകടനങ്ങളും പ്രചാരണങ്ങളും മുഖേനയും നമുക്കു പരിശ്രമിച്ചുകൂടാ.

നാം പഠിക്കേണ്ട രണ്ടാമത്തെ പാഠം "യൂട്ടോപ്യൻ"മാർഗ്ഗങ്ങൾക്കു വേണ്ടി കാത്തിരിക്കരുതെന്നാണു്. നിലവിലുള്ള എല്ലാ തുറകളിലും കടന്നുപററി അവനവന്റെ പ്രവൃത്തിരംഗത്തിൽ സത്യത്തിന്റെ ദൂതന്മാരായിത്തീരണം. സംഘടിതപ്രവർത്തനമെന്നു പറഞ്ഞു് കയ്യടിച്ചതുകൊണ്ടു കാര്യമായില്ല. "നിങ്ങൾക്കു ലോകത്തെ മാററിമറിക്കാം" എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിന്റെ കർത്താവായ കെല്ലർ പറയുമ്പോലെ "വിദ്യാഭ്യാസം, സാഹിത്യം, തൊഴിൽ, ഗവമ്മെൻറു്, തീയേററർ ഷോസ്സ്" മുതലായ മണ്ഡലങ്ങളിൽ നമുക്കു സത്യത്തിന്റെ സന്ദേശവാഹികരാകാം. സത്യത്തിന്റെ മൂടുപടമിട്ട അസത്യങ്ങളും അർദ്ധസത്യങ്ങളും വിററഴിക്കുവാൻ ഇടതുപക്ഷക്കാർ തെരഞ്ഞെടുത്തിരിക്കുന്ന കമ്പോളങ്ങൾ ഇവതന്നെയാണു്. അവയാണു് നമ്മുടേയും പ്രവൃത്തിരംഗം.

നാം ഗ്രഹിക്കേണ്ട വേറൊരു പ്രധാന സംഗതി നല്ല നേതാക്കളെ സൃഷ്ടിക്കുകയെന്നതാണു്. നലംതികഞ്ഞ നേതാക്കൾക്കുവേണ്ടി സമുദായം ദാഹിക്കുകയാണിന്നു്. സത്യത്തിന്റെയും നീതിയുടേയും അവയിൽനിന്നുടലെടുക്കുന്ന സദാചാരബോധത്തിന്റെയും തെളിനീർ കുടിച്ചു് വ്യക്തമായ ചിന്തയും സ്പഷ്ടമായ ആദർശങ്ങളും സമ്പാദിച്ചിട്ടുള്ള നേതാക്കളാണു് നമുക്കാവശ്യം. ഇതിനു് സമുദായത്തിലുള്ള ഓരോ വ്യക്തിയും സത്യദീക്ഷയും ആദർശതല്പരതയുമുള്ളവനായിരിക്കണം. കാരണം, സത്യാവബോധവും സന്മാർഗ്ഗനിഷ്ഠയുമുള്ള ഒരു സമുദായത്തിൽനിന്നു മാത്രമേ നല്ലനല്ല നേതാക്കൾ പൊങ്ങിവരികയുള്ളൂ.

"സത്യമേവ ജയതേ" നമ്മുടെ ലക്ഷ്യവാക്യമാണു്. അതു സുന്ദരമാണു്. ഭൂതവും വത്തമാനവും അതു സാത്ഥവത്ക്കരിക്കുന്നു, ഭാവിയിലും അതു സാത്ഥകമാകണം. സത്യത്തിന്റെ ചേരിയിൽ അണിനിരന്നുകൊണ്ടു് നിശ്ചയദാർഢ്യത്തോടെ സമരം ചെയ്താൽ മതി അതു സഫലമാകാൻ.

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ ദേഹത്തിലെ വേദനകൾ മാറിയതിനു് ഉപകാരസ്മരണ. ഇത്രയും വൈകിപ്പോയതിനു് ക്ഷമാപണം.

എന്നു്, സി. എൽ. അന്തോണി
ചിയ്യാരം, ഒല്ലൂർ

മഹത്തായ
നമ്മുടെ രാഷ്ട്രത്തിനു വേണ്ടി

നിങ്ങൾ ഒരു ബാങ്കിൽ പണം നിക്ഷേപിക്കുന്നതു് സൗകര്യവും സുരക്ഷിതത്വവും കരുതിയാണു്. ആവശ്യപ്പെടുമ്പോൾ പണം തിരികെ ലഭിക്കണം. അതോടൊപ്പംതന്നെ നിങ്ങളുടെ പണം രാജ്യനന്മയ്ക്കുകൂടി ഉപകരിച്ചാൽ കൊള്ളാമെന്നു് ആഗ്രഹിക്കുന്നു.

ഓറിയന്റു സെൻട്രൽ ബാങ്കിൽ നിക്ഷേപിക്കുന്ന പണം ഈ നാട്ടിലെ വാണിജ്യവ്യവസായങ്ങളുടെ പുരോഗമനത്തിനു സഹായകരമായി വിനിയോഗിക്കപ്പെടുന്നു. വാണിജ്യവ്യവസായങ്ങളുടെ പുരോഗമനം സാധനദൗർലഭ്യം കുറയ്ക്കുകയും തൊഴിലില്ലായ്മ പരിഹരിക്കുകയും ചെയ്യുന്നു. തൊഴിലില്ലായ്മയും സാധനദൗർലഭ്യവും നിർമ്മാർജ്ജനം ചെയ്തു് മഹത്തായ നമ്മുടെ രാഷ്ട്രത്തിൽ സമൃദ്ധിയും സുഭിക്ഷതയും കൈവരുത്തുന്നതിനു് നിങ്ങളുടെ പണം

ഓറിയന്റ് സെന്റ്രൽ ബാങ്കിൽ
നിക്ഷേപിക്കുക

ഹെഡ്ആഫീസ്:- കോട്ടയം

ബ്രാഞ്ചുകൾ

ഈരാററുപേട്ട, എറണാകുളം, എരുമേലി, കാളകെട്ടി, കോട്ടയം, കുമരകം, കോതമംഗലം, കുട്ടിക്കൽ, വടക്കൻപറവൂർ, പാലാ, വൈക്കം, പാമ്പാടി, പിറവം, പൂവരണി, തൊടുപുഴ, തിരുവല്ല

പ്രവർത്തനമൂലധനം 1 കോടി രൂപായിൽ കൂടുതൽ

ചെറുകഥ

# വിയർപ്പുകൊണ്ടുയരുവിൻ

(ജി. സി. ടീലർ)

പണിക്കരച്ഛൻ—ഹയ്യാ പണിക്കരച്ഛൻ—ഹയ്യയ്യാ അടുത്തടുത്തുവന്നു പോന്നവന്മാരുടെ ആ "ഹയ്യാ" വിളികൾ. ഗോവിന്ദപ്പണിക്കർ ഒരു പല്ലക്കിൽ സുഖമായി കിടക്കയാണ്. മുപ്പതുപേരുണ്ട് അദ്ദേഹത്തെ ചുമക്കാൻ, 15 പേർ ഭാരംതാങ്ങുമ്പോൾ 15 പേർ വിശ്രമിക്കുക എന്ന കണക്കിന്. ഗോവിന്ദപ്പണിക്കരുടെ പല്ലക്കിന്റെ ഒററത്തു പിടിക്കുന്നത് ഒരു മഹാഭാഗ്യമായി കരുതി കോരനും കുഞ്ഞിട്ടിയും. തന്നെ പല്ലക്കിൽ എടുത്ത് പാട്ടുംപാടി ഓടുന്നവരെ വലിയ കാര്യമാണ് അദ്ദേഹത്തിന്. അവർക്കു കുടിയും തീനും തൃപ്തിയായി എന്നറിഞ്ഞെങ്കിൽ മാത്രമേ അദ്ദേഹം വെള്ളം പോലും കുടിക്കു. ആശ്രിതവത്സലനും പൊതുജനസേവകനുമായിരുന്നു ഗോവിന്ദപ്പണിക്കർ. 300 ഏക്കർ ചേരിക്കലും മൂന്ന് ആനയുമുള്ള മുതലാളി എന്നാണ് അദ്ദേഹത്തെപ്പററി ആളുകൾ പറയാറുണ്ടായിരുന്നത്. അദ്ദേഹം ഒററ ഏക്കർപോലും കൂടുതൽ സമ്പാദിച്ചില്ല; ഒന്നും നഷ്ടപ്പെടുത്തിയുമില്ല. മെത്തപ്പുറത്തു ജനിച്ച ഗോവിന്ദപ്പണിക്കർ മെത്തപ്പുറത്തുകിടന്നുതന്നെ അന്തരിച്ചുവെന്ന് അറിവുള്ള നാട്ടുകാർ പറയാറുണ്ട്.

ഗോവിന്ദപ്പണിക്കർക്ക് ഒരു പുത്രനുണ്ടായിരുന്നു—ശിവരാമപ്പണിക്കർ. ഒരു കൊച്ചു ധൂർത്തനായിരുന്നു ബാല്യംമുതൽക്കേ. കുറഞ്ഞപക്ഷം നാലുകൊല്ലം ചവിട്ടിമെതിച്ചിട്ടേ അയാൾ ഒരു ക്ലാസ്സിൽനിന്നും മറെറാരു ക്ലാസ്സിലേക്ക് നീങ്ങിയിരുന്നുള്ളു. 14 കൊല്ലംകൊണ്ട് അയാൾ നാലാംക്ലാസ്സിൽ എത്തി. "കണക്കുവിഷയം ഒന്നില്ലായിരുന്നെങ്കിൽ ഞാൻ എല്ലാത്തിലും ഒന്നാമനായിരുന്നേനേ" എന്ന് തന്റെ കൂട്ടുകാരുടെ മുമ്പിൽ അയാൾ വീരവാദം പറയാറുണ്ടായിരുന്നു. എങ്കിലും പഠനം നീണ്ടുനിന്നില്ല. ഒരു കുലീന കുടുംബാംഗമായിരുന്ന സരസ്വതിയമ്മ എന്നു പേരുള്ള ഒരു പെൺകുട്ടിയെ വിവാഹംചെയ്ത് അയാൾ കുടുംബഭരണത്തിലേക്ക് കാൽവച്ചു.

"എന്റെ കുഞ്ഞിട്ടീ, ആ കോവിന്നപ്പണിക്കരേമാൻ മരിച്ചേപ്പിന്നെ നീരാപ്പള്ളിത്തറവാട്ടിലെ വെളക്കു കെട്ടതുപോലായി. അദ്ദ്യേം കേറിനടന്ന മഞ്ചലു കെട്ടുതുമ്പിച്ചു മച്ചിമ്പൊറത്തു കെടക്കുവാ. അദ്ദേ്യം ഒണ്ടായിരുന്നപ്പം നമ്മള് വല്ലോതും പട്ടിണീം പഞ്ഞോം അറിഞ്ഞിട്ടൊണ്ടാരുന്നോ?" കണ്ണുനീർത്തുള്ളികൾ തുടച്ചുകൊണ്ട് കോരൻ പറഞ്ഞതാണ്.

"അങ്ങനെ വിശാരം പിടിച്ചിരുന്നിട്ടു കാര്യം വല്ലോം ഒണ്ടോ? ഇനി കഴിക്കാനൊള്ള വഴിയാ നമ്മള് നോക്കണ്ടത്."

"അക്കാര്യം ഞാനും ഒണ്ടോക്കണെന്റെ കുഞ്ഞിട്ടീ. തൂമ്പാ പിടിച്ചു കെളച്ചിട്ടില്ല നമ്മള്. കട്ടും കവന്നും നടന്നിട്ടില്ല. പിന്നെന്തു ജോലിക്കുപോകും?"

"അതിന് ഞാൻ പണികണ്ടിട്ടൊണ്ടെന്റെ കോരാ. ശിവരാമപ്പണിക്കരദ്യേത്തിന് എതുനേരോം കുടിക്കണം, വലിക്കണം, കൂട്ടുകാർക്ക് സത്യ ഒരുക്കേംവേണം. അദ്യേത്തിനുവേണ്ട സാമാനങ്ങളൊക്കെ കൊണ്ടുവന്നുവെപ്പൊരു കച്ചോടം. പണം എന്തുമാത്രം ദിനചര്യ കിട്ടുവെന്നാ'. യാവോ?"

"കൊള്ളാം. നീ നല്ല പുകിലാ പറേന്നത്. കച്ചോടത്തിന് പണം എവിടന്നാ?"

"പണം ഒള്ളോരെക്കൊണ്ടു കച്ചോടം ചെയ്യിക്കും. ഞാൻ അവിടത്തെ ശമ്പളക്കാരനായിട്ടു നില്ക്കും."

"ശമ്പളക്കാരനോ! എശരണ്ടെന്നു പറേടാ. ഒക്കണ പണിതന്നെ നിന്റേത്. നിന്റെ സൂത്രത്തിലൊരെണ്ണം എനിക്കുംകൂടെ വച്ചുതന്നേ."

"നീ കൊച്ചമ്മയ്ക്കുവേണ്ടി ഒരു കച്ചോടം ആരെക്കൊണ്ടെങ്കിലും നടത്തിക്ക്. മാസംമാസം രൂപാ എന്തുമാത്രമാ സാരിക്കും, ആവരണത്തിനും പോഡറിനുംവേണ്ടി ചെലവാക്കുന്നതെന്നറിയാവോ! അതിലൊററ പൈസാ ഇനി പൊറത്തുപോകരുത്. അതുകൊണ്ടിട്ട് ആവരണം, സാരി, പോഡർ—ഇതെല്ലാത്തിനുംകൂടി ഒരു ഷാപ്പ്! തിരിഞ്ഞോ? കോരന വിടത്തെ എശരണ്ട്."

കോരനു നന്നേപിടിച്ചു കുഞ്ഞിട്ടിയുടെ പ്ലാൻ. ഒരു സ്വർണ്ണവ്യാപാരിയെ അയാൾ സമീപിച്ചു ചോദിച്ചു: "നിങ്ങൾക്ക് എന്തോ കിട്ടും മാസം ആഭരണവ്യാപാരത്തിൽ?"

"മാസം പത്തഞ്ഞൂറുരൂപാ കിട്ടിയേക്കും."

"എന്നാൽ ഞാൻ മാസം 1000 രൂപാ എടുത്തുതരാം. എനിക്കെന്തോ തരും?"

"ഈ പറയുന്നതരത്തിൽ ആദായം കിട്ടുകയാണെങ്കിൽ 100 രൂപാ ശമ്പളത്തിൽ തന്നെ ഞാൻ എന്റെ ഏജൻറാക്കിയേക്കാം."

നീരാപ്പള്ളിക്കാരുടെ ഒരു കെട്ടിടം വളരെ കുറഞ്ഞ വാടകയ്ക്കു കിട്ടി കോരന്. അയാളും കൂട്ടുകാരനും സ്വർണ്ണം, സാരി, പൗഡർ മുതലായ സാധനങ്ങൾ വൻതോതിൽ വരുത്തി കച്ചവടമാരംഭിച്ചു. സരസ്വതിയമ്മ വാങ്ങുന്ന കടയിൽനിന്നും പുതിയ പുതിയ മോഡലുകൾ വാങ്ങി സംതൃപ്തരാകുവാൻ ആ നാട്ടിലെ അനേകം തരുണീമണികൾ ഉത്സുകരായി. എതിർവശത്ത് അല്പം കിഴക്കുമാറിയായിരുന്നു കുഞ്ഞിട്ടിയുടെ മദ്യക്കട. സോഡാമുതൽ വിസ്കി ബ്രാണ്ടിവരെ സകലതും അവിടെ സുലഭമായിരുന്നു. വമ്പിച്ച ആദായത്തിലാണ് അതും നടന്നുകൊണ്ടിരുന്നത്. ചുരുങ്ങിയ കാലംകൊണ്ട് കോരനും കുഞ്ഞിട്ടിയും നല്ല സമ്പാദ്യക്കാരായി. എങ്കിലും അവർ ആ പഴയ ലളിതജീവിതത്തിൽനിന്നും വ്യതിചലിച്ചില്ല.

നീരാപ്പള്ളിക്കാരുടെ വസ്തുക്കൾ ഓരോന്നോരോന്നായി ലേലത്തിനു വന്നുതുടങ്ങി. അതെല്ലാം കോരനും കുഞ്ഞിട്ടിയുംകൂടി പിടിച്ചെടുത്തു എന്നു കേട്ടപ്പോൾ ശിവരാമപ്പണിക്കർക്കും സരസ്വതിയമ്മയ്ക്കും ഉണ്ടായ അത്ഭുതം അവർണ്ണനീയമായിരുന്നു. അവരുടെ ഭൂതകാലചരിത്രത്തിലേക്ക് ഒന്നു കടന്നുനോക്കി ശിവരാമപ്പണിക്കരും സരസ്വതിയമ്മയും. തങ്ങളുടെ മേശയിൽനിന്നും പൊഴിഞ്ഞുവീഴുന്നതു തിന്നു വിശപ്പടക്കിയിരുന്ന കോരനും കുഞ്ഞിട്ടിയും ഇത്ര ഉന്നതമായ നിലയെ പ്രാപിച്ചതെങ്ങനെയെന്നായി അവരുടെ ചിന്ത.

"നമ്മുടെ അച്ഛനെ പല്ലക്കിൽ എടുത്തുകൊണ്ടുനടന്നിരുന്നവരല്ലേ കോരനും കുഞ്ഞിട്ടിയും?" സരസ്വതിയമ്മ ചോദിച്ചു.

"സംശയമുണ്ടോ! അച്ഛന് അവർ രണ്ടിനേയും വലിയ കാര്യമായിരുന്നു."

"അവർ പിന്നെങ്ങനെയാണീ നിലയിൽ എത്തിയതു്?"

"ഞാൻ കാര്യവാങ്ങിച്ചപ്പോൾ അവർ ഓരോ തൊഴിലിനുപോയി. തൊഴിലിൽ അവർ മിടുക്കന്മാരായിരിക്കാം."

"ആകട്ടെ, നമുക്കുണ്ടായിരുന്നതു മുഴുവൻ ഇങ്ങനെ നശിച്ചതെങ്ങനെയാണെന്നു ചിന്തിച്ചിട്ടുണ്ടോ?"

"ചിന്തിക്കുന്നു! നമ്മുടെ രണ്ടുപേരുടെയും ജാതകഫലം."

"അതല്ല. ഞാൻ ചിന്തിച്ചു. നിങ്ങൾ മദ്യക്കടയിലും ഞാൻ ആഭരണക്കടയിലും എന്തുമാത്രം ചെലവാക്കി എന്നൊരു കണക്കെടുത്താൽ നമ്മുടെ നാശം എങ്ങനെയുണ്ടായി എന്നു മനസ്സിലാക്കാമായിരിക്കും."

"ഞാൻ നമ്മുടെ അച്ഛനെയാണ് കുററം പറയുന്നതു്. അദ്ദേഹം എന്നെ പഠിപ്പിച്ചില്ല ജോലി ചെയ്യുവാൻ."

"ഇത്ര വലിയ ഒരു സമ്പാദ്യം നമുക്കായി നീക്കിവച്ചിട്ടുപോയ അച്ഛനെ എന്തിന് കുററംപറയുന്നു? നമ്മെത്തന്നെയാണ് നാം പഴിക്കേണ്ടതു്. എന്തുമാത്രം ചെലവുചെയ്താലും നമ്മുടെ സ്വത്തുക്കൾ നശിക്കയില്ലെന്നു നാം വിചാരിച്ചു."

"കഴിഞ്ഞതൊക്കെ പോകട്ടെ. ഇനി നാം എന്താണു ചെയ്യുക? ഇവിടെ യാചകന്മാരെപ്പോലെ ജീവിക്കുന്നതെങ്ങനെ?"

"വേണ്ടാ. നമുക്ക് ഈ സ്ഥലം വിട്ട് ദൂരെ എവിടെയെങ്കിലും പോയി ജീവിക്കാം. കഴിയുന്ന ജോലിചെയ്താൽ ഉപജീവനമെങ്കിലും നടക്കുമല്ലോ."

ചില ചുഴികളും കുമളകളും സൃഷ്ടിച്ചുകൊണ്ട് ശുദ്ധജലം പെരിയാററിൽക്കൂടി ഒഴുകിപ്പോകയാണ്. ഒരു തിരിവിൽ അതു ചെന്നു തട്ടുന്നു. സാമാന്യം ഉയരമുള്ള സിമിൻറുപടികളിൽ. ഗ്ലളഗ്ലള എന്നൊരു ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് അതു വീണ്ടും താഴോട്ടു കുതിക്കുന്നു. ചുററും ചാമ്പമരങ്ങൾ വളർന്നുനില്ക്കുന്ന ഒരു നടുമുററവും അതിനനുയോജ്യമായ ഒരു നല്ല ബംഗ്ലാവുമുണ്ട് ആ കല്പടകൾക്കു മുകളിലായി. "സാമാന്യം നല്ല വീടാണെന്നു തോന്നുന്നു" ഒരു ചെറുവള്ളത്തിൽനിന്നും ഉയർന്ന വാക്യം. "നമുക്കിവിടെ ഒന്നന്വേഷിച്ചുനോക്കിയാലോ"? അതായിരുന്നു മറുപടി.

തുടരലിൽ നിന്നിരുന്ന ടൈഗർ സഗൗരവം അവരുനേരെ നോക്കി രണ്ടുമൂന്നു കുരച്ചു. "മിണ്ടരുതു്" തൊമ്മിക്കുഞ്ഞിന്റെ ആജ്ഞ. അദ്ദേഹം ആപാദചൂഡം നോക്കി ആഗതരെ; ഉൽകൃഷ്ടകുലജാതരെന്നു തോന്നുകയുംചെയ്തു. "നിങ്ങൾ എന്താണ് ഈ ഭാഗത്തേക്കൊക്കെ ഇറങ്ങാൻ?"

"ഞങ്ങളുടെ നാട്ടിൽ പട്ടിണിയായിട്ട് ജോലിയന്വേഷിച്ചിറങ്ങിയിരിക്കുന്നു." അതേത്തുടർന്ന് അനേകം ചോദ്യങ്ങളും ഉത്തരങ്ങളും നടക്കുകയുണ്ടായി. തൊമ്മിക്കുഞ്ഞിന്റെ ഔദാര്യംകൊണ്ട് അവർക്കൊരു നല്ല വീടുകിട്ടി താമസിക്കാൻ. ചില ചില്ലറ ജോലികൾ അവർ ചെയ്തുതുടങ്ങുകയും ചെയ്തു.

ശനിയാഴ്ച വൈകുന്നേരം. രണ്ടു മൂന്നു വലിയ പുസ്തകങ്ങൾ മേശപ്പുറത്തു നിവർത്തിവച്ചിരിക്കുന്നു തൊമ്മിക്കുഞ്ഞ്. അനേകംപേർ അദ്ദേഹത്തിന്റെ ചുററും കൂടിയിരിക്കയാണ്. ഒരു രൂപാ, രണ്ടു രൂപാ, മൂന്നു രൂപാ എന്നിങ്ങനെ വൻതുകകൾ ചിലരുടെ കൈയിൽ. ചിലർക്കോ, കുറേ അണത്തുട്ടുകൾ മാത്രം. എങ്കിലും രണ്ടണയിൽ കുറഞ്ഞൊന്നുമുണ്ടായിരുന്നില്ല. കിട്ടിയ തുകകളെല്ലാം ബുക്കിൽ വരവുവച്ച് ഓരോരുത്തരും കൊണ്ടുവന്നിരുന്ന പാസ്സ് ബുക്കിൽ അദ്ദേഹം പതിച്ചുകൊടുക്കയും ചെയ്തു. ഇതെല്ലാം നോക്കിക്കൊണ്ടു നില്ക്കയായിരുന്നു ഒരു മനുഷ്യൻ! അയാൾ അടുത്തുനിന്ന കിട്ടുവിനോടു ചോദിച്ചു: "എന്തൊന്നാണ് ഈ പ്രസ്ഥാനം?" വിസ്മയം പ്രകടിപ്പിച്ചുകൊണ്ടായിരുന്നു കിട്ടുവിന്റെ മറുപടി.

"ഓഹോ, ഇതുവരെയായിട്ടും ഇതെന്താണെന്നറിഞ്ഞുകൂടെ! ഇതാണ് "മിച്ചനിക്ഷേപപദ്ധതി." ഞങ്ങൾ എല്ലാ ശനിയാഴ്ചയും വൈകുന്നേരം ഇങ്ങനെ ഇവിടെ കൂടും. ആ ആഴ്ചത്തെ കൂലിയിൽനിന്ന് ഒരു തുക ഇവിടെ ഏല്പിക്കയാണ്. ആഴ്ചയിൽ രണ്ടണവീതം ഇടുന്നവനു മാസം 8 അണയായി. 55 രൂപാ ഒരാഴ്ചയിൽ കിടന്നാൽ ഒരണ പലിശ എന്ന കണക്കിനു പലിശയും കിട്ടും. അങ്ങനെ നൂറും നൂററമ്പതും രൂപാവീതം നിക്ഷേപമുള്ളവർ ഞങ്ങളുടെ കൂട്ടത്തിലുണ്ട്. ഇതു തുടങ്ങിയിട്ടോ? കൂടിയാൽ എട്ടു മാസമായിക്കാണും."

"നല്ല ഏർപ്പാടുതന്നെ. പക്ഷേ നിങ്ങൾ അടയ്ക്കുന്ന പണം നിങ്ങൾക്കു തിരിയെ കിട്ടുമെന്നുള്ളതിന് എന്തുറപ്പുണ്ട്?"

"ഉറപ്പ്! ഒരു വലിയ ബാങ്കിനെക്കാൾ ഉറപ്പാണേ ഞങ്ങൾക്കുള്ളതു്. അതാതാഴ്ചയവർ ഇവിടെ പിരിഞ്ഞുകിട്ടുന്ന പണം ഒരു ബാങ്കിൽ അടയ്ക്കുന്നു. ആ ബാങ്ക് 6 ശതമാനം പലിശ ഈ മിച്ചനിക്ഷേപത്തിനുവേണ്ടി അനുവദിച്ചിട്ടുണ്ട്."

"അസംബന്ധം തന്നെ കിട്ടു. യാതൊരുറച്ച ബാങ്കും രണ്ടരശതമാനത്തിൽ കൂടിയ പലിശ കൊടുക്കാറില്ല."

"അതു ശരിയായിരിക്കാം. എന്നാൽ ഞങ്ങളുടെ ഉറപ്പ് ആ ബാങ്കിന്മേലല്ല. ആ ബാങ്കു പൊളിഞ്ഞുപോകുന്നെങ്കിൽ തന്നെയും ഞങ്ങളുടെ പണം ഒരു പൈസാ കുറയാതെ ഇതിന്റെ പ്രവർത്തകന്മാർ ഞങ്ങൾക്കു വീതിച്ചുതരും."

"പ്രവർത്തകന്മാർ! ഇത്തരം ആളുകൾ ഇന്നു ലോകത്തിൽ ജീവിച്ചിരിക്കുന്നു എന്നാണോ നിങ്ങളുടെ വിശ്വാസം? ബാങ്കു പൊളിഞ്ഞാൽ നിങ്ങളുടെ രേഖയെല്ലാം വെറും ജലരേഖ. ഞാനാണു പറഞ്ഞതെന്നോർത്തുകൊള്ളൂ."

"അങ്ങനാണേൽ, പണംകൊണ്ടു കൊറേ കളികളിച്ചതാണോ ഇങ്ങേര്?"

"കളിച്ചതാണോന്നു്! ഞാൻ നീരാപ്പള്ളി ശിവരാമപ്പണിക്കരാ. കേട്ടിട്ടുണ്ടോ?"

വിസ്മയഭരിതനായി, കിട്ടു. തൊഴിലാളികളുടെ ഇടയിൽ വളരെ പ്രസിദ്ധിയുള്ള ഒരു കുടുംബമാണ നീരാപ്പള്ളി. അവിടെ പണിക്കു പോയിട്ടില്ലാത്ത തൊഴിലാളികൾ മുൻകാലത്തു ചുരുക്കമായിരുന്നു. "നീരാപ്പള്ളി ശിവരാമപ്പണിക്കരോ!" കിട്ടുവിന്റെ സ്വഗതം അല്പം ഉച്ചത്തിലായിപ്പോയി. കേട്ടവർ കേട്ടവർ അവരുടെ അടുക്കലേക്ക് അടുത്തു. "നീരാപ്പള്ളിക്കാരു ലക്ഷപ്രഭുക്കളാണെന്നാണല്ലോ ഞാൻ കേട്ടിരിക്കുന്നതു്." അവരിൽ ഒരാൾ തുറന്നുപറഞ്ഞു.

"വളരെ ശരിതന്നെ. 800 ഏക്കർ ചേരിക്കലും മൂന്ന് ആനയും എനിക്കുണ്ടായിരുന്നു."

"എന്നിട്ട് അതെല്ലാം എവിടെ പോയി?"

"അതെല്ലാമങ്ങു പോയെന്നുപറഞ്ഞാൽ കഴിഞ്ഞല്ലോ. ബാങ്കു പൊളിയുന്നതുപോലെ അതും പൊളിഞ്ഞു."

"എന്നാൽ ഞങ്ങളൊരു കാര്യം പറഞ്ഞേക്കാം. ഞങ്ങളുടെ പണത്തെപ്പററി ഞങ്ങൾക്കൊരു ഭയവുമില്ല. ചീട്ടുകളിച്ചും കള്ളുകുടിച്ചും ഞങ്ങൾ കളയുമായിരുന്ന പണമാണ് ഈ പദ്ധതിമൂലം ഞങ്ങൾക്കു നിക്ഷേപമായിത്തീർന്നിരിക്കുന്നതു്. ഇതു് അങ്ങു് നഷ്ടപ്പെടുന്നതായാൽത്തന്നെയും ഞങ്ങൾ കുറച്ചുകൂടി മിതവ്യയം അഭ്യസിച്ചു എന്നും കുറച്ചുകൂടി മനുഷ്യത്വത്തോടുകൂടി ജീവിച്ചു എന്നും ഉള്ള ചാരിതാർത്ഥ്യം ഞങ്ങൾക്കു നഷ്ടപ്പെടുകയില്ല."

"ഉൽകൃഷ്ടമായ മനോഭാവംതന്നെ. നിങ്ങളുടെ പാസ്സ്ബുക്ക് ഒന്നു കാണിക്കുമോ?"

കിട്ടു ഒരു ചെറിയ ബുക്ക് കൊടുത്തു ശിവരാമപ്പണിക്കരുടെ കൈയിലേക്ക്. അയാൾ അതു മറിച്ചും തിരിച്ചും നോക്കി. ഒരു വശത്തു കണ്ടതു് അയാൾ വായിച്ചു:-

അക്കാദിന്റെ ഏഴു നിയമങ്ങൾ

1 പത്തു നാണയം സമ്പാദിക്കുമ്പോൾ ഒമ്പതുമാത്രം ചെലവാക്കുക.

2 നിങ്ങളുടെ ചെലവിനെ ക്ലിപ്തപ്പെടുത്തുക.

3 ആടുമാടുകൾ പെററുപെരുകുന്നതുപോലെ നിങ്ങളുടെ പണവും പലിശകൊണ്ടു പെരുകണം.

4 മുതലിന് ഉറപ്പുള്ളിടത്തേ നിക്ഷേപിക്കാവൂ.

5 നിങ്ങൾക്ക് ഒരു പറമ്പും പുരയും സ്വന്തമായുണ്ടായിരിക്കണം.

6 വാർദ്ധക്യകാലത്തേക്കുവേണ്ടി യൗവനംമുതൽ കരുതുക.

7 നിങ്ങളുടെ കഴിവുകളെ നിങ്ങൾ പരിപോഷിപ്പിക്കുക; നിങ്ങൾ കൂടുതൽ കൂടുതൽ പഠിക്കു

*For all your requirements in-*

HALFTONE – LINE – MULTICOLOUR –

BLOCKS

*and*

CINEMA SLIDES, STEREOS & RUBBER STAMPS

*Please Contact:*

MAR LOUIS MEMORIAL PRESS,

BROADWAY — ERNAKULAM-1

(Phone: 110)

തിരുസഭാചരിത്രം 22

# വലേരിയൻചക്രവർത്തിയുടെ മതപീഡനം

(പ്രഫസർ പി. ററി. തോമസ് എം. എ.)

A, D. 254മുതൽ 260 വരെ സാമ്രാജ്യഭരണം നടത്തിയ വലേരിയൻ ആദ്യം ക്രിസ്ത്യാനികളോടു് സ്നേഹപൂർവ്വമാണു് പെരുമാറിയിരുന്നതു്. എന്നാൽ കുറേനാൾ കഴിഞ്ഞപ്പോൾ തിരുസ്സഭാവിരോധികളായ ഉപദേഷ്ടാക്കൾക്കു് അയാൾ ചെവികൊടുത്തു. ക്രിസ്തീയസഭ സുശക്തവും സമ്പൽസമൃദ്ധവുമായ ഒരു സംഘടനയാണെന്നു് ചക്രവർത്തിയെ അവർ ധരിപ്പിച്ചു. അസൂയയാലും ധനമോഹത്താലും പ്രേരിതനായ വലേരിയൻ A. D. 257-ൽ സഭാപീഡനത്തിനുള്ള വട്ടംകൂട്ടി. മർദ്ദനംകൊണ്ടു് ക്രൈസ്തവരുടെ സാർവ്വത്രികമായ വിശ്വാസനിഷേധം സാധിച്ചു് സഭയ്ക്കു് ഉന്മൂലനാശം വരുത്തുന്നതിനു വേണ്ടിയുള്ള സംരംഭത്തിൽ ഡിഷ്യസിനു നേരിട്ട പരാജയം കാരണത്താൽ വലേരിയൻ മറെറാരു മാർഗ്ഗമാണു് സ്വീകരിച്ചതു്. തിരുസ്സഭയുടെ അടിസ്ഥാനത്തെത്തന്നെ തകർക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. A. D. 257-ൽ വലേരിയൻ ഒരു കല്പന പുറപ്പെടുവിച്ചു. തിരുസ്സഭാധികൃതന്മാരായ മെത്രാന്മാരും വൈദികരും ശമ്മാശന്മാരും അവരുടെ വിശ്വാസം ഉപേക്ഷിച്ചുകൊള്ളണമെന്നും അല്ലാത്തപക്ഷം അവരെയെല്ലാം നാടുകടത്തുമെന്നുമായിരുന്നു കല്പനയുടെ സാരം. വിശ്വാസനിഷേധത്തിന്റെ സൂചനയായി അവർ റോമൻ ദേവന്മാർക്കു് ബലി അർപ്പിക്കണമെന്നും അനുശാസിക്കപ്പെട്ടു. കൂടാതെ രഹസ്യമായോ പരസ്യമായോ സമ്മേളിക്കയോ, ശ്മശാനസ്ഥലങ്ങൾ, ആരാധനസ്ഥലങ്ങൾ ഇവ സന്ദർശിക്കയോ ചെയ്യുന്ന ക്രിസ്ത്യാനികൾ വധയോഗ്യരാണെന്നും പ്രഖ്യാപിക്കപ്പെട്ടു. ക്രൈസ്തവരുടെ മതസംബന്ധമായ എല്ലാ സമ്മേളനങ്ങളും സംഘടനകളും നിയമവിരുദ്ധമാക്കിത്തീർത്തു. ഈ രാജകീയശാസനങ്ങൾ അക്ഷരംപ്രതി പ്രയോഗത്തിൽ വരുത്തി. വൈദികാധികാരികളെ നാടുകടത്തുന്നതുകൊണ്ടുമാത്രം ഫലസിദ്ധിയുണ്ടാകയില്ലെന്നു ബോദ്ധ്യമായതിനാൽ അതിനു പകരം വധശിക്ഷ നിശ്ചയിച്ചുകൊണ്ടുള്ള ഒരു കല്പനയും ചക്രവർത്തി അചിരേണ പുറപ്പെടുവിക്കുകയുണ്ടായി.

രണ്ടാം സിക്സ്റ്റസ് മാർപ്പാപ്പാ (Sixtus II) കാലിസ്റ്റസിന്റെ ഭൂഗർഭാലയത്തിൽ ദിവ്യബലി അർപ്പിച്ചുകൊണ്ടിരുന്നപ്പോൾ രാജകിങ്കരന്മാർ അദ്ദേഹത്തെയും കൂടെയുണ്ടായിരുന്ന ഏഴു ശമ്മാശന്മാരിൽ ആറുപേരെയും ഗളച്ഛേദംചെയ്തു. ഏഴാമത്തെ ശമ്മാശനായ വിശുദ്ധ ലോറൻസ് (St Lawrence) കഠിനമായ പീഡനങ്ങൾ സഹിച്ചശേഷമാണു് മരണമടഞ്ഞതു്. അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തെ സംബന്ധിച്ചു വി. ആംബ്രോസ് (St. Ambrose) നൽകുന്ന വിവരങ്ങൾ താഴെ ചേർക്കുന്നു. പ്രധാന ശമ്മാശൻ എന്ന നിലയ്ക്കു് അദ്ദേഹത്തിന്റെ സൂക്ഷത്തിൽ ഏല്പിക്കപ്പെട്ടിരുന്ന വിലയേറിയ സഭാസ്വത്തുക്കൾ ഹാജരാക്കുവാൻ ന്യായാധിപൻ അദ്ദേഹത്തോടാജ്ഞാപിച്ചു. ഉടൻതന്നെ സഭയുടെ സംരക്ഷണത്തിൽ കഴിഞ്ഞുകൂടിയിരുന്ന ദരിദ്രരും നിസ്സഹായരും ചേർന്ന ഒരു വലിയ ജനസഞ്ചയത്തെ അദ്ദേഹം അവിടേക്കാനയിച്ചു. അവരായിരുന്നു ക്രൈസ്തവസഭയുടെ വിലതീരാത്ത സമ്പാദ്യശേഖരം. സിക്സ്റ്റസ് മാർപ്പാപ്പായെ കൊലക്കളത്തിലേക്കു കൊണ്ടുപോകുന്നതുകണ്ടു് വി. ലോറൻസ് അദ്ദേഹത്തിന്റെ പിന്നാലെ ഓടി. പോകുന്നവഴിക്കു് ശമ്മാശൻ ഇപ്രകാരം നിലവിളിച്ചുപറഞ്ഞു: "പിതാവേ, അങ്ങയുടെ പുത്രനെക്കൂടാതെ അങ്ങു് എവിടേക്കു പോകുന്നു!" മൂന്നുനാളുകൾക്കുശേഷം ശമ്മാശനും തന്നെ പിൻതുടരുന്നതായിരിക്കുമെന്നു് മാർപ്പാപ്പാ അപ്പോൾ പ്രവചിച്ചു. അദ്ദേഹത്തിന്റെ പ്രവചനം പൂർണ്ണമായി നിറവേറി. ശമ്മാശനെ ചുട്ടുപഴുപ്പിച്ച ഒരു ലോഹത്തകിടിൽ കിടത്തി പൊരിച്ചുകൊല്ലുവാനാണു് വിധിയുണ്ടായതു്. ദണ്ഡനങ്ങൾ സഹിക്കുന്നതിനിടയ്ക്കു് ലോറൻസ് വിധിയാളനോടു് ഇപ്രകാരം പറഞ്ഞു: "എന്റെ ഒരു വശം നല്ലവണ്ണം പൊരിഞ്ഞു കഴിഞ്ഞിരിക്കുന്നു. ഇനിയും എന്നെ മറുവശംതിരിച്ചുകിടത്തുക?" അങ്ങനെ ആ വീരസന്താനം തന്റെ അചഞ്ചലമായ വിശ്വാസത്തിനു ആത്മബലികൊണ്ടു് സാക്ഷ്യം വഹിച്ചു.

ഇക്കാലത്തെ മതപീഡനത്തിനു് ഇരയായിത്തീർന്നവരിൽവച്ചു് ഏററം പ്രമുഖനാണു് കാർത്തേജിലെ മെത്രാനായിരുന്ന വി. സിപ്രിയാൻ (St. Cyprian) അദ്ദേഹം ഉൽകൃഷ്ടകുലജാതനും ധനികനും വിദ്യാസമ്പന്നനും ആയിരുന്നു A. D. 245-ൽ പണ്ഡിതനും തീക്ഷ്ണമതിയും ആയ സിസീലിയസ് എന്ന വൈദികന്റെ സഹായത്താൽ സിപ്രിയാൻ ക്രിസ്തുമതം സ്വീകരിച്ചു. അദ്ദേഹം തന്റെ സമ്പത്തു മുഴുവനും ധർമ്മവിഷയങ്ങൾക്കായി വിനിയോഗിക്കുകയും സഭയുടെ സംരക്ഷണത്തിനും പ്രചാരണത്തിനുമായി തന്റെ കഴിവുകൾ പൂർണ്ണമായി അർപ്പിക്കയും ചെയ്തു. A. D. 249-ൽ അൽമേനികളുടെയും വൈദികരുടെയും ഏകകണ്ഠമായ അഭിലാഷമനുസരിച്ചു് അദ്ദേഹം കാർത്തേജിലെ മെത്രാനായി അവരോധിക്കപ്പെട്ടു.

ഡിഷ്യസ് ചക്രവർത്തിയുടെ പീഡനകാലത്തു് വിശ്വാസം ഉപേക്ഷിച്ചവരെ വീണ്ടും തിരുസ്സഭയിലേക്കു സ്വീകരിക്കുന്നതിനെ സംബന്ധിച്ചു് കാർത്തേജിലും റോമയിലും ഒരു ഗൗരവമായ ഭിന്നിപ്പുണ്ടായി. തിരിച്ചുവരുന്നവർ അവരുടെ ജീവിതശേഷം മുഴുവൻ പ്രായശ്ചിത്തം ചെയ്യുമെങ്കിൽ അവരെ സ്വീകരിക്കേണ്ടതാണെന്നായിരുന്നു സിപ്രിയാന്റെ തീരുമാനം. പ്രസ്തുത പ്രശ്നംസംബന്ധിച്ചു് അന്നു റോമാസഭയെ ഭരിച്ചിരുന്ന കോർണേലിയസ് മാർപ്പാപ്പായുടെ അഭിപ്രായത്തോടു് ഏററം അനുയോജ്യവുമായിരുന്നു ഈ തീരുമാനം. എന്നാൽ കാർത്തേജിലെ നൊവാററസ് എന്ന ദേഹവും റോമയിലെ നൊവേഷ്യൻ (Novatian) എന്ന വൈദികനും ഈ തീരുമാനത്തെ എതിർക്കുകയും, ഒരിക്കൽ വിശ്വാസം ഉപേക്ഷിച്ചുപോയവരെ പിന്നീടൊരിക്കലും തിരുസ്സഭയിൽ പ്രവേശിപ്പിച്ചുകൂടെന്നു വാദിക്കുകയുംചെയ്തു. A. D. 250-ൽ വി. ഫേബിയൻ മാർപ്പാപ്പായുടെ മരണംമൂലം ഒഴിവുവന്ന മാർപ്പാപ്പാസ്ഥാനത്തിൽ കണ്ണുവച്ചുകൊണ്ടിരുന്ന നൊവേഷ്യനു്, തൽസ്ഥാനത്തേക്കു് കോർണീലിയസ് തിരഞ്ഞെടുക്കപ്പെട്ടതു് വലിയ അസുഖത്തിനിടയാക്കി. മേൽപ്രസ്താവിച്ച അഭിപ്രായഭിന്നത മൂർദ്ധന്യത്തിലെത്തിയപ്പോൾ നൊവേഷ്യനെ അദ്ദേഹത്തിന്റെ അനുയായികൾ ചേർന്നു് മാർപ്പാപ്പായായി തിരഞ്ഞെടുത്തു. ഈ നടപടി സഭാനിയമങ്ങൾക്കു വിരുദ്ധവും അതിനാൽ അസാധുവുമാണെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇത്തരം ക്രമവിരുദ്ധമായ നടപടികളെ പലപ്പോഴും തിരുസ്സഭയ്ക്കു നേരിടേണ്ടിവരുന്നതായി നമുക്കു കാണാം. നൊവേഷ്യന്റെ തിരഞ്ഞെടുപ്പിനു് ഒരു പ്രാധാന്യമുണ്ടു്. അയാളാണു് ചരിത്രത്തിലെ പ്രഥമ അന്തിപ്പാപ്പാ (Antipope). ഈ ഘട്ടത്തിലാണു് വി. സിപ്രിയാൻ "കത്തോലിക്കാ തിരുസ്സഭയുടെ ഐക്യം "എന്നപേരിൽഅതിവിശിഷ്ടമായ ഒരു പ്രബന്ധം പ്രസിദ്ധംചെയ്തതു്. ഐക്യത സത്യസഭയുടെ ഒരു അവിഭാജ്യലക്ഷണമാണെന്നും, തിരുസ്സഭയുടെ ഏററം വലിയ ശത്രു മതപീഡനങ്ങളല്ല പ്രത്യുത ഐക്യതയെ നശിപ്പിക്കുന്ന ശീശ്മകളാണെന്നും ഈ ഗ്രന്ഥത്തിൽ വി. സിപ്രിയാൻ സ്ഥാപിച്ചു "തിരുസ്സഭയ്ക്കു പുറമേ രക്ഷയില്ല. തിരുസ്സഭയെ മാതാവായി സ്വീകരിക്കാത്തവനു് ദൈവത്തെ പിതാവായി അവകാശപ്പെടുവാൻ സാദ്ധ്യമല്ല" എന്നു് ഈ പ്രബന്ധത്തിൽ ഒരിടത്തു് സിപ്രിയാൻ പ്രസ്താവിക്കുന്നു. അറുപതു മെത്രാന്മാർ കോർണീലിയസ് മാർപ്പാപ്പായുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു് നൊവേഷ്യന്റെ തെററായ സിദ്ധാന്തങ്ങളെ ശപിക്കയുണ്ടായി.

സിപ്രിയാൻ തെർത്തുല്യന്റെ ഒരാരാധകനായിരുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽനിന്നു് ഏതെങ്കിലും ഒരു ഭാഗം പാരായണം ചെയ്യാതെ ഒരു ദിവസമെങ്കിലും സിപ്രിയാൻ കഴിച്ചിരുന്നില്ല. "എന്റെ ഗുരുവിനെ ഇങ്ങോട്ടു തരു" എന്നാണു് തെർത്തുല്യന്റെ ഗ്രന്ഥങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടു് അദ്ദേഹം തന്റെ ഭൃത്യനോടു് ആജ്ഞാപിക്കാറുണ്ടായിരുന്നതു്.

തെർത്തുല്യനെപ്പോലെതന്നെ സിപ്രിയാനും സ്വാഭിപ്രായങ്ങളുടെ അന്യൂനതയിൽ അതിരുകടന്ന വിശ്വാസവും ദാർഢ്യതയും പ്രകടിപ്പിച്ചിരുന്നു. ശീശ്മകളിൽനിന്നും പിന്തിരിഞ്ഞു് തിരുസ്സഭയിലേക്കു് വരുന്നവരെ വീണ്ടും ജ്ഞാനസ്നാനപ്പെടുത്തണമോ എന്നുള്ള പ്രശ്നം സംബന്ധിച്ചു് സ്റ്റീഫൻ മാർപ്പാപ്പായും സിപ്രിയാനും തമ്മിലുണ്ടായ തർക്കത്തിൽ ഈ സ്വഭാവവിശേഷം തെളിഞ്ഞു കാണാം. ജ്ഞാനസ്നാനം ആവർത്തിക്കണമെന്നായിരുന്നു സിപ്രിയാന്റെ അഭിപ്രായം. മാർപ്പാപ്പാ അതിനോടനുകൂലിച്ചില്ല. ഒരു മെത്രാനെന്നുള്ള നിലയ്ക്കു് ഈ പ്രശ്നത്തെ സംബന്ധിച്ചു് സ്വതന്ത്രമായ ഒരു തീരുമാനം ചെയ്യുന്നതിനുള്ള അവകാശത്തിന്മേൽ സിപ്രിയാൻ നിലയുറപ്പിച്ചു. സഭയിൽ നിലനിന്നുപോന്നിട്ടുള്ള പാരമ്പര്യമനുസരിച്ചു് ജ്ഞാനസ്നാനം ആവർത്തിക്കേണ്ടതില്ലെന്നായിരുന്നു മാർപ്പാപ്പായുടെ അഭിപ്രായം. അതിരുകടന്ന സ്വാഭിപ്രായദാർഢ്യത്തോടുകൂടി A. D. 256-ൽ സിപ്രിയാൻ ആഫ്രിക്കയിലെ മെത്രാന്മാരുടെ ഒരു സൂനഹദോസ് വിളിച്ചുകൂട്ടുകയും അവർ അദ്ദേഹം സ്വീകരിച്ച നിലയെ അംഗീകരിക്കയുംചെയ്തു. കപ്പദോച്യയിൽ പെട്ട സിസ്സേറിയായിലെ മെത്രാനായിരുന്ന ഫേർമിലിയനും (Firmilian) ഏഷ്യാമൈനറിലെ സഭയുടെ ഒന്നടങ്കമുള്ള ആനുകൂല്യം സിപ്രിയാനു് വാഗ്ദാനംചെയ്തു. അങ്ങനെ ആഫ്രിക്കാ, ഏഷ്യാമൈനർ എന്നിവിടങ്ങളിലെ സഭയും റോമൻ സഭയും തമ്മിലുള്ള ബന്ധം കുറേക്കാലത്തേക്കു് ഒരു സ്തംഭനാവസ്ഥയിൽ എത്തിച്ചേർന്നു. ഈ ഘട്ടത്തിൽ വലേരിയന്റെ ക്രൂരഹസ്തങ്ങൾ ഇരുകക്ഷികളുടെമേലും ഉഗ്രമായി പതിച്ചു. വി. സ്റ്റീഫൻ മാർപ്പാപ്പാ A. D. 257 ലും വി. സിപ്രിയാൻ A. D. 258-ലും രക്തസാക്ഷികളായി. മരിച്ചു.

വി. സ്റ്റീഫന്റെ പിൻഗാമിയായി സ്ഥാനാരോഹണം ചെയ്ത രണ്ടാം സിസ്റ്റസ് മാർപ്പാപ്പാ (Xystus II) യുടെ കാലത്തു് സഭയിലെ ഛിദ്രങ്ങൾ ശമിച്ചു. എന്നാൽ A. D. 314-ൽ കൂടിയ അർലീസ് (Arles) സൂനഹദോസിലെ തീരുമാനത്തിനുശേഷമാണു് ആഫ്രിക്കൻസഭ ജ്ഞാനസ്നാനത്തെ സംബന്ധിച്ചുള്ള അതിന്റെ പഴയ നടപടി ഉപേക്ഷിക്കയുണ്ടായതു്.

മേൽ വിവരിച്ചിട്ടുള്ള സാഹചര്യങ്ങളിൽനിന്നും വി. സിപ്രിയാൻ മാർപ്പാപ്പായുടെ പരമാധികാരത്തെ നിഷേധിച്ചിരുന്നുവെന്നു് അനുമാനിക്കുന്നതു തെററാ

---

ക; നിങ്ങൾ കൂടുതൽ കൂടുതൽ പ്രാപ്തരായിത്തീരുക.

ചിന്താമഗ്നനായിട്ടാണു് ശിവരാമപ്പണിക്കർ അവിടെനിന്നും പോയതു്.

"ഞാൻ ഇന്നൊരു പുതിയ പദ്ധതി കണ്ടു, തൊമ്മിക്കുഞ്ഞിന്റെ വീട്ടിൽ—മിച്ചനിക്ഷേപം. രണ്ടും മൂന്നും അണവീതം ഓരോരുത്തരും ആഴ്ചതോറും മിച്ചംവച്ചു് വലിയ കുബേരന്മാരാകുവാനുള്ള പദ്ധതി." അയാൾ സരസ്വതിയമ്മയോടു പറഞ്ഞു. ആനന്ദചിത്തയായി അവർ. "അതു വളരെ നല്ല ഒരു കാര്യം. നിങ്ങളും അതിലൊന്നു ചേരുക. റബ്ബർവെട്ടു കൂലിയിൽ ഒരു പങ്കു സൂക്ഷിച്ചാൽ മതിയല്ലോ." അവൾ ഉപദേശിച്ചു.

"ഹെയ്! അങ്ങനെ പോയാൽ എത്ര നാളുകൊണ്ടാണു നാം ഒരു നിലയിലെത്തുക! നേരെമറിച്ചു് കമ്മ്യൂണിസത്തിലങ്ങു ചേർന്നേച്ചാൽ പത്തുപതിനഞ്ചു സെന്റ് സ്ഥലം ഉടനെ കിട്ടും. നമുക്കു ബുദ്ധിമുട്ടൊന്നുമില്ലുതാനും."

"വഞ്ചനാപരമായ അവരുടെ വാഗ്ദാനങ്ങളിൽ ഭ്രമിച്ചതുകൊണ്ടു കാര്യമായില്ല. നമ്മൾ ഒരു കാലത്തു് 300 ഏക്കർ ചേരിക്കലിന്റെ ഉടമസ്ഥരായിരുന്നു. അതു കളഞ്ഞ നമ്മൾ 15 സെന്റ് ഭൂമികൊണ്ടു് എന്തുചെയ്യും? നമുക്കു രണ്ടു വലിയ കുറവുകളാണുണ്ടായിരുന്നതെന്നു് ഇനിയെങ്കിലും ഒന്നു പഠിക്കുമോ?"

"ഏതെല്ലാമാണു് ആ കുറവുകൾ? ഒന്നു പറയുക."

"അലസമായ ജീവിതം, ആഡംബരപ്രിയം—ഇതു രണ്ടും നമ്മെ നശിപ്പിച്ചു എന്നാണെന്റെ അഭിപ്രായം."

"ശരിയായിരിക്കാം. അതിനു നാം ഇനി എന്തുചെയ്യും?"

"ജോലി ചെയ്യുക, കിട്ടുന്നതിൽ ഒരു പങ്കു മിച്ചംവയ്ക്കുക. ഇതു രണ്ടാണു് അതിനുള്ള പ്രതിവിധികൾ. ഇപ്പോൾ നാം ജോലി ചെയ്തു ജീവിക്കുവാൻ പഠിച്ചു. ഇനി കുറേശ്ശേ മിച്ചംവയ്ക്കുവാനും പഠിക്കണം. സ്വന്തം നെറ്റിയിലെ വിയർപ്പുകൊണ്ടു മാത്രമേ നമുക്കുയരുവാൻ കഴിയൂ."

"നീ ഇങ്ങനെ അബദ്ധങ്ങളെഴുന്നള്ളിക്കാതിരിക്കൂ. റഷ്യൻപറുദീസാ ഇങ്ങോട്ടിരച്ചുകയറി വരികയാണു്. അതു വന്നാൽ പിന്നെ നമ്മളാരും ഒരു ജോലിയും ചെയ്യേണ്ടിവരികയില്ല. അപ്പോൾ സുഖംതന്നെ സുഖം."

"കമ്മ്യൂണിസത്തെക്കുറിച്ചു് ഇത്രമാത്രം അജ്ഞത നിങ്ങൾ ഇക്കാലത്തു പ്രകടിപ്പിക്കുന്നതിൽ എനിക്കത്ഭുതം തോന്നുന്നു. ജോലി ചെയ്യുന്നവരാണു് എല്ലാക്കാലത്തും ഒരു രാജ്യത്തിനു് ഐശ്വര്യവും അഭിവൃദ്ധിയും ഉണ്ടാക്കിയിട്ടുള്ളതു്. റഷ്യ സമൃദ്ധിയുള്ള ഒരു രാജ്യമായിത്തീർന്നിട്ടുണ്ടെങ്കിൽ അവിടെ അനേകലക്ഷം ജനങ്ങൾ അടിമവേല ചെയ്യുന്നു എന്ന കാര്യവും മറച്ചുവയ്ക്കേണ്ടതല്ല. പുരാതനറോമാക്കാർ അവരുടെ അടിമകളുടെ സംഖ്യ കണക്കാക്കിയായിരുന്നു സമ്പൽനിർണ്ണയം ചെയ്തിരുന്നതു്. 19 കോടി അടിമകളുള്ള ഒരു രാജ്യമാണു റഷ്യ എന്നവർക്കു് അഭിമാനിക്കാം. ആ പാവപ്പെട്ട ആളുകൾക്കുള്ളതല്ല അവിടത്തെ പറുദീസാ. ഉദ്യോഗസ്ഥന്മാരും പട്ടാളക്കാരും മാത്രം അവിടെ ഒരു തരം സ്വർഗ്ഗീയസുഖം അനുഭവിക്കുന്നു എന്നു പറഞ്ഞാൽ അതാണു സത്യം. ഒരു കൂട്ടിലടച്ചുകൊണ്ടു് ഭക്ഷണപാനീയങ്ങൾ നൽകുന്ന ഒരു രാജ്യത്തെക്കാൾ പട്ടിണിയുണ്ടെങ്കിലും സ്വാതന്ത്ര്യമനുഭവിക്കുന്ന ഒരു രാജ്യമാണു മനുഷ്യത്വത്തിനു കൂടുതൽ അഭികാമ്യം."

"ഓ, നിന്റെ ഒരു പ്രസംഗം! മിസ്സസ് തൊമ്മിക്കുഞ്ഞുമായുള്ള കൂട്ടുകെട്ടുകൊണ്ടു് നീ ഇത്രയും പറയാൻ പഠിച്ചു. ഒരു കാര്യം പറഞ്ഞേക്കാം: കമ്മ്യൂണിസത്തിനെതിരായി നീ ഒരൊറ്റവാക്കു് ആരോടും മിണ്ടിയേക്കരുതു്. റഷ്യ ഒരു പറുദീസാ ആണെന്നേ പറയാവൂ. അതിങ്ങു വന്നുകൊള്ളട്ടെ. മറ്റൊന്നുമില്ലെങ്കിലും വസ്തുവും വകയുമുള്ളവനൊക്കെ നമ്മളെപ്പോലെ ഒന്നു തുലയുന്നതു കാണാമല്ലോ."

"അതുകൊണ്ടു നമുക്കുള്ള ഗുണം?"

"ഗുണമോ! മററുള്ളവർ നശിക്കുന്നതു കാണുന്നതുതന്നെ ഒരു സുഖമല്ലേ."

"അതു വെറും പൈശാചികം; മനുഷ്യത്വത്തിനു ചേർന്നതല്ല."

"നിന്റെ വേദാന്തം കൊണ്ടു പോയി തോട്ടിലെറിയുക."

"ഏതായാലും അന്യരുടെ നാശത്തിലല്ല നമ്മുടെ ഉയർച്ച; നമ്മുടെ നെറ്റിയിലെ വിയർപ്പുകൊണ്ടു നാം ഉയരണം എന്നു ഞാൻ വീണ്ടും പറയുന്നു."

"ഇതാ ചെവിപൊത്തി ഞാൻ നിന്നുകൊള്ളുന്നു. നിന്റെ ഇഷ്ടംപോലെ നീ പറയൂ."

—o—

For favours received




Excuse for delay.

George S. Mannanal
Mattakara

യിരിക്കും. പത്രോസിന്റെ സിംഹാസനമെന്നും, പ്രമുഖസഭയെന്നും, പൗരോഹിത്യമായ ഐക്യത്തിന്റെ ജന്മസ്ഥലമെന്നും മററും വി. സിപ്രിയാൻ റോമാസഭയെപ്പററി ഉൽഘോഷിച്ചിട്ടുണ്ടെന്നുള്ളതും പ്രത്യേകം സ്മരണീയമാണ്. മേൽവിവരിച്ചിട്ടുള്ള തക്കത്തിൽ സിപ്രിയാൻ സ്വീകരിച്ച നില തെററും സഭാപാരമ്പര്യത്തിന് വിരുദ്ധവുമായിരുന്നു എന്നുള്ളതിനു സംശയമില്ല. വി. അഗസ്റ്റീനോസ് ഇങ്ങനെ പറയുന്നു: "സിപ്രിയാൻ രക്തസാക്ഷിമകുടത്തിനു് സർവ്വഥാ അർഹനായിരുന്നു. അദ്ദേഹത്തിന്റെ മനസ്സിന്റെ ശോഭയ്ക്കു കളങ്കംചേർത്തിരുന്ന മേഘപടലങ്ങളെ, അദ്ദേഹത്തിന്റെ തിളങ്ങുന്ന രക്തം തുത്തുമാച്ചുകളഞ്ഞിട്ടുണ്ട്." മാർപ്പാപ്പായുമായി ഗൗരവതരമായ അഭിപ്രായഭിന്നതയ്ക്കു് ഇടയായെങ്കിലും ഇന്നും വി. സിപ്രിയാന്റെ നാമം വിശുദ്ധ കുർബാനയിൽ അനുസ്മരിക്കപ്പെടുന്നുണ്ടെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണ്.

പീഡകന്മാരാൽ ബന്ധനസ്ഥനാക്കപ്പെട്ട സിപ്രിയാനോട് പ്രോക്കോൺസൽ ചോദിച്ചു "നിങ്ങൾ ആരാണു്?" എന്നു്. "ഞാൻ ഒരു ക്രിസ്ത്യാനിയും മെത്രാനുമാകുന്നു" എന്നായിരുന്നു മറുപടി. മരണവിധി പ്രസ്താവിക്കപ്പെട്ടുകഴിഞ്ഞപ്പോൾ വിശുദ്ധൻ ദൈവത്തിനു് കൃതജ്ഞത പ്രകാശിപ്പിച്ചു. വധരംഗത്തുവച്ചു് അദ്ദേഹം സ്വയം കണ്ണുകൾ മൂടിക്കെട്ടുകയും കൊലയാളിക്കു് ഇരുപത്തഞ്ചു സ്വർണ്ണനാണയങ്ങൾ കൊടുക്കുവാൻ ഏർപ്പാടുചെയ്യുകയും ചെയ്തു. ഭക്തരായ ക്രിസ്ത്യാനികൾ ആ പുണ്യവാന്റെ അനർഘങ്ങളായ രക്തബിന്ദുക്കൾ ശേഖരിക്കുവാൻവേണ്ടിഅദ്ദേഹത്തിന്റെ പാദങ്ങൾക്കു താഴെ വസ്ത്രങ്ങൾ വിരിച്ചു. വധശേഷം കൃതജ്ഞതാസ്തോത്രങ്ങൾ ആലപിച്ചുകൊണ്ടു് കൊളുത്തിയ ദീപങ്ങളോടുകൂടി അദ്ദേഹത്തിന്റെ മൃതശരീരത്തെ ആ ഭക്തജനസഞ്ചയം ഘോഷയാത്രയായി അവിടെനിന്നും കൊണ്ടുപോയി.

A. D. 260-ൽ വലേരിയനെ പേർഷ്യാക്കാർ യുദ്ധത്തിൽ തോല്പിച്ചു് അടിമയാക്കിയതോടുകൂടി എട്ടാമത്തെ മതപീഡനവും അവസാനിച്ചു. തിരുസ്സഭയിലെ വൈദികാധികാരികൾ, ക്രിസ്ത്യാനികളായ പ്രഭുക്കൾ, സെനററംഗങ്ങൾ, സൈനികോദ്യോഗസ്ഥന്മാർ തുടങ്ങിയ സമുദായനേതാക്കന്മാരുടെ ഉന്മൂലനാശത്തെ ലക്ഷ്യീകരിച്ചു് സംവിധാനം ചെയ്യപ്പെട്ട പീഡനപരിപാടികൾ ഒടുവിൽ പരാജയമടയുകയാണുണ്ടായതു്.

## സഭാവസ്ത്രദാനം

എടക്കുന്നി നസ്രത്തു സ്ഥാപനത്തിലെ "സിസ്റ്റേഴ്സ് ഓഫ് നസറത്തു"മഠത്തിൽ വി. യൗസേപ്പിന്റെ മരണത്തിരുനാളായ മാർച്ച് 19-ാംനു- 6 അർത്ഥിനികളുടെ സഭാവസ്ത്രസ്വീകരണം നടന്നിരിക്കുന്നു. എറണാകുളം അതിരൂപതാവികാരിജനറാൾ റൈററു റവ. മോൺ. മാത്യു പോത്തനാമുഴി അവർകളാണു് അനേകം വൈദികരുടേയും കന്യാസ്ത്രീകളുടേയും ഒരു വലിയ ജനക്കൂട്ടത്തിന്റേയും സാന്നിദ്ധ്യത്തിൽ മഠംവക കപ്പേളയിൽവച്ചു സഭാവസ്ത്രദാനകർമ്മം നിർവ്വഹിച്ചതു്. റവ. ഫാദർ ജോസഫ് വിതയത്തിലാണു് പ്രസംഗം നടത്തിയതു്.

### സഭാവസ്ത്രം സ്വീകരിച്ചവർ

സിസ്റ്റർ ഫെലിക്സ്:
ത്രേസ്യാമ്മ പുതുശ്ശേരി-എടാട്ട്

സിസ്റ്റർ ആക്വീലിയ:
തെയ്യാമ്മ കരിത്തുങ്കൽ-കണ്ടനാട്ട്

സിസ്റ്റർ എലിസബത്തു്:
ലില്ലി പയ്യപ്പിള്ളി-ആലുവാ

സിസ്റ്റർ മാർട്ടിൻ:
മേരി തച്ചിൽ-കുത്യതോട്ട്

സിസ്റ്റർ ആസ്റ്റിൻ:
മേരി തേവർപാടം-ബെസ്ലഹം

സിസ്റ്റർ മറിയററാ:
ചെച്ചിക്കുട്ടി അമ്പൂക്കൻ-പൊയ്യ

# തിരുക്കൊച്ചിവാർത്തകൾ

### വകുപ്പുവിഭജനം

രാജപ്രമുഖൻ തിരുമനസ്സിലെ ക്ഷണമനുസരിച്ചു് പി. എസ്. പി. ലീഡർ ശ്രീ പട്ടംതാണുപിള്ള മാർച്ച് 16-ാംനു- കവടിയാർ കൊട്ടാരത്തിൽ രാജപ്രമുഖൻ തിരുമേനിയുടെ മുമ്പിൽ സത്യപ്രതിജ്ഞനടത്തി ചീഫ്മിനിസ്റ്റർ പദം ഏറെറടുത്തിരിക്കുന്നു. മെ. പി. എസ്. നടരാജപിള്ള, എ. അച്ചുതൻ, പി. കെ. കുഞ്ഞു് എന്നിവരാണു് മററു മന്ത്രിമാർ. മുഖ്യമന്ത്രി ഏറെറടുത്തിരിക്കുന്ന വകുപ്പുകൾ ജനറൽ അഡ്മിനിസ്ട്രേഷൻ, ഇൻറഗ്രേഷൻ, പ്ലാനിംഗ്. ലോ ആൻറ് ഓർഡർ, സിവിൽ ആൻറ് ക്രിമിനൽ ജസ്റ്റിസ്. ഇൻഫർമേഷൻ ആൻറ് പബ്ളിസിററി, എഡ്യൂക്കേഷൻ, ഫുഡ് ആൻറ് സിവിൽ സപ്ലൈസ്. ലെജിസ്ലേച്ചർ, ലെജിസ്ലേററീവ് അസംബ്ളി, പൊതു ആരാധനാസ്ഥലങ്ങൾ, ശ്മശാനം, ദേവസ്വം മുതലായവയാണ്.

ഫിനാൻസ് മന്ത്രി മി. പി. എസ്. നടരാജപിള്ളയുടെ വകുപ്പുകൾ ലാൻറു് റവന്യൂ, കൃഷി, ആനിമൽഹസ്ബൻട്രി, വെററനറി, ഫിഷറി, വ്യവസായം, വാണിജ്യം, ഖനനം, വനം, എക്സൈസ്, റിസെററിൽമെൻറു് എന്നിവയും;

പൊതുമരാമത്തുമന്ത്രി മി. എ അച്ചുതന്റേതു് പൊതു രാമത്തു്. സ്റ്റേററ് ട്രാൻസ്പോർട്ട്, പ്രൈവററ് ട്രാൻസ്പോർട്ട്, ട്രാൻസ്പോർട്ട് അതോറിററി, മോട്ടോർ വെഹിക്കിൾസ്, വെഹിക്കിൾസ് ടാക്സ്, ഫാക്ടറി കാട്രിഡ്ജ് ആക്ട്, ഹാക്കനി കാരേജ് ആക്ട്, ഇലക്ട്രിസിററി, കമ്യൂണിക്കേഷൻസ്, പോർട്ട്, റെയിൽവെ എന്നിവയും;

തദ്ദേശഭരണവകുപ്പുമന്ത്രി മി. പി. കെ. കുഞ്ഞിന്റേതു് ലോക്കൽ സെൽഫ് ഗവമ്മെൻറു്, മെഡിക്കൽ, പബ്ളിക്കു് ഹെൽത്തു്, മുനിസിപ്പാലിററി, ഗ്രാമോദ്ധാരണം, പഞ്ചായത്തു്, ഹരിജനോദ്ധാരണം, രജിസ്ട്രേഷൻ. ലേബർ, പരസ്പരസഹായം, ഭവനനിർമ്മാണം, ശ്രീചിത്തിരാഹോം, വഞ്ചിപൂവർഫണ്ടു്, ബൈഗർ റിലീഫ് എന്നിവയുമാണു്.

മുഖ്യമന്ത്രി ക്ലിഫ്ഹൗസിലും, ഫിനാൻസുമന്ത്രി മനോമോഹനം പാലസിലും, പൊതുമരാമത്തുമന്ത്രി ഫൈലണ്ടു് ബംഗ്ലാവിലും, തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി കൺടോൺമെൻറു് ഹൗസിലും താമസിക്കുന്നതാണു്. ക്ലിഫ്ഹൗസ് മേലിൽ "ചീഫ്മിനിസ്റ്റേഴ്സ് റസിഡൻസ്" എന്നറിയപ്പെടും.

### സ്പീക്കർ തിരഞ്ഞെടുപ്പ്

നിയമസഭാ സ്പീക്കർ സ്ഥാനത്തേക്കു് മത്സരിക്കുന്നതിനു് മെ വി. ഗംഗാധരനും (പി. എസ്. പി.) കെ. സി. ജോർജ്ജും (ഐ. മു.) നോമിനേഷൻ സമർപ്പിച്ചിരുന്നു. തിങ്കളാഴ്ച നിയമസഭക്കൂടി സഭാംഗങ്ങളുടെ സത്യപ്രതിജ്ഞ കഴിഞ്ഞ ഉടൻ പോളിംഗ് നടന്നു. ശ്രീ ഗംഗാധരൻ തിരഞ്ഞെടുക്കപ്പെട്ടു.

### കോൺഗ്രസ് പാർട്ടി യോഗം

കോൺഗ്രസ് പാർലമെൻററി പാർട്ടിയുടെ ഒരു യോഗം മാർച്ച് 19-ാംനു- എറണാകുളത്തുവച്ചു കൂടി താഴെപറയുന്ന ഭാരവാഹികളെ തിരഞ്ഞെടുത്തിരിക്കുന്നു: ഡെപ്യൂട്ടി ലീഡർ—മി. കെ. എം. കോര. സെക്രട്ടറി—മി. ഭാസ്കരൻനായർ. ട്രഷറർ—മി. ഒ. ആർ. ചുമ്മാർ. വിപ്പുകൾ—മെ. കെ. എം. ചാണ്ടി കെ. കരുണാകരൻ. കമ്മിററിയംഗങ്ങൾ—മെ. എ. ജെ. ജോൺ. ടി. എം വറുഗീസ്, കെ. കൊച്ചുകുട്ടൻ, ഡോ. എ. ആർ. മേനോൻ, എ. എ. റഹീം, ടി. പി. സീതാരാമൻ, ഡോ. പി. ടി. തോമസ്, പി. എസ്. വാസുദേവൻപിള്ള. കെ. ഐ. വേലായുധൻ. നിയമസഭാസ്പീക്കർ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്പാർട്ടി സ്ഥാനാർത്ഥിയെ നിർത്തേണ്ടതില്ലെന്നും സമ്മേളനം തീരുമാനിക്കുകയുണ്ടായി.

### വിധിനടത്തുനിരോധന ബിൽ

വസ്തുഒഴിപ്പിക്കൽ സംബന്ധിച്ച സിവിൽകോടതി വിധികളുടെ നടത്തിപ്പു നിറുത്തിവയ്ക്കാനുള്ള ഉത്തരവിന്റെ കാലാവധി ഒരു കൊല്ലത്തേക്കുകൂടി ദീർഘിപ്പിക്കുന്നതിനുള്ള ഒരു ബിൽ തിരുക്കൊച്ചി ഗവമ്മെൻറു് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. തങ്ങൾ അംഗീകരിക്കേണ്ട ഭൂനയത്തെക്കുറിച്ചു് ഒരവസാനതീർപ്പിലെത്തുവാൻ കുറെ സമയംകൂടി വേണ്ടിവരുമെന്നതാണു് പുതിയ ബില്ലിനു് കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നതു്.

## ഇടവകവാർത്തകൾ

തലശ്ശേരി— പുതിയ തലശ്ശേരിരൂപതയുടെ ഔദ്യോഗികമായ ഉൽഘാടനവും അഡ്മിനിസ്ട്രേററർഅപ്പസ്തോലിക്കാ റൈററു് റവ. മോൺ. സെബാസ്റ്റിൻ വള്ളോപ്പിള്ളി തിരുമനസ്സിലെ സ്ഥാനാരോഹണവും 19-ാംനു- വൈകിട്ടു അത്യാഡംബരപൂർവ്വം നിർവ്വഹിക്കപ്പെട്ടു. ബൂള പരസ്യപ്പെടുത്തുന്നതിനു അധികാരപ്പെടുത്തപ്പെട്ട എറണാകുളം മെത്രാപ്പോലീത്താ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനി അവിടുത്തെ പ്രതിനിധിയായി സഹായമെത്രാൻ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയെ ചുമതലപ്പെടുത്തുന്ന നിയമനപത്രം റവ. ഫാദർ ആൻറണി പാറാക്കൽ വായിച്ചു. തുടന്നു ഡോക്ടർ പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു ബൂള വായിച്ചു പരസ്യം ചെയ്തു. തൃശൂർമെത്രാൻ റൈററു് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു തിരുമേനി അതിന്റെ മലയാള പരിഭാഷ വായിച്ചു. കോഴിക്കോട്ടുമെത്രാൻ റൈററു് റവ. ഡോക്ടർ പത്രോണി തിരുമനസ്സുകൊണ്ടു 22 ഇടവകകളും അതോടനുബന്ധിച്ചുള്ള മിഷൻസ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ മുതലായവയും ഭരണസൗകര്യാർത്ഥം അഡ്മിനിസ്ട്രേററർ അപ്പസ്തോലിക്കാ തിരുമേനിയെ ഭരമേല്പിച്ചിരിക്കുന്നതായി രൂപതാ വികാരിജനറാൾ മോൺ. ജോസഫ് എടമരംപ്രഖ്യാപിച്ചു. മോൺ വള്ളോപ്പിള്ളി തിരുമേനി രൂപതാഭരണം സന്ദർഭോചിതമായ ഒരു പ്രസംഗത്തോടുകൂടി ഏറെറടുത്തു.

അഡ്മിനിസ്ട്രേററർ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ ദിവ്യകാരുണ്യവാഴ്വു് നടത്തപ്പെട്ടു. തുടന്നു അനുമോദനപൊതുയോഗംചേർന്നു. കോഴിക്കോടു രൂപതാദ്ധ്യക്ഷനും തലശ്ശേരി രൂപതാദ്ധ്യക്ഷനും ഓരോ മംഗളപത്രം രൂപതവകയായി സമർപ്പിക്കപ്പെട്ടു. കോഴിക്കോട്ടുമെത്രാനച്ചൻ തിരുമേനിക്കു കുരിശും മാലയും മോതിരവും കാപ്പായും സമർപ്പിച്ചു. അഡ്മിനിസ്ട്രേർ തിരുമേനിക്കു ഒരു പണക്കിഴിയും സമ്മാനിക്കപ്പെട്ടു. യോഗത്തെ തുടന്നു നിരവധി പ്രശസ്താതിഥികൾ ഉൾപ്പെട്ട ഒരു വമ്പിച്ച ഗാർഡൻപാർട്ടിയുമുണ്ടായിരുന്നു.

പൂഞ്ഞാർ:— ചെറുപുഷ്പമിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ഈ ഇടവകയിൽ ഒരു ഏകാന്തധ്യാനം വലിയ ബുധനാഴ്ച ആരംഭിച്ചു് ഉയിർപ്പുഞായറാഴ്ച അവസാനിക്കത്തക്കവിധം നടത്തുന്നതിനു് നിശ്ചയിച്ചിരിക്കുന്നു. ധ്യാനഗുരു വെ. റവ. ഫാ. ജേക്കബ്ബ് വെള്ളരിങ്ങാട്ടു് അവർകളാണു്.

പുത്തൻപീടിക:—ഈ പള്ളിയിൽ 40 മണി ആരാധന ഈ മാസം 30, 31 ഏപ്രിൽ 1 എന്നീ തീയതികളിൽ നടത്തപ്പെടുന്നതാണു്: റൈററു് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു് തിരുമനസ്സുകൊണ്ടു് സമാപനകർമ്മങ്ങൾ നടത്തുന്നതായിരിക്കും. പ്രാരംഭമായുള്ള ധ്യാനം മാർച്ച് 26,27,28 എന്നീതീയതികളിൽ നടത്തപ്പെടുന്നതാണു് ധ്യാനഗുരു റവ. ഫാദർ ജെനസിയൂസ് ടി ഒ. സി. ഡി. ആയിരിക്കും.

അറക്കുളം:—സ്ഥലം സെൻറു് തോമസ്പള്ളിയിൽവർഷംതോറും നടത്തിവരാറുള്ള വാർഷികധ്യാനവും 13മണി ആരാധനയും ഇക്കൊല്ലം മാർച്ച് 9, 10, 11, 12, 13 എന്നീ തീയതികളിൽ നടത്തപ്പെട്ടിരിക്കുന്നു. ധ്യാനഗുരു വെ. റവ. മോൺ. തോമസ് വടശ്ശേരി അവർകൾ ആയിരുന്നു. "പുനരൈക്യ"പ്രവർത്തനങ്ങളെപ്പററി ഒരു പ്രസംഗത്തിൽ അദ്ദേഹം വിശദീകരിക്കുകയും പ്രാർത്ഥനയും ധനസഹായവും അഭ്യർത്ഥിക്കയുമുണ്ടായി. ഇടവകയിൽനിന്നും ധനസഹായമായും പ്രസിദ്ധീകരണങ്ങൾ വിററും 125 രൂപയോളം "പുനരൈക്യ"ഫണ്ടിലേക്കു് ലഭിക്കയുണ്ടായെന്നുള്ളതു് പ്രസ്താവാർഹമാണ്.

എടാട്ടു് കുരിശുപള്ളിയിൽ വി. സെബസ്ത്യാനോസ് സഹദായുടെ തിരുനാൾ ഇക്കൊല്ലം അത്ഭുതപൂർവ്വമായ ആഘോഷങ്ങളോടുകൂടി മാർച്ച് 15, 16 എന്നീ തീയതികളിൽ നടത്തിയതായറിയുന്നു.

## ചരമവാർത്തകൾ

ഇരിഞ്ഞാലക്കുട:— ബ്രഹ്മകുളത്തു് പൊക്കത്തു് ശ്രീ വാറു മകൻ ശ്രീ കൊച്ചുവറീതു് മാർച്ച് 20-ാം തീയതി ശനിയാഴ്ച കാലത്തു് 10-30 നു് അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ടു് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരകർമ്മം ഞായറാഴ്ച 11 മണിക്കു് നിർവ്വഹിക്കപ്പെട്ടു.

അയിരൂർ:—കത്തോലിക്കാസഭയിലേക്കു് പുനരൈക്യപ്പെട്ട വെമ്പകത്തിനാൽ എം. എം. മാത്യു അവർകൾ അന്ത്യകൂദാശകളെല്ലാം സുബോധത്തോടുകൂടെ സ്വീകരിച്ചു് മാർച്ച് 5-ാംതീയതി 64-ാമത്തെ വയസ്സിൽ പരലോകപ്രാപ്തനായിരിക്കുന്നു. ഇദ്ദേഹത്തിന്റെ രോഗാവസ്ഥയിൽ അത്യുന്നത കർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനിയുടെ പ്രത്യേകപ്രാർത്ഥനയും ആശീർവ്വാദവും ലഭിക്കുകയുണ്ടായിട്ടുണ്ട്. ശവസംസ്കാരം അനേകം വൈദികരുടെയും ബന്ധുമിത്രാദികളാദിയായി ഒരു വമ്പിച്ച ജനസമൂഹത്തിന്റെയും സാന്നിദ്ധ്യസഹകരണത്തോടുകൂടെ നടത്തപ്പെട്ടു. പരേതന്റെ ഏകസഹോദരനായ റവ. ഫാദർ പക്കോമിയോസ് ഒ. ഐ സി. അവർകളാണു് പ്രധാനകാർമ്മികത്വം വഹിച്ചതു്. റവ. ഫാദർ ജയിക്കബ്ബ് വഴതലക്കാട്ടു് വീട്ടിൽവച്ചും. റവ. ഫാദർ കെ. ജെ. ആൻറണി ബി. എ. എൽ. ററി. പള്ളിയിൽവച്ചും ചരമപ്രസംഗം ചെയ്തു.

വാഴക്കുളം:—ഈ ഇടവക, വണ്ടനാക്കര വക്കി തൊമ്മന്റെ മൂത്തമകൻ ജോസഫ് തന്റെ മുപ്പത്തിമൂന്നാമത്തെ വയസ്സിൽ -7-2-54 ശനിയാഴ്ച വൈകുന്നേരം കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു.

കണ്ടനാട്ട്:—മുളക്കൽ പരേതനായ ബ. ഗീവറുഗീസച്ചന്റെ സഹോദരിയും, കരിത്തുങ്കൽ യൗസേപ്പച്ചൻ, കുര്യാക്കോസച്ചൻ എന്നിവരുടെ മാതാവുമായ കരിത്തുങ്കൽ അപ്പു് ഭാര്യ റോസ മാർച്ച് 5-ാംനു- ആത്മത്തിനുവേണ്ടുന്ന അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ടു് കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. പരേതയ്ക്കു് 85 വയസ്സു പ്രായമുണ്ടു്.

R. I. P.

## ഇൻഡ്യാവാർത്തകൾ

### മാർപ്പാപ്പാതിരുമനസ്സിലെ ബഹുമാനാർത്ഥം

12-ാംപീയൂസ് മാർപ്പാപ്പാതിരുമനസ്സിലെ സ്ഥാനാരോഹണത്തിന്റെ 15-ാം വാർഷികം പ്രമാണിച്ചു് മാർച്ച് 14-ാംനു- ഇൻഡ്യയിലെ പേപ്പൽ ഇൻറർനൺഷ്യോ തിരുമേനി ഡൽഹിയിൽ ഒരു വിരുന്നുസല്ക്കാരം നടത്തുകയുണ്ടായി. ഇൻഡ്യൻ വൈസ്പ്രസിഡണ്ടു് ഡോ രാധാകൃഷ്ണൻ, വിദേശകാര്യാലയത്തിലെ സീനിയർ ഉദ്യോഗസ്ഥന്മാർ, വിവിധരാജ്യങ്ങളുടെ അംബാസിഡർമാർ, പൗരമുഖ്യർ, പത്രപ്രവർത്തകർ തുടങ്ങി ഉദ്ദേശം 500പേർ പ്രസ്തുത സല്ക്കാരത്തിൽ പങ്കെടുത്തതായറിയുന്നു.

### പുതിയ കറൻസി നോട്ടുകൾ

ആയിരം, അയ്യായിരം, പതിനായിരം എന്നീ വൻതുകകളുടെ കറൻസിനോട്ടുകൾ ഏപ്രിൽ 1-ാംനു- മുതൽ ഇൻഡ്യയിൽ വീണ്ടും നടപ്പിൽ വരുന്നതാണെന്നു് റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ ഒരു പ്രസ്സ്നോട്ടുമൂലം വിജ്ഞാപനം ചെയ്തിരിക്കുന്നു. 1946-ലാണു് ഈദൃശവൻതുകകളുടെ കറൻസി നോട്ടുകൾ പിൻവലിക്കപ്പെട്ടതു്. റദ്ദ്ചെയ്യപ്പെട്ട അന്നത്തെനോട്ടുകൾ മേലിലും സ്വീകരിക്കപ്പെടുന്നതല്ലെന്നും ഇതിനു വിപരീതമായി പ്രവർത്തിക്കുന്നവർ ശിക്ഷാർഹരായിത്തീരുന്നതാണെന്നും വിജ്ഞാപനം തുടന്നു പ്രസ്താവിക്കുന്നു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vlo. 27 ‖ ERNAKULAM, MARCH 24, 1954 ‖ No. 30


# തലശ്ശേരി രൂപതയുടെ സ്ഥാപനപ്രഖ്യാപനം

"ഭാരതസന്താനങ്ങളെ, ഭാരതത്തിന്റെ രക്ഷ നിങ്ങളിലാണ് സ്ഥിതിചെയ്യുന്നതു്." സുഭഗസ്മരണാർഹനായ പരിശുദ്ധ പിതാവു് പതിമൂന്നാം ലെയോ മാർപ്പാപ്പായുടെ വിദൂരവീക്ഷണപരമായ ഈ പ്രസ്താവന അത്യാനന്ദപൂർവ്വം ഒരിക്കൽക്കൂടി അനുസ്മരിക്കുന്നതിനുള്ള സുവർണ്ണാവസരമാണ് ഇപ്പോൾ കൈവന്നിരിക്കുന്നതു്. കേരളത്തിന്റെ വടക്കേഭാഗമായ മലബാറിലേക്കു് കുടിയേറിത്താമസിച്ചിട്ടുള്ള അനേകായിരംവരുന്ന സുറിയാനിക്രിസ്ത്യാനികൾക്കു അവരുടെ സ്വന്തറീത്തിൽ ദൈവാരാധനാകർമ്മങ്ങൾ നടത്തുന്നതിനും, അവരുടെ സ്വന്തറീത്തിലും സമുദായത്തിലുംപെട്ട വൈദികാദ്ധ്യക്ഷനാൽ ഭരിക്കപ്പെടുന്നതിനും സൗകര്യപ്പെടത്തക്കവണ്ണം പരിശുദ്ധ സിംഹാസനത്തിൽനിന്നും 1953 ഡിസംബർ 31-ാം തീയതിയിലെ തിരുവെഴുത്തുമൂലം സംസ്ഥാപിതമാകുന്ന പുതിയ രൂപതയാണ് തലശ്ശേരി. ഈ രൂപതയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായി വരിക്കപ്പെട്ടിട്ടുള്ള വിശുദ്ധ യൗസേപ്പിന്റെ മരണത്തിരുനാളായ മാർച്ച് 19-ാം തീയതി രൂപതാസ്ഥാപനപ്രഖ്യാപനം തലശ്ശേരിയിൽവച്ച് ഔദ്യോഗികമായി നടത്തപ്പെടുകയും, രൂപതയുടെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കായായി തിരുസിംഹാസനത്തിൽനിന്നും നിയമിച്ചിട്ടുള്ള വന്ദ്യ ദിവ്യശ്രീ സെബാസ്റ്റിൻ വള്ളോപ്പിള്ളി തിരുമനസ്സുകൊണ്ടു് ഭരണം ഔദ്യോഗികമായി കൈയേല്ക്കുകയും ചെയ്തിരിക്കുന്നു. പുതിയ രൂപതാതിർത്തിയിൽ താമസക്കാരായ ഒരുലക്ഷത്തോളം വരുന്ന സുറിയാനിക്കാർക്കു് അവരുടെ ചിരപ്രാർത്ഥിതമായ അഭിലാഷസിദ്ധി എത്ര ആനന്ദപ്രദമാണെന്നു പറയേണ്ടതില്ലല്ലോ. പുതിയ രൂപതയ്ക്കും, അതിന്റെ അഭിവന്ദ്യ അദ്ധ്യക്ഷൻ തിരുമേനിക്കും, രൂപതാജനങ്ങൾക്കും സർവ്വവിധമായ മംഗളാശംസകളും സാനന്ദം നേർന്നുകൊള്ളട്ടെ.

## കേരളസുറിയാനിസഭ

ക്രിസ്തുവിന്റെ ദ്വാദശശിഷ്യന്മാരിൽ തീക്ഷ്ണമതിയായ വിശുദ്ധ തോമാശ്ലീഹായാൽ ഭാരതം സുവിശേഷവെളിച്ചത്തിലേക്കാനയിക്കപ്പെടുവാൻ ഭാഗ്യമുണ്ടായി. ഭാരതത്തിൽ കൊളുത്തപ്പെട്ട സത്യവിശ്വാസദീപം അണയാതെ സംരക്ഷിക്കുന്നതിനുള്ള പ്രത്യേകാനുഗ്രഹവും അവകാശവും കേരളത്തിലെ സുറിയാനിസഭയ്ക്കാണ് സംലബ്ധമായതു്. ഇരുപതു നൂറ്റാണ്ടുകളിലെ അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങളേയും പരീക്ഷണഘട്ടങ്ങളേയും വിജയപൂർവ്വം തരണംചെയ്തു് കേരളീയകത്തോലിക്കാ കൽദായസുറിയാനിസഭ ഇന്നും ഭാസുരമായി വർത്തിക്കുകയാണ്. ഇടക്കാലത്തുണ്ടായ ചില പ്രത്യേകപരിതസ്ഥിതികളുടെ സമ്മർദ്ദംമൂലം മാതൃസഭയിൽനിന്നു പിരിഞ്ഞുപോയ അരുമസന്താനങ്ങൾ മാതൃഭവനത്തിലേക്കു് പ്രത്യാഗമിക്കുന്നതിനുവേണ്ടി നടത്തിയ ആത്മാർത്ഥമായ നിരവധി നിരന്തരപരിശ്രമങ്ങളുടെ ഫലമായി, ദൈവഗത്യാ, ഉദ്ദേശം ഇരുപത്തഞ്ചുകൊല്ലങ്ങൾക്കുമുമ്പു് പുനരൈക്യപ്രസ്ഥാനം സമാരബ്ധമായി. കത്തോലിക്കാസഭാമാതാവു് ഇക്കാര്യത്തിൽ കഴിവുള്ള എല്ലാ ഒത്താശകളും അവർക്കു് ചെയ്തുകൊടുക്കുകയും അവരുടെ മതാനുഷ്ഠാനക്രമത്തെ ഒരു പുതിയ ഹയരാർക്കി സ്ഥാപനംമൂലം നിലനിർത്തുന്നതിനനുവദിക്കുകയുംചെയ്തു. പുനരൈക്യപ്രസ്ഥാനം ഇന്നു ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുവരുന്നു.

## ഹയരാർക്കിസ്ഥാപനം

1887 മേയ് 20 ാംതീയതി പരിശുദ്ധ പിതാവു് പതിമൂന്നാം ലെയോ മാർപ്പാപ്പാ "ക്വോദ്‌യാം പ്രിഡേം" എന്നാരംഭിക്കുന്ന തിരുവെഴുത്തുവഴിയായി സുറിയാനിക്കാരെ ലത്തീൻ ഭരണത്തിൽനിന്നും വിടുർത്തി അവർക്കു് പ്രത്യേകം രൂപതകൾ ഏർപ്പെടുത്തിയതുമുതലാണ് കേരളസുറിയാനിസഭയുടെ ആധുനികചരിത്രം ആരംഭിക്കുന്നതു്. 1896 ലാണ് രൂപതാതൃത്തികളിൽ ചില വ്യത്യാസങ്ങൾ വരുത്തുകയും സ്വന്തറീത്തുകാരുംനാട്ടുകാരുമായ മൂന്നു് വികാരിയപ്പസ്തോലിക്കാമാരെ നിയമിച്ച് ഏതദ്ദേശീയഭരണം സ്ഥാപിക്കുകയും ചെയ്തതു്. സഭയുടെ പുരോഗതിക്കാവശ്യമായ പല പല പുതിയ ക്രമീകരണങ്ങളും കാലാനുസൃതം നടപ്പാക്കിക്കൊണ്ടിരുന്നു. അവസാനം 1923 ഡിസംബർ 21-ാം തീയതി പരിശുദ്ധ പിതാവു് പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് "റൊമാനി പൊന്തിഫിച്ചെസ്" എന്നാരംഭിക്കുന്ന തിരുവെഴുത്തുമൂലം മലയാളസുറിയാനി ഹയരാർക്കി സ്ഥാപിക്കുകയും, എറണാകുളം വികാരിയാത്തിനെ അതിരൂപതയായും അതിന്റെ വികാരിയപ്പസ്തോലിക്കാ കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമേനിയെ മെത്രാപ്പോലീത്തായായും, ചങ്ങനാശ്ശേരി, തൃശ്ശൂർ, കോട്ടയം എന്നീ വികാരിയാത്തുകളെ സാമന്തരൂപതകളായും അവയുടെ വികാരിയപ്പസ്തോലിക്കാമാരെ അതതുരൂപതകളുടെ മെത്രാന്മാരായും നിർണ്ണയിക്കുകയും ചെയ്തു. 1949 ൽ ചങ്ങനാശ്ശേരി രൂപതയുടെ വന്ദ്യ ദിവ്യശ്രീ കാളാശ്ശേരിൽ മാർ യാക്കോബുമെത്രാനച്ചൻ തിരുമനസ്സിലെ ചരമത്തെത്തുടർന്നു് വിസ്തൃതമായ ആ രൂപതയെ ഭരണത്തിന്റെ കാര്യക്ഷമതയെ മുൻനിർത്തി രണ്ടായിതിരിക്കുകയും പാലാരൂപത രൂപംപ്രാപിക്കുകയുംചെയ്തു. ഇങ്ങനെ കേരളസുറിയാനി ഹയരാർക്കിയിൽ ഇതുവരെ ഒരു അതിരൂപതയും 4 സാമന്തരൂപതകളുമാണുണ്ടായിരുന്നതു്. ഇപ്പോൾ തലശ്ശേരിരൂപതയുടെ സ്ഥാപനത്തോടുകൂടി സാമന്തരൂപതകൾ അഞ്ചായി വർദ്ധിച്ചിരിക്കുന്നു.

## അതിർത്തികളുടെ പരിമിതി

ഭരണസംബന്ധമായി ചെയ്യപ്പെട്ട ഈ ക്രമീകരണങ്ങളെല്ലാം കേരളസുറിയാനിസഭ ശക്തിപ്പെടുന്നതിനും വികസിക്കുന്നതിനുമുള്ള അനുകൂലസാഹചര്യങ്ങളായിരുന്നു. എന്നാൽ അതിന്റെ ആധുനികചരിത്രത്തിന്റെ ആരംഭഘട്ടത്തിൽ സന്ദർഭവശാൽ ചെയ്യപ്പെട്ട അതിർത്തിനിർണ്ണയം അതിനെ പലതരത്തിൽ വീർപ്പുമുട്ടിച്ചുകൊണ്ടിരുന്നു. സ്വാഭാവികമായ അതിന്റെ വികസനത്തിനുംപ്രേഷിതപ്രവർത്തനത്തിനും അതു പ്രതിബന്ധമായി. ഭാരതപ്പുഴയ്ക്കും പമ്പാനദിക്കും ഇടയ്ക്കുള്ള പരിമിതമായ രാജ്യാതിർത്തിക്കുള്ളിൽമാത്രം ഇത്രശക്തിമത്തായ ഒരു സഭാവിഭാഗത്തിന്റെ പ്രവർത്തനപ്രവണതകളെ ഒതുക്കിനിർത്തുക സാദ്ധ്യമല്ലല്ലോ. അതുകൊണ്ടു വികസനത്തിനുവേണ്ടി അതു സ്വയം ക്ലേശിക്കുകയായിരുന്നു. പുനരൈക്യപ്രസ്ഥാനം അംഗീകൃതമായി തിരുവനന്തപുരം അതിരൂപത സ്ഥാപിതമായപ്പോൾ കത്തോലിക്കാ സുറിയാനിറീത്തിന്റെ ധൂമാത്മകമായ തെക്കേമതിൽ പൊളിഞ്ഞുവീണു. വടക്കോട്ടുള്ള പ്രവർത്തനരംഗം പിന്നേയും അടഞ്ഞുതന്നെനിന്നു. തന്മൂലം അടുത്തകാലത്തു മലബാറിലെ വിവിധഭാഗങ്ങളിൽ കുടിയേറിപ്പാർത്ത



റൈററ് റവ. മോൺ. വള്ളോപ്പിള്ളി തിരുമേനി

സുറിയാനിക്കാർ അനുഭവിച്ചുകൊണ്ടിരുന്ന അസൗകര്യങ്ങൾ അനവധിയായിരുന്നു. പരിശുദ്ധസിംഹാസനം ഈ വസ്തുതയെ ശരിയായി മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണ് ഇപ്പോൾ തലശ്ശേരി കേന്ദ്രമാക്കി ഒരു പുതിയ രൂപത സ്ഥാപിക്കുന്നതിനിടയായിട്ടുള്ളതു്. കേരളസുറിയാനിഹയരാർക്കിയുടെ അദ്ധ്യക്ഷനായ മഹാവന്ദ്യ ദിവ്യശ്രീ കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമനസ്സുകൊണ്ടു് സുറിയാനിറീത്തിന്റേയും റീത്തിൽപ്പെട്ടവരായ മലബാറിലെ താമസക്കാരുടേയും അഭിവൃദ്ധിയെ ലക്ഷ്യമാക്കി ചെയ്തുകൊണ്ടിരുന്ന നിരന്തരമായ പരിശ്രമങ്ങൾ ദൈവാനുകൂല്യത്താൽ ഈവിധം വിജയമടയുന്നതുകാണുവാൻ സാധിച്ചതു വയോവൃദ്ധനായ തിരുമേനിക്കു അത്യാനന്ദപ്രദമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. തിരുമേനിയെ സാദരം ഞങ്ങൾ അനുമോദിച്ചുകൊള്ളട്ടെ. രൂപതാസ്ഥാപനം സംബന്ധിച്ചു പരിശുദ്ധസിംഹാസനത്തിൽനിന്നയച്ച ബൂളയിൽ അധികാരപ്പെടുത്തിയിട്ടുള്ളതനുസരിച്ചു മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ടു് അവിടുത്തെ സഹായമെത്രാൻ ദിവ്യശ്രീ പാറേക്കാട്ടിൽ മാർ ജോസഫ് തിരുമേനിയെ സ്വന്തം പ്രതിനിധിയായി തലശ്ശേരിക്കയയ്ക്കുകയും അദ്ദേഹം അവിടെവച്ചു ബൂള പരസ്യം ചെയ്തു തലശ്ശേരി രൂപതാസ്ഥാപനവും അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കാ നിയമനവും ഔദ്യോഗികമായി പ്രഖ്യാപിക്കുകയുമാണുണ്ടായതു്. ഇതോടുകൂടി സുറിയാനിറീത്തിന്റെ വടക്കുഭാഗത്തെ സാങ്കല്പികഭിത്തിയും ഇടിഞ്ഞുവീണുകഴിഞ്ഞു. പ്രേഷിതചൈതന്യം വടക്കോട്ടു നിർബാധം പ്രവഹിക്കട്ടെ.

## കർത്തവ്യം

പരിശുദ്ധ സിംഹാസനത്തിൽനിന്നു ഹയരാർക്കിയുടെ പ്രവർത്തനസൗകര്യങ്ങൾ വികസിപ്പിച്ചിരിക്കുന്നതോടൊപ്പം ഗുരുതരമായ ഒരു കർത്തവ്യഭാരം അതിലെ അംഗങ്ങളുടെ ചുമലുകളിൽ വയ്ക്കുന്നുണ്ടു്. ഭാരതത്തെ ക്രിസ്തുവിനുവേണ്ടി നേടുന്നതിനു പരിശുദ്ധപിതാവു പതിമൂന്നാം ലെയോ മാർപ്പാപ്പ നടത്തിയ ആഹ്വാനത്തിന്റെ സാഫല്യത്തിലാണ് അതടങ്ങിയിരിക്കുന്നതു്. ഭാരതമിഷ്യനുകളെല്ലാം അവയുടെ പ്രവർത്തനങ്ങളെ പുരോഗമിപ്പിക്കുന്നതിനു പ്രത്യാശാപൂർവ്വം കണ്ണുതിരിക്കുന്നതു് കേരളത്തിലേക്കാണെന്നു നമുക്കറിയാം. ഭാരതത്തിലെ ക്രൈസ്തവചൈതന്യത്തിന്റെ കേന്ദ്രം കേരളമാണ്. പ്രശസ്തമായ ഈ പാരമ്പര്യത്തിനനുസരണമായി വേണം നാം നമ്മുടെ കർത്തവ്യങ്ങളെ ഏറെറടുക്കുവാനും നിർവ്വഹിക്കുവാനും. ഭാരതത്തിൽ അങ്ങോളമിങ്ങോളം നമ്മുടെ കരചരണങ്ങൾ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ടു്. പക്ഷെ അവയെല്ലാം വേണ്ടവിധത്തിൽ ക്രമീകൃതങ്ങളോ പരമാവധി ഫലപ്രദങ്ങളോ ആണെന്നു പറയുവാൻ നിവൃത്തിയില്ല.

വിദേശമിഷ്യനറിമാരുടെ പ്രവർത്തനങ്ങളായിരുന്നു ഇതുവരെ ഭാരതസഭയുടെ പൊതുവെയുള്ള താങ്ങും തണലുമായി നിലകൊണ്ടിരുന്നതു്. സ്വതന്ത്രഭാരതത്തിന്റെ വ്യത്യസ്ഥസാഹചര്യങ്ങളിൽ അതു അതേപടി തുടർന്നുകൊണ്ടിരിക്കുമെന്നു വിചാരിക്കുന്നതു ബുദ്ധിപൂർവ്വകമായിരിക്കയില്ല. ഭാരതമാതാവിന്റെ സന്താനങ്ങളായ നാം തന്നെ ഈ ഉത്തരവാദിത്വം ഏറെറടുക്കണം. ദീർഘവീക്ഷണപടുവായ പരിശുദ്ധമാർപ്പാപ്പ ഈ പരിതസ്ഥിതിയെ ഉദ്ദർശനം ചെയ്തുകൊണ്ടാണ് ഭാരതത്തിന്റെ രക്ഷ ഭാരതീയരിലാണ് സ്ഥിതിചെയ്യുന്നതെന്നു പ്രസ്താവിച്ചതു്. ഈ കർത്തവ്യം നിർവ്വഹിക്കുന്നതിനു നാം തയാറാകണം. ഈ വഴിക്കുള്ള പ്രാരംഭകാൽവെയ്പാണ് തലശ്ശേരിയിലേക്കുള്ള ഈ നീക്കത്തിൽ നാം ദർശിക്കേണ്ടതു്.

## മിഷനറിമാരുടെ പ്രവർത്തനം

ഭാരതത്തിന്റെ ഓരോ അതിരൂപതകളിലും രൂപതകളിലും മിഷൻരംഗങ്ങളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മഹാമനസ്കരും ത്യാഗസമ്പന്നരുമായ വിദേശമിഷനറിമാരെപ്പററി അനുസ്മരിക്കുന്നതിനു് ഈ അവസരം ഏററവും സമുചിതമാണ്. ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മിഷനറിമാർക്കു് സ്വാർത്ഥപരമായ യാതൊരുദ്ദേശ്യവുമില്ലെന്നും, അവർ സ്വന്തം നാടും വീടും, സുഖസമൃദ്ധമായ സാഹചര്യങ്ങളും സ്വയം ത്യജിച്ച് ക്രിസ്തുവിന്റെ ദിവ്യാദർശമനുസരിച്ചു് സമസൃഷ്ടിസേവനം ചെയ്യുന്നതിനു വന്നിട്ടുള്ളവരാണെന്നു നാം ആത്മാർത്ഥമായി ധരിക്കണം. നമ്മുടെ കഴിവുകേടുകളെ പരിഹരിക്കുന്നതാണ് അവരുടെ പ്രവർത്തനലക്ഷ്യം; നമ്മുടെ കഴിവുകളെ വികസിപ്പിക്കുന്നതിനും പ്രയോഗക്ഷമമാക്കുന്നതിനുമാണ് അവരുടെ ശ്രമം. ക്രിസ്തുവിന്റെ ദിവ്യാഭിലാഷവും തിരുസഭയുടെ പരിപാടികളും അവർ സാക്ഷാത്കരിക്കുകയാണ്. എന്നാൽ സ്വതന്ത്രഭാരതത്തിൽ ഇന്നു പൊതുവെ വിദേശമിഷനറിമാർക്കെതിരായ ഒരു മനോഭാവം വളർന്നുവരുന്നുണ്ടു്. ഇന്ത്യയുടെ രാഷ്ട്രീയസ്വാതന്ത്ര്യത്തെ കൈയടക്കിയിരുന്ന ഒരു വിദേശമേല്ക്കോയ്മയ്ക്കെതിരായി നാം സ്വരമുയർത്തിയതു ദേശീയബോധത്തിന്റേയും സ്വാതന്ത്ര്യാഭിലാഷത്തിന്റേയും പ്രകടനങ്ങളായിരുന്നു. ഇന്ത്യയുടെ സാമ്പത്തികമായ ആദായമാർഗ്ഗങ്ങളെ പിടിച്ചുവച്ച് ചൂഷണം നടത്തുന്ന വിദേശശക്തികളെ വെറുക്കുന്നതും ചെറുക്കുന്നതും എല്ലാവർക്കും ന്യായമായി മനസ്സിലാക്കാൻ കഴിയും. എന്നാൽ നമുക്കുവേണ്ടി സ്വയം പരിത്യജിച്ചു് അവരുടെ സകല കഴിവുകളേയും നമ്മുടെ ഭൗതികവും ആദ്ധ്യാത്മികവുമായ ഉന്നമനത്തിനുവേണ്ടി ചിലവഴിക്കുന്ന മിഷനറിമാരെ വെറുക്കുന്ന മനസ്ഥിതി എങ്ങനെയാണ് ഗർഹണീയമാകാതിരിക്കുന്നതു്? അതു തീകച്ചും തെററായ ഒരഭിപ്രായഗതിയാണ്. ഈ വസ്തുതയ്ക്കു ശരിയായ പ്രകാശനം നൽകേണ്ടതും തെററിധാരണയെ ദൂരീകരിക്കേണ്ടതും അത്യാവശ്യമത്രെ. മിഷനറിമാരുടെ നിസ്വാർത്ഥമായ നിസ്തുലസേവനങ്ങളെ ശരിയായി വിലമതിക്കുന്നതിനും അവരോടുള്ള നമ്മുടെ കടപ്പാടുകളെ കൃതജ്ഞതാപൂർവ്വം ഏററുപറയുന്നതിനുമുള്ള മാന്യമായ ഒരു മനസ്ഥിതിയാണ് നമുക്കുണ്ടാകേണ്ടതു്.

തലശ്ശേരി രൂപത പുതുതായി രൂപംപ്രാപിക്കുന്ന ഈ അവസരത്തിൽ, അവിടെയുള്ള സുറിയാനിക്കാർക്കു ഈ കാര്യം പ്രായോഗികമാക്കുന്നതിനുള്ള ഒരു സുവർണ്ണാവസരമാണ് ലഭ്യമായിരിക്കുന്നതു്. ഇതുവരെ അവർ കോഴിക്കോട്ടുരൂപതയിൽപ്പെട്ടു് അവിടത്തെ വിദേശീയരായ മെത്രാന്മാരാൽ ഭരിക്കപ്പെട്ടുപോന്നു. ഇവരെല്ലാം അവർക്കുവേണ്ടി എത്രമാത്രം സേവനം അനുഷ്ഠിച്ചിരിക്കുന്നു. സ്വാതന്ത്ര്യം പ്രാപിച്ചു സ്വന്ത റീത്തിലുള്ള ഭരണാധികാരത്തിലേക്കു മാറുന്ന ഈ അവസരത്തിൽ ഹൃദയപൂർവ്വകമായ കൃതജ്ഞത അവരിൽ തിരതല്ലുന്നുണ്ടാകുമെന്നതു തീർച്ചയാണ്. മേലിലുംസൗഹാർദ്ദപൂർവ്വകമായ ഒരു ബന്ധം പുലർത്തേണ്ടതു ക്രിസ്തുവിന്റെ അഭിലാഷങ്ങളെ പൂർത്തിയാക്കുന്നതിനു അനിവാര്യമാണ്. രൂപതാദ്ധ്യക്ഷനായ വന്ദ്യതിരുമേനിയുടെ നേതൃത്വത്തിൽ സഹകരണസമൃദ്ധവും വിജയോന്മുഖവുമായ ഒരു ചരിത്രം സൃഷ്ടിക്കുന്നതിനു പുതിയ രൂപതയ്ക്കിടയാകട്ടെ എന്നു പ്രാർത്ഥിക്കാം.

## വള്ളോപ്പിള്ളി തിരുമേനി

കോഴിക്കോട്ടുരൂപതയുടെ അതൃത്തികൾതന്നെയാണ് പുതിയ തലശ്ശേരി രൂപതയുടേയും അതൃത്തികൾ. അതുകൊണ്ടു പുതിയ തലശ്ശേരിരൂപതയ്ക്കും ഉദ്ദേശം 4000 ചതുരശ്രമയിൽ വിസ്തീർണ്ണംവരും. വിസ്തൃതമായ ഈ രൂപതയുടെ ഭാഗധേയം കരുപ്പിടിക്കുന്നതിനു് ഏല്പിക്കപ്പെട്ടിരിക്കുന്ന വന്ദ്യതിരുമേനി അതിനു സർവ്വഥാ യോഗ്യനായ ഒരു ദേഹമാണ്. തിരുമേനി കടക്കച്ചിറ ഇടവകയിൽ വള്ളോപ്പിള്ളി കുടുംബത്തിൽ 1914-ൽ ജനിച്ചു. തിരുമേനിയുടെ പിതാവു ശ്രീ പൗലോ അവർകൾ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടു്. ഉദ്ദേശം 90 വയസ്സുള്ള ഈ വയോവൃദ്ധനായ പിതാവിന്റെ അനുഗ്രഹത്തോടുകൂടിയാണ് തിരുമേനി തലശ്ശേരിക്കു യാത്രതിരിച്ചിരിക്കുന്നതു്. കടക്കച്ചിറ, ഉഴവൂർ, പാലാ, ചങ്ങനാശ്ശേരി എന്നീ മലയാളം, ഇംഗ്ലീഷ് സ്കൂളുകളിലും കോളേജിലുമായിട്ടാണ് തിരുമേനി വി

ദ്യാഭ്യാസം നിർവ്വഹിച്ചതു്. ബി. എ. പാസ്സായശേഷം വൈദികപഠനത്തിനായി കോട്ടയം പെററിസെമ്മിനാരിയിലും അനന്തരം കാണ്ടി സെമ്മിനാരിയിലും ചേർന്നു. കാണ്ടിയിൽവച്ചു പി. എച്ച്. ബി., ബി. ഡി. എന്നീ ബിരുദങ്ങൾ സമ്പാദിച്ചു. 1945-ലാണു് വൈദികപട്ടം സ്വീകരിച്ചതു്. ഭരണങ്ങാനം ഹൈസ്കൂളിലും, ചങ്ങനാശ്ശേരി പെററിസെമ്മിനാരിയിലും, വാകക്കാട്ട ഇംഗ്ലീഷ് മിഡിൽസ്കൂളിലും, കടനാട്ടസ്കൂളിലും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ടു്. സ്തുത്യർഹമായ ഈ സേവനങ്ങളെ തുടർന്നാണു് ഇപ്പോൾ അഡ്മിനിസ്ട്രേറർ അപ്പസ്തോലിക്കായായി പരിശുദ്ധ സിംഹാസനം അദ്ദേഹത്തെ നിയമിച്ചിരിക്കുന്നതു്.

## സ്ഥാനാരോഹണം

പരിപാടിയനുസരിച്ചു് അഡ്മിനിസ്ട്രേറർ തിരുമേനി പാലാ മെത്രാനൊരുമിച്ചു 17-ാംനു എറണാകുളം അതിമെത്രാസന അരമനയിലെത്തി മെത്രാപ്പോലീത്താ തിരുമേനിയുമായി രൂപതാകാര്യങ്ങളെപ്പററി ചർച്ച ചെയ്തു. വരാപ്പുഴ മെത്രാപ്പോലീത്തായെ സന്ദർശിച്ച ശേഷം തൃശ്ശൂർക്കുപുറപ്പെട്ടു. 18-ാം തീയതി തൃശ്ശൂർമെത്രാൻ ഒരുമിച്ചു കോഴിക്കോട്ടെത്തി. മലബാറിലെ ജനത അദ്ദേഹത്തെ ആഡംബരപൂർവ്വം സ്വീകരിച്ചു. നിരവധി കാറുകൾ സ്വീകരണയാത്രയിൽ അകമ്പടിസേവിച്ചു. കോഴിക്കോട്ട മെത്രാസനഅരമനയിൽനിന്നു ടൌൺഹാളിലേക്കു തിരുമേനിയെ ആനയിക്കുകയും അവിടെവച്ചു പൌരാവലിയുടെ മംഗളപത്രം; അനുമോദനപ്രസംഗങ്ങൾ, പണക്കിഴിസമ്മാനം മുതലായ ചടങ്ങുകൾ നടക്കുകയും ചെയ്തു. 7 മണിക്കു നടന്ന അനുമോദനസൽക്കാരത്തിൽ വൈദികാദ്ധ്യക്ഷന്മാർക്കു പുറമെ സ്ഥലത്തെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥാനുദ്യോഗസ്ഥപ്രമുഖന്മാർ സംബന്ധിച്ചിരുന്നു.

വിശുദ്ധ യൌസേപ്പിൻെറ തിരുനാളായ 19-ാംനു ഉച്ചതിരിഞ്ഞു രണ്ടരമണിക്കു തലശ്ശേരിക്കു പുറപ്പെട്ട മോൺ. വള്ളോപ്പിള്ളി തിരുമേനി എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രതിനിധിയായ സഹായമെത്രാൻ ഡോക്ടർ പാറേക്കാട്ടിൽ തിരുമേനിയോടും മററു അഭിവന്ദ്യമെത്രാന്മാരോടും വൈദികപ്രമുഖന്മാരോടും കൂടി തലശ്ശേരിപള്ളിയിലേക്കു സാഡംബരം സ്വീകരിക്കപ്പെട്ടു. മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രതിനിധി പരിശുദ്ധസിംഹാസനത്തിൽനിന്നയച്ചിട്ടുള്ള ബുള്ളാ ഔദ്യോഗികമായി പരസ്യം ചെയ്യുകയും തലശ്ശേരി രൂപതാസ്ഥാപനവും അഡ്മിനിസ്ട്രേറർ അപ്പസ്തോലിക്കാ തിരുമനസ്സിലെ നിയമനവും ഔദ്യോഗികമായി പ്രഖ്യാപിക്കുകയും ചെയ്തു. രൂപതാഭരണം അഡ്മിനിസ്ട്രേറർ തിരുമേനി ഏറെറടുത്തു.

പുതിയ തലശ്ശേരിരൂപത വിജയിക്കട്ടെ!

രൂപതാദ്ധ്യക്ഷൻ തിരുമേനി വിജയിക്കട്ടെ!

## പ്രസാധകക്കുറിപ്പുകൾ

### കടുവായുടെ വായിൽനിന്നു് തിരുക്കൊച്ചി രക്ഷിക്കപ്പെട്ടു

ഇൻഡ്യയിൽ തിരുക്കൊച്ചിയാണു് സാക്ഷരത്വത്തിലും സംസ്കാരത്തിലും രാഷ്ട്രീയബോധത്തിലും ഏററവും മുന്നണിയിൽ നില്ക്കുന്നതെന്നു് പുരമുകളിൽ നിന്നുകൊണ്ടു് നാം വിളിച്ചുകൂവാൻ താല്പര്യമുള്ളവരാണു്. ആ തിരുക്കൊച്ചിയിലാണു് "ഏററവും വലിയ പിൻതിരിപ്പൻ ശക്തി"യെന്നു് ശ്രീ നെഹ്റു പല പ്രാവശ്യം വിളിച്ചുപറഞ്ഞിട്ടുള്ള കമ്മ്യൂണിസ്റ്റ് പാർട്ടി ഇൻഡ്യയിൽ മറെറല്ലാ സംസ്ഥാനങ്ങളെക്കാൾ മുന്നേറിക്കൊണ്ടിരിക്കുന്നതു്. കോൺഗ്രസിനു ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പൂർണ്ണഭൂരിപക്ഷം ലഭിക്കുമെന്നു് കമ്മ്യൂണിസത്തെ വെറുക്കുന്നവർ പ്രതീക്ഷിച്ചിരുന്നു. കാരണം എന്തായാലും അതു് കേവലം വ്യാമോഹമായി തെളിഞ്ഞുകഴിഞ്ഞു. കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം വഹിക്കുന്ന ഐ. മു. ഇവിടെ മന്ത്രിസഭ രൂപീകരിക്കുകയും അങ്ങനെ തിരുക്കൊച്ചി കടുവായുടെ വായിൽ അകപ്പെടുകയും ചെയ്യുമോ എന്ന അത്യന്തം സംഭ്രമജനകമായ ഒരു ഘട്ടം നമ്മെ തുറിച്ചുനോക്കി. അങ്ങനെ ഒരു ദുരവസ്ഥ വരാതിരിക്കുവാൻ കഴിഞ്ഞ രണ്ടു വ്യാഴവട്ടക്കാലത്തിനുള്ളിൽ നാം ചെയ്യേണ്ടിയിരുന്നതുചെയ്തില്ല. ഫ്രാൻസിലെ ഒരു കത്തോലിക്കാമെത്രാൻ അരുളിച്ചെയ്തതുപോലെ, കമ്മ്യൂണിസം "നാം ചെയ്യേണ്ടിയിരുന്നവ ചെയ്തില്ല എന്നതിൻെറ തെളിവാകുന്നു." അപകടങ്ങളിൽ പെടാതിരിക്കുവാൻ "ജാഗരൂകതയുള്ളവരായിരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൻ" എന്നാണു് ദൈവനിർദ്ദേശം. "പ്രാർത്ഥിക്കുക, പ്രവർത്തിക്കുക" എന്നതായിരിക്കണം നമ്മുടെ പരിപാടി. ഇവയിൽ പ്രാർത്ഥന നടത്തുന്നതിൽ നാം അലസരായിട്ടില്ല. ജാഗരൂകതയോടുകൂടി പ്രവർത്തിക്കുന്നതിൽ വളരെ വളരെ അലസരായിരുന്നുവെന്നു് ആത്മപരിശോധന നമ്മെ ബോദ്ധ്യപ്പെടുത്തും. ഈ കൃത്യവിലോപത്തിൻെറ ദുഷ്ഫലമാണു് രണ്ടുകൊല്ലം മുൻപുള്ള തിരഞ്ഞെടുപ്പിൽ നാം കണ്ട കമ്മ്യൂണിസ്റ്റ് മുന്നേററം. എന്നിട്ടും നാം അലസതയിൽനിന്നു വേണ്ടവണ്ണം ഉണർന്നില്ല. അതിൻെറ തിക്തഫലം ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പു നമ്മെ കാണിച്ചുതരുന്നു. കടുവായുടെ വായിൽനിന്നു നമ്മെ രക്ഷിക്കുവാൻ ദൈവം പി. എസ്. പി. യേയും അതിനു പിൻതുണ നൽകുവാൻ കോൺഗ്രസിനേയും ഉപകരണമാക്കി. അങ്ങനെ നമ്മെ രക്ഷിച്ചുകൊണ്ടു്, മാർപ്പാപ്പാമാരുടെ സാമുദായികനിർദ്ദേശങ്ങളനുസരിച്ചു് തൊഴിലാളികളുടേയും മററു പാവങ്ങളുടേയും ഇടയിൽ ക്രിസ്തീയനീതിയും സ്നേഹവും അനുശാസിക്കുന്ന പ്രവർത്തനങ്ങൾ സർവ്വശക്തികളോടുംകൂടി നടത്തുവാൻ, ദൈവം നമുക്കു ഒരവധികൂടി തന്നിരിക്കുകയല്ലയോ എന്നു് ആരറിഞ്ഞു? ഏതായാലും ഇനിയത്തെ തിരഞ്ഞെടുപ്പിനു മുൻപുള്ള ചുരുങ്ങിയ സമയത്തു് നമുക്കു നമ്മുടെ സാമുദായിക കർത്തവ്യങ്ങൾ നിർവ്വഹിക്കാം. തൊഴിലാളികളേയും മററു പാവങ്ങളേയും കമ്മ്യൂണിസത്തിൽനിന്നു രക്ഷിക്കുവാൻ "സമസ്തവും" ചെയ്യണമെന്നാണു് ഇപ്പോഴത്തെ പരിശുദ്ധപിതാവിൻെറ ഉദ്ബോധനം. സമസ്തവും എന്നു പറഞ്ഞാൽ ധനവും മാനവും ശ്രമവും സമയവും ലോപംകൂടാതെ വ്യയംചെയ്തു് പ്രവർത്തനങ്ങൾ നടത്തണമെന്നാണല്ലോ അർത്ഥം. അങ്ങനെ നമുക്കു ചെയ്യാം. ഇപ്പോഴത്തെ തിരഞ്ഞെടുപ്പും അനന്തരമുണ്ടായ നമ്മുടെ ന്യായമായ ഭീതിയും ചുമരിലെ എഴുത്തായി നമുക്കു സ്വീകരിക്കാം. ദൈവമേ, ഇതിനുവേണ്ട മനോഗുണങ്ങൾ ഞങ്ങൾക്കു തരേണമെ.

* * *

### തിരുക്കൊച്ചിയിലെ തിരഞ്ഞെടുപ്പുഫലം അപ്രതീക്ഷിതം

ഇൻഡ്യാ യൂണിയനിലെ കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ കോൺഗ്രസിനു് ശരിയായ ഭൂരിപക്ഷമില്ലാതായതു് വടക്കു് പെപ്സു (പട്ടിയാലയും ഈസ്റ്റ് പഞ്ചാബും സ്റ്റേറ്റ്സ് യൂണിയൻ), തെക്കു് തിരുക്കൊച്ചി, എന്നീ രണ്ടു സംസ്ഥാനങ്ങളിലാണു്. പെപ്സുവിൽ തൽഫലമായി ഉറച്ച ഗവമ്മെൻറു് ഇല്ലാതായ തരംനോക്കി കമ്മ്യൂണിസ്റ്റുകാർ കുഴപ്പമുണ്ടാക്കാൻ തുടങ്ങി. കോൺഗ്രസേതരമായ മററു ഏതൊരു ഉറച്ച ഗവമ്മെണ്ടും അസാദ്ധ്യമായിത്തീർന്നപ്പോൾ അവിടെ ഇൻഡ്യാ യൂണിയൻെറ പ്രസിഡണ്ടു് ഭരണം ഏറെറടുത്തു. ഭരണഘടനയനുസരിച്ചു പ്രസിഡണ്ടു് ഭരണത്തിൻെറ കാലാവധിയായ ആറുമാസം അവസാനിക്കുന്നതിനുമൻപു് ഈയിടെ അവിടെ പുതിയ തിരഞ്ഞെടുപ്പു നടത്തി. അതിൽ കോൺഗ്രസിനു പൂർണ്ണഭൂരിപക്ഷം ലഭിച്ചു. അങ്ങനെപെപ്സുവിലെ കാര്യം ഭദ്രമായി. ഉറച്ച ഗവമ്മെൻറിൻെറ അഭാവത്തിലും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിളയാട്ടത്തിലും സ്വൈരജീവിതം അസാദ്ധ്യമെന്നു് അനുഭവംകൊണ്ടറിഞ്ഞ പെപ്സുവിലെ വോട്ടറന്മാർ ബുദ്ധി പഠിക്കുകയും കോൺഗ്രസിനു് ഉദാരമായി വോട്ടുനൽകുകയുമാണു ചെയ്തതു്.

തിരുക്കൊച്ചിയിലും മുൻതിരഞ്ഞെടുപ്പിൻെറ ഫലം കോൺഗ്രസിനു ഭൂരിപക്ഷമില്ലാത്തതായിരുന്നുവെങ്കിലും ചില സ്വതന്ത്രന്മാരുടെ പിൻതുണയോടുകൂടി ആരംഭത്തിലും, തമിഴ്നാട്ടുകോൺഗ്രസിനോടു് കൂട്ടുചേർന്നു് അതിനുശേഷവും കോൺഗ്രസ്സ് പാർട്ടി നേരിയ ഭൂരിപക്ഷം സമ്പാദിച്ചു ഭരണം നടത്തിപ്പോന്നു. ഒടുവിലായപ്പോൾ തമിഴ്നാട്ടുകോൺഗ്രസുകാർ തെററിപ്പിരിഞ്ഞു. അതിൻെറ ഫലമായി കോൺഗ്രസു പാർട്ടിക്കു ഭരണം മുന്നോട്ടുകൊണ്ടുപോകുവാൻ അസാദ്ധ്യമായതുകൊണ്ടു രാജപ്രമുഖൻ നിയമസഭ പിരിച്ചുവിട്ടു വീണ്ടും തിരഞ്ഞെടുപ്പു നടത്തുവാൻ തീരുമാനിച്ചു. ആ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സുപാർട്ടിക്കു നല്ലൊരു ഭൂരിപക്ഷം കിട്ടുമെന്നായിരുന്നു പ്രതീക്ഷ. തിരഞ്ഞെടുപ്പിനു ഏതാനും മാസങ്ങൾക്കുമൻപു നടന്ന സംസ്ഥാനത്തിലെ പഞ്ചായത്തുകളുടെ തിരഞ്ഞെടുപ്പിൽ പൊതുവെ കോൺഗ്രസിനു ലഭിച്ച ഭൂരിപക്ഷമായിരുന്നു ആ പ്രതീക്ഷയ്ക്കു കാരണം. എന്നാൽ പ്രതീക്ഷയ്ക്കു വിപരീതമായി കോൺഗ്രസിനു ഭൂരിപക്ഷം ഇല്ലാതെയാണു തിരഞ്ഞെടുപ്പു് അവസാനിച്ചതു്.

### കോൺഗ്രസിൻെറ തോൽവിക്കു കാരണം വർഗ്ഗീയത്വമെന്നു പി. സി. സി.

കോൺഗ്രസ് പാർട്ടിയുടെ ഈ തോൽവിക്കു കാരണമെന്തെന്നു് പി. സി. സി. നേതൃത്വം യോഗം കൂടി അവലോകനം ചെയ്തു പ്രസ്താവിച്ചതിങ്ങനെയാണു്:— കഴിഞ്ഞ തവണ ആകെ പോൾ ചെയ്തതിൻെറ 37 ശതമാനം മാത്രം വോട്ടുകൾ കോൺഗ്രസിനു ലഭിച്ചപ്പോൾ ഇത്തവണ 47.7 ശതമാനം ലഭിച്ചിട്ടുണ്ടു്. കഴിഞ്ഞ തവണ 102 സീററുകൾക്കു മത്സരിച്ചതിൽ 41 ലഭിച്ചപ്പോൾ ഇത്തവണ 11[illegible]നു മത്സരിച്ചതിൽ 45 ലഭിച്ചു. അങ്ങനെ ഇത്തവണ അനേകം ലക്ഷം ജനങ്ങൾ കൂട്ടതലായി കോൺഗ്രസിൻെറ പിന്നിൽ അണിനിരന്നിട്ടുണ്ടു്. ഒററ പാർട്ടി എന്ന നിലയിൽ കോൺഗ്രസിനാണു് ഭൂരിപക്ഷം സീററു് കിട്ടിയതു്. അങ്ങനെ വിജയത്തിലും സാരമായ നഷ്ടം കോൺഗ്രസിനു് ഭവിച്ചിട്ടില്ല. എന്നാൽ മുനിസിപ്പൽ പഞ്ചായത്തു തിരഞ്ഞെടുപ്പുകളിലെ അനുഭവങ്ങളും കോൺഗ്രസ് ഗവമ്മെൻറിൻെറ പൊതുജനോപകാരപ്രദമായ പ്രവർത്തനങ്ങളും വച്ചുനോക്കുമ്പോൾ ഇതിനെക്കാൾ വളരെ വലിയ പിൻതുണ കോൺഗ്രസിനു ന്യായമായി പ്രതീക്ഷിക്കാമായിരുന്നു. കോൺഗ്രസിൻെറ പ്രതിയോഗികൾ ജനതാമദ്ധ്യത്തിൽ കുത്തിച്ചെലുത്തിയ വർഗ്ഗീയതയും അവർ അനുഷ്ഠിച്ച അധാർമ്മികനടപടികളും ഒരു വിഭാഗം ജനങ്ങളെ വഴിതെററിച്ചിട്ടുണ്ടു്. അക്കാരണംകൊണ്ടാണു് പ്രതീക്ഷിച്ച ഫലം പൊതുതിരഞ്ഞെടുപ്പിൽ കോൺഗ്രസിനു ലഭിക്കാതിരുന്നതു് (ഇത്രയും പി. സി. സി.)

കാരണമെന്തായാലും കോൺഗ്രസിൻെറ ഭൂരിപക്ഷമില്ലായ്മനിമിത്തം തിരുക്കൊച്ചിയിൽ ഉറച്ച ഗവമ്മെൻറു് ഉണ്ടാകുവാൻ നിവൃത്തിയില്ലാത്ത കുഴഞ്ഞുമറിഞ്ഞ സ്ഥിതിയാണു ആവിർഭവിച്ചതു്. തിരഞ്ഞെടുക്കപ്പെട്ട 117 സാമാജികന്മാരിൽ കോൺഗ്രസിനു് 45, കമ്മ്യൂണിസ്റ്റ് പാർട്ടിക്കു് 23, പി. എസ്. പി. ക്കു് 19, ആർ. എസ്. പി. ക്കു് 9, കെ. എസ് പി. ക്കു് 3, തമിഴ്നാട്ടുകോൺഗ്രസിനു് 12, സ്വതന്ത്രന്മാർക്കു് 6, (സാക്ഷാൽ സ്വതന്ത്രൻ ഒന്നു മാത്രം, ബാക്കിയുള്ളവർ ഐ. മു. കൂട്ടുകെട്ടിൽപെട്ടവരാണു്)— ഇങ്ങനെയാണു് പുതിയ നിയമസഭയിലെ സാമാജികന്മാരുടെ സംഖ്യാനില. കോൺഗ്രസും തമിഴ്നാട്ടുകോൺഗ്രസും രാഷ്ട്രീയവും മററുമായ ആദർശങ്ങളിൽ ഒന്നാണെങ്കിലും ഭൂമിശാസ്ത്രപരമായ അവകാശവാദങ്ങളുടെ ഭിന്നതയാൽ ഒരുമിച്ചുനില്ക്കുവാൻ ഇടയില്ലാത്ത പാർട്ടികളാണു്. അവർ ഒരുമിച്ചു നിന്നാലും സാമാജികസംഖ്യ 57 മാത്രമേ ആകുന്നുള്ളു. ഐ. മു. പാർട്ടികളിലുൾപ്പെട്ടവരുടെ സാമാജികസംഖ്യ, അവരുടെ കൂട്ടുകെട്ടിൽ ഉള്ള 5 സ്വതന്ത്രരുൾപ്പെടെ 40 ആകും. അവരോടു പി. എസ്. പി. പൂർണ്ണമായി യോജിച്ചുനിന്നാൽ സംഖ്യ 59 ആകും. അതു് ഭൂരിപക്ഷം ആണെങ്കിലും വളരെ നേരിയതാണു്. പി. എസ്. പി. ഐ.മു വോട്ടു് പൂർണ്ണമായി യോജിക്കുമോ എന്നു സംശയവുമായി. ഈ സാഹചര്യങ്ങളിൽ ഒരു പാർട്ടി ഒററയ്ക്കുനിന്നോ കൂട്ടുചേർന്നോ ഗവമ്മെൻറു രൂപീകരിക്കാൻ മിക്കവാറും അസാദ്ധ്യമായ ഒരു സ്തംഭനാവസ്ഥയാണു പ്രത്യക്ഷപ്പെട്ടതു്. പ്രസിഡണ്ടു ഭരണം ഒരു പാർട്ടിയും സ്വാഗതം ചെയ്യുന്നുമില്ല. ഈ സ്തംഭനാവസ്ഥയ്ക്കു പരിഹാരം ഉണ്ടാക്കുവാൻ പി. എസ്. പി. ധൈര്യപ്പെടുകയും സകല പാർട്ടികളുടെയും പിൻതുണ ലഭിക്കുമെന്നു് പ്രതീക്ഷിക്കുകയും ചെയ്തു. അങ്ങനെയാണു് ഇവിടെ ഒരു പുതിയ ഗവമ്മെൻറു് രൂപം പ്രാപിച്ചതു്.

* * *

### പി.എസ്. പി-ഐ. മു. ബന്ധം പരസ്പരാരോപണങ്ങൾ

പി. എസ്. പി. യും ഐ. മുവും തമ്മിൽ ബന്ധപ്പെട്ടാണല്ലോ കോൺഗ്രസിനെതിരായി തിരഞ്ഞെടുപ്പിൽ മത്സരിച്ചതു്. ആ ബന്ധം തുടരുമെന്നും തങ്ങളുടെ നേതൃത്വത്തിൽ ഒരു കൂട്ടുഗവമ്മെൻറു് രൂപീകരിക്കുവാൻ സാധിക്കുമെന്നും കമ്മ്യൂണിസ്റ്റ് പാർട്ടി വിചാരിച്ചിരുന്നു. എന്നാൽ മദ്രാസിൽ കൂടിയ പി. എസ്. പി. നാഷണൽ എക്സിക്യൂട്ടീവു് തീരുമാനിച്ചു, തിരുക്കൊച്ചി പി. എസ്. പി., ഐ. മു. വായി യോജിച്ചു കൂട്ടുമന്ത്രിസഭ ഉണ്ടാക്കരുതെന്നു്. ശ്രീ പട്ടവും അദ്ദേഹത്തിൻെറ സഹകാരികളും ആ തീരുമാനം ശിരസാവഹിച്ചു്, ഐ. മു. വായി കൂട്ടുഗവമ്മെൻറിനു് തങ്ങൾ തയ്യാറില്ലെന്നു് തീർത്തുപറഞ്ഞു. ഇതിൽ രോഷാകുലരായ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കൾ പി. എസ്. പി. യുടെ മേൽ ആരോപണങ്ങൾ വർഷിക്കുവാൻ തുടങ്ങി. മദ്രാസിൽനിന്നും മടങ്ങിയെത്തിയ ശേഷം നടത്തിയ പ്രസ് കോൺഫറൻസിൽ ശ്രീ പട്ടം അവയ്ക്കു ഇങ്ങനെ ഖണ്ഡനപരമായ മറുപടി നൽകി:- "നാഷനൽ എക്സിക്യൂട്ടീവിൻെറ ഈ തീരുമാനത്തിനു മുൻപു് ഞങ്ങൾ ഏതോ വാഗ്ദാനം ഐ. മു. വിനു നൽകിയിരുന്നുവെന്നും പ്രസ്തുത തീരുമാനം അതിൻെറ ലംഘനമാണെന്നും മററും ശക്തിയായ എതിർപ്രചരണം കമ്മ്യൂണിസ്റ്റ് നേതൃത്വം ആരംഭിച്ചിരിക്കുന്നു. ഐക്യമുന്നണിയിൽനിന്നു വിഭിന്നമായ ഒരു പ്രത്യേക രാഷ്ട്രീയകക്ഷി എന്ന നിലയിൽ ആണു് പി. എസ്. പി. തിരഞ്ഞെടുപ്പിൽ മത്സരിച്ചതു്. ത്രികോണമത്സരം ഒഴിവാക്കുക എന്നതിൽ കവിഞ്ഞു് മറെറാരു ധാരണയ്ക്കും സാദ്ധ്യമല്ലെന്നു അന്നുതന്നെ പി. എസ്. പി. വ്യക്തമാക്കിയിരുന്നു. ഒരു പാർട്ടി എന്ന നിലയിൽ പി. എസ്. പി. ഒരു സംയുക്ത മന്ത്രിസഭ രൂപീകരിച്ചുകൊള്ളാമെന്നു് ഒരുറപ്പു വാങ്ങിക്കാൻ കമ്മ്യൂണിസ്റ്റുകാർ പല രീതിയിലും ശ്രമിച്ചുവെങ്കിലും, അങ്ങനെ ഒന്നു് ആക്കംതന്നെ പി. എസ്. പി. നൽകിയിട്ടില്ല; പാർട്ടിയുടെ അഖിലേന്ത്യാ കൺവെൻഷൻ തീരുമാനമനുസരിച്ചു് അത്തരത്തിലൊരുറപ്പു നൽകുന്നതിനു എനിക്കോ സംസ്ഥാനപാർട്ടിക്കോ സാദ്ധ്യമല്ലാ എന്നതു് ഉറപ്പിനു് ആവശ്യപ്പെട്ടവർക്കുതന്നെ അറിവുണ്ടായിരുന്നു. തിരഞ്ഞെടുപ്പിൽ കോൺഗ്രസ് തോൽവിയടഞ്ഞുപോയാൽ അന്നത്തെ സ്ഥിതിഗതിയനുസരിച്ചു് ഒരു കോൺഗ്രസേതര മന്ത്രിസഭ ഉണ്ടാകുന്നതിനു് യുക്തമായതു ചെയ്യുമെന്നു് മാത്രമാണു് ഞാൻ പ്രചരണയോഗങ്ങളിൽ എല്ലായിടത്തും പ്രസ്താവിച്ചിട്ടുള്ളതു്"

### നേരുകേടുചെയ്തതു് ഐ. മു. വാണെന്നു് ശ്രീ പട്ടം

തെരഞ്ഞെടുപ്പിനുശേഷം മന്ത്രിസഭാരൂപീകരണം സംബന്ധിച്ചു് ഐ. മു. വായി താൻ നടത്തിയ ചർച്ചകളെക്കുറിച്ചു് ശ്രീ പട്ടം ഇങ്ങനെ തുടന്നു:—

ഐ. മു. നേതൃത്വത്തിലും പി. എസ്. പി. കൂടാതെയും ഒരു മന്ത്രിസഭ രൂപീകരിക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറെറടുക്കുവാൻ ഐ മു. തയ്യാറില്ലെന്നു് അവർ ആദ്യമേതന്നെ എന്നെ അറിയിച്ചു. ഒരു മന്ത്രിസഭ രൂപീകരിക്കുന്നതിനുള്ള നേതൃത്വം നൽകേണ്ടതു് പി. എസ്. പി. യാണെന്നും അതിൻെറ വിശദാംശങ്ങളെപ്പററി ഐ മു. വുമായി ചർച്ചനടത്തേണ്ടതാണെന്നും നിർദ്ദേശമുണ്ടായി. ചർച്ചാഫലം എന്തുതന്നെയായിരുന്നാലും അതനുസരിച്ചു് സ്വീകരിക്കുന്ന തീരുമാനങ്ങൾക്കു് പി. എസ്. പി. നാഷനൽ എക്സിക്യൂട്ടീവിൻെറയും ജനറൽ കൗൺസിലിൻെറയും അംഗീകാരം ആവശ്യമാണെന്നുള്ള കാര്യം മുൻകൂട്ടി ഞാൻ ഐ. മു. പ്രതിനിധികളെ അറിയിച്ചിട്ടുണ്ടാ

യിരുന്നു. ഒരു മന്ത്രിസഭ രൂപീകരിക്കുവാനിടയാകുന്നപക്ഷം ഐ. മു. സ്വീകരിക്കേണ്ട ചില വ്യവസ്ഥകൾ ഞാൻ ടി. വി. തോമസിനെ അറിയിച്ചു. അദ്ദേഹം അതു അംഗീകരിക്കുകയുംചെയ്തു. എന്നാൽ അതിനുശേഷം നടന്ന ചർച്ചകളിൽ കമ്മ്യൂണിസ്റ്റുകാരുടെ നിർദ്ദേശങ്ങൾക്കു് പല മാററങ്ങൾ അവർ വരുത്തി. പുതിയ പല അവകാശവാദങ്ങളും അവർ ഉന്നയിച്ചു. 59 പേരുടെ നേതാവായി എന്നെ അംഗീകരിച്ച വിവരം ഞാൻ രാജപ്രമുഖനെ അറിയിക്കണമെന്നും, കൂടിക്കാഴ്ചയ്ക്കു് അഭ്യർത്ഥിക്കണമെന്നും, അതിനു മുൻപായി ഐ. മു. കക്ഷിയിലുള്ളവർ ഒപ്പിട്ട കടലാസ് എന്നെ ഏല്പിച്ചുകൊള്ളാമെന്നും സമ്മതിച്ചിരുന്നു. എന്നാൽ അങ്ങനെ ഒപ്പിട്ടകടലാസ് രാജപ്രമുഖനെ സന്ദർശിക്കുന്നതിനുമുൻപു് അവരെന്നെ ഏല്പിക്കുകയുണ്ടായില്ല. എന്തുകൊണ്ടാണെന്നു് അവർ ഇനിയും എന്നെ അറിയിച്ചിട്ടുമില്ല.

തെരഞ്ഞെടുപ്പുകഴിഞ്ഞശേഷം പി. എസ്. പി. ക്കു് എതിരായി തീവ്രമായ കുപ്രചരണം കമ്മ്യൂണിസ്റ്റുനേതൃത്വം ആരംഭിച്ചിട്ടുള്ളതായും കാണുന്നു. ഞാൻ മദ്രാസിലായിരുന്നപ്പോൾ ഇവിടെ നടന്ന ഒരു കമ്മ്യൂണിസ്റ്റുയോഗത്തിൽ പി. എസ്. പി. നേതാക്കന്മാരെ വിമർശിക്കുന്നതിനു് കമ്മ്യൂണിസ്റ്റുകാർ ഉപയോഗിച്ച ഭാഷ എന്നെ വളരെ വിസ്മയിപ്പിച്ചു. അങ്ങേയററം പ്രകോപനപരമായ ഈ ആക്രമണങ്ങൾ നടത്തിയശേഷം, ഐ. മു. രൂപീകരിക്കുന്ന മന്ത്രിസഭയ്ക്കു് എന്റെ പാർട്ടി പിൻതുണ നൽകണമെന്നവർ ആവശ്യപ്പെട്ടു. അതേസമയത്തു് പി. എസ്. പി. തനിച്ചുള്ള മന്ത്രിസഭ ജനാധിപത്യവിരുദ്ധവും പിൻതിരിപ്പനുമായിരിക്കുമെന്നും, അതിനു പിൻതുണനൽകുവാൻ തങ്ങൾ തയ്യാറില്ലെന്നും കമ്മ്യൂണിസ്റ്റുപാർട്ടി സിക്രട്ടറി പ്രസ്താവിച്ചു. ഇതു പറഞ്ഞശേഷവും ഞങ്ങളുടെ പിൻതുണ ആവശ്യപ്പെട്ടതിലുള്ള ഔചിത്യബോധം വിസ്മയാവഹമാണെന്നുവരികിലും ഐക്യമുന്നണി മന്ത്രിസഭ രൂപീകരിക്കുന്നപക്ഷം, പി. എസ്. പി. യുടെ നയപരിപാടികൾക്കും രാജ്യതാല്പര്യങ്ങൾക്കും അനുയോജ്യമായി അവർ പ്രവർത്തിക്കുന്നിടത്തോളം കാലം അവർക്കു് പിൻതുണ നൽകുന്നതിനു് ഞങ്ങൾ തീരുമാനിച്ചു. ഈ വിവരം ഐ. മു. ലീഡറിനെ ഞാനറിയിക്കുകയും ചെയ്തിട്ടുണ്ടു്. (ഇങ്ങനെ ശ്രീ പട്ടം പ്രസ്കോൺഫറൻസ് ഉപസംഹരിച്ചു.)

അതു കഴിഞ്ഞപ്പോൾ ഐ. മു.

വിനെ പി. എസ്. പി. പിൻ

താങ്ങരുതു് എന്നു് പി. എസ്.

പി. നാഷനൽ എക്സിക്യൂട്ടീവ് ചെയർമാൻ ശ്രീ ആചാര്യകൃപലാനിയുടെഅറിയിപ്പു വന്നെത്തി.

* * *

പി. എസ്. പി. മന്ത്രിസഭയ്ക്കു്

കോൺഗ്രസിന്റെ പിൻതുണ

ഇതിനിടയിൽ പി സി. സി. പ്രസിഡന്റ് ശ്രീ കെ. പി. മാധവൻനായർ പത്രപ്രതിനിധികളോടു് സംഭാഷണമദ്ധ്യേ പ്രസ്താവിച്ചു. പി. എസ്. പി. തനിച്ചു് മന്ത്രിസഭ രൂപീകരിച്ചാൽ അതിനു് പിൻതുണനൽകുവാൻ കോൺഗ്രസിനു് വിഷമതയില്ലെന്നു്. ഈ ആശയംതന്നെ കോൺഗ്രസ്പാർട്ടി ലീഡർ ശ്രീ പനമ്പിള്ളി പത്രപ്രതിനിധികളോടുചെയ്ത പ്രസ്താവനയിലും പ്രകാശിപ്പിച്ചു. പ്രസ്താവനയിൽ ആശയം ഇങ്ങനെ വിശദീകരിച്ചു:—

## വിദേശവാർത്തകൾ

### ജയിലിൽവച്ചു ബറിയാ മാനസാന്തരപ്പെട്ടു

അടുത്തകാലത്തു വെടിവച്ചു കൊല്ലപ്പെട്ട റഷ്യൻ ഡപ്യൂട്ടി പ്രധാനമന്ത്രി ലവറന്തി ബറിയാ മോസ്കോയിലെ ഒരു കാരാഗൃഹത്തിൽവെച്ചു പുതിയ നിയമത്തിന്റെ ഒരു കോപ്പി ആവശ്യപ്പെടുകയുണ്ടായി എന്നു ഡബ്ലിനിൽനിന്നു പുറപ്പെടുന്ന "സ്ലാൻഡേർഡ്" എന്ന വാരികയിൽ റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. പൂർവ്വജർമ്മനിയിലെ സോവ്യററ് ഡെപ്യൂട്ടി ഹൈക്കമ്മീഷണരായിരുന്ന പ്രൊഫസ്സർ പി. യുഡിനിൽ നിന്നാണു "സ്ലാൻഡേർഡ്" പത്രത്തിനു് ഈ വിവരം ലഭിച്ചതു്. പി. യുഡിൻ മുമ്പു് ബുക്കാറസ്റ്റിലെ കൊമിൻഫോം ബ്യൂറോയുടെ ഡയറക്ടരായിരുന്നിട്ടുണ്ടു്. ജോർജിയൻ ഭാഷയിലുള്ള പുതിയ നിയമമാണു് ബറിയാ ആവശ്യപ്പെട്ടതെന്നും സോവ്യററ് ജയിൽ അധികൃതർ ബറിയായുടെ അഭീഷ്ടം സാധിച്ചുകൊടുത്തുവോ എന്നറിഞ്ഞുകൂടെന്നും "സ്ലാൻഡേർഡ്" തുടർന്നു റിപ്പോർട്ടുചെയ്തിരിക്കുന്നു.

അടുത്തകാലത്തു് കമ്മ്യൂണിസ്റ്റുകൾ അറസ്റ്റുചെയ്ത കാർഡിനൽ വിഷിൻസ്കി തിരുമേനിയെ മോസ്കോയിലെ ല്യൂബ്ലാൻകാ ജയിലിൽ ബറിയായുടെ തടങ്കൽമുറിയുടെ അടുത്ത മുറിയിൽ പാർപ്പിച്ചിരിക്കുന്നതായി "സ്ലാൻഡേർഡ്" നേരത്തെ റിപ്പോർട്ടുചെയ്തിരുന്നു. ബറിയാ വധിക്കപ്പെട്ട ദിവസം കർദ്ദിനാൾതിരുമേനി പ്രാർത്ഥനയിൽ മുഴുകിയിരുന്നു എന്നും മരണത്തിനു മുമ്പു് ബറിയാ മാനസാന്തരപ്പെടുകയുണ്ടായി എന്നുമാണു് ഇപ്പോൾ അറിയുന്നതു്.

### ക്രിസ്തുമതത്തെ നശിപ്പിക്കാൻ

ക്രിസ്തുമതത്തെ നശിപ്പിക്കുവാനുള്ള പരിപാടികൾ കമ്മ്യൂണിസ്റ്റുകൾ ആസൂത്രണം ചെയ്തിരിക്കുന്നതായി ഇരുമ്പുമറയ്ക്കുള്ളിൽ നിന്നു രഹസ്യറിപ്പോർട്ടുകൾ ലഭിച്ചിരിക്കുന്നുവെന്നു ചർച്ചു് ഓഫ് ഇംഗ്ലണ്ടിന്റെ ഒരു ബിഷപ്പു് ലണ്ടനിൽ ചർച്ചു് അസംബ്ളിയിൽ പ്രസ്താവിച്ചിരിക്കുന്നു. കമ്മ്യൂണിസത്തിനെതിരായി സമരം ചെയ്യുന്ന റോമൻ കത്തോലിക്കാസഭയുടെ പ്രവർത്തനങ്ങൾ പ്രശംസാർഹമാണെന്നു അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. വിവിധ കമ്മ്യൂണിസ്റ്റു് രാജ്യങ്ങളിൽ നടക്കുന്ന മതമർദ്ദനത്തെ ബിഷപ്പു് തിരുമേനി വിശദീകരിച്ചു.

## റോമാവാർത്തകൾ

### മാർപ്പാപ്പാ തിരുമേനിയുടെ ആലസ്യം

മാർപ്പാപ്പാ തിരുമനസ്സിലെ ആലസ്യം ആമാശയക്കുടലുകൾ ചുരുങ്ങുന്നതാണെന്നു റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. തിരുമനസ്സിലെ രോഗവിവരം അറിയുവാൻ ആകാംക്ഷകാണിച്ച കർദ്ദിനാളന്മാർക്കും മററു പ്രമുഖർക്കും നൽകപ്പെട്ട മറുപടിയിലാണു ഈ വിവരം പ്രസ്താവിച്ചിരിക്കുന്നതു്. ഈ അസ്വാസ്ഥ്യത്തിന്റെ മുഖ്യമായ ലക്ഷണം ചെറുകുടലുകളോടുബന്ധിക്കുന്ന ആമാശയഭാഗംചുരുങ്ങിപ്പോവുക എന്നുള്ളതാണു്. ഈ ആമാശയവരൾച്ച നിമിത്തം ചെറിയ അംശത്തിലുള്ള ഭക്ഷണംപോലും യഥാസ്ഥാനത്തു തങ്ങുന്നതല്ല. എങ്കിലും ഏററവും ചെറിയതോതിലുള്ള ഭക്ഷണം കൊണ്ടു പരോക്ഷമായ പോഷണ പരിപാടി ലഘുവാക്കുവാൻ ഡോക്ടർമാർക്കു കഴിഞ്ഞിട്ടുണ്ടു്. മുന്തിരിങ്ങായുടെ ചാറും ഏത്തയ്ക്കായുടെ പേസ്റ്റും അല്പാല്പമായി തിരുമനസ്സിലേക്കു നൽകുന്നതായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

### മാർപ്പാപ്പാ ദർശനംനൽകി

രണ്ടുമാസക്കാലമായി ആലസ്യംമൂലം ശയ്യാവലംബിയായിരിക്കുന്ന പരിശുദ്ധപിതാവു് 12-ാം പീയൂസ് മാർപ്പാപ്പാ വിശുദ്ധ യൗസേപ്പിന്റെ തിരുനാളായ മാർച്ച് 19-ാംനു അവിടുത്തെക്കണ്ടു് ആശീർവ്വാദം വാങ്ങുവാൻ വത്തിക്കാൻ അങ്കണത്തിൽ തടിച്ചുകൂടിയ 65000 ത്തോളംവരുന്ന ഒരു ജനക്കൂട്ടത്തിനു അരമനയിൽ അവിടുത്തെ പാനമുറിയുടെ ജനലിനടുത്തു വന്നുനിന്നുകൊണ്ടു് ദർശനമരുളുകയും വാഴ്വു നൽകുകയുംചെയ്തു. തിരുസഭാസംരക്ഷകനായ വിശുദ്ധ യൗസേപ്പുപിതാവിന്റെ തിരുനാൾ ഇററലിക്കുമുഴുവൻ ഒരു ഔദ്യോഗികഒഴിവു ദിവസമായിരുന്നു.

### കമ്മ്യൂണിസ്റ്റ് ഭരണത്തെ അപലപിക്കുന്നു

ഓസ്ട്രേലിയായുടെ യു. എൻ. പ്രതിനിധിയായ സർ പേഴ്സി സ്പെൻസർ, യു. എൻ. അസംബ്ളിയിൽ കൊറിയൻ കാര്യങ്ങളെപ്പററി വിമർശിക്കയിൽ ഇപ്രകാരം പ്രസ്താവിച്ചു: "മനഃസാക്ഷിയനുസരിച്ചു ദൈവത്തെ ആരാധിക്കുന്നതിനുള്ള അവകാശം ആദരിക്കപ്പെടാത്തപ്പോൾ, ആരാധനാസ്വാതന്ത്ര്യത്തെ ഇവിടെ കൂടിയിരിക്കുന്ന എല്ലാവരും അനുവദിച്ചുകൊടുക്കാത്തപ്പോൾ കാർഡിനൽ വിഷിൻസ്കിയുടെ വിഷയത്തിലെന്നപോലെ മനുഷ്യനും ദൈവവും തമ്മിലുള്ള പരിശുദ്ധബന്ധത്തെ ചില രാഷ്ട്രങ്ങൾ അംഗീകരിച്ചുകൊടുക്കാതിരിക്കുമ്പോൾ, സന്മാർഗ്ഗമൂല്യങ്ങൾ ഇത്ര നീചനീചമായി അധഃപതിച്ചുകാണുന്നതിൽ എന്തിനു അത്ഭുതപ്പെടുന്നു."

### കൂട്ടുകൃഷി റഷ്യയിൽ പരാജയപ്പെടുന്നു

ക്രെംലിന്റെ കൂട്ടുകൃഷി പദ്ധതി പരാജയപ്പെട്ടതിനാൽ സോവ്യററ് യൂണിയനിലെയും ഉപഗ്രഹരാജ്യങ്ങളിലെയും കൃഷി ഒരു പ്രതിസന്ധിഘട്ടത്തിലെത്തിയിരിക്കുന്നു എന്നു് ഐക്യരാഷ്ട്രങ്ങൾ മാർച്ച് 15-ാംനു പ്രസിദ്ധീകരിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറയുന്നു. ഐക്യരാഷ്ട്ര ഭക്ഷ്യകൃഷിസംഘടന (എഫ്. എ. ഒ), യൂറോപ്പിനുവേണ്ടിയുള്ള ഐക്യരാഷ്ട്ര സാമ്പത്തികക്കമ്മീഷന്റെ സഹകരണത്തോടുകൂടി തയ്യാറാക്കിയതാണു് പ്രസ്തുത റിപ്പോർട്ടു്.

ഇരുമ്പുമറയ്ക്കു് പിന്നിൽ കൃഷി പരാജയപ്പെടാൻ താഴെപ്പറയുന്ന കാരണങ്ങൾ റിപ്പോർട്ടു് ചൂണ്ടിക്കാണിക്കുന്നു.

1. ഉല്പാദനപദ്ധതികൾക്കു് രാജ്യത്തിലെ വിഭവങ്ങൾ വിഭജിച്ചപ്പോൾ സ്റ്റേററു്, കർഷകർക്കു് ശരിയായി പരിഗണന നൽകിയില്ല.

2. വേണ്ടത്ര പണവും, യന്ത്രസാമഗ്രികളും, സുശിക്ഷിതരായ ഉദ്യോഗസ്ഥന്മാരെയും മുൻകൂട്ടി കരുതാതെ, വമ്പിച്ച കൂട്ടുകൃഷി പദ്ധതികൾ ഏർപ്പാടുചെയ്തു.

3. കർഷകോല്പാദനം വർദ്ധിപ്പിക്കാൻ ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകിയില്ല. പ്രത്യേകിച്ചു്, സ്വകാര്യകൃഷിക്കാരെ തീരെ കരുതിയില്ല.

### ഹൈഡ്റജൻ ബോംബു് പരീക്ഷണം

അമേരിക്ക ഈയിടെ ശാന്തസമുദ്രമദ്ധ്യത്തിൽവച്ചു് ഹൈഡ്റജൻ ബോംബു് പരീക്ഷണാർത്ഥം പൊട്ടിച്ചതിൽ അതു ആററം ബോംബിനെക്കാൾ 600 ഇരട്ടി ശക്തിമത്താണെന്നു തെളിഞ്ഞിരിക്കുന്നതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. അതിന്റെ സ്ഫോടനശക്തി 176 മൈലുകൾവരെ വ്യാപിക്കുകയുണ്ടായെന്നും 1952 നവമ്പറിൽ പരീക്ഷണം നടത്തിയ ആദ്യത്തെ ഹൈഡ്റജൻ ബോംബിനെക്കാൾ അഞ്ചിരട്ടി ശക്തി ഇപ്പോഴത്തേതിനുണ്ടെന്നും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

—o—

വി. യൂദാ തദ്ദേവൂസ് ശ്ലീഹായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത.

K. C. A.

### വത്തിക്കാൻ ബന്ധം പുലർത്തണം

അമേരിക്കൻ ഐക്യസംസ്ഥാനത്തിലെ സ്റ്റേററ് അണ്ടർ സിക്രട്ടറി ജനറൽ വാൾട്ടർ ബെഡെൽ സ്മിത്തു് വത്തിക്കാനും ഐക്യനാടുകളും തമ്മിൽ ഔദ്യോഗികമായ പരസ്പരബന്ധം പുലർത്തേണ്ടതു് ആവശ്യമെന്നും "ദൗത്യബന്ധപരമായ കാര്യങ്ങളിലും പ്രത്യേകിച്ചു് കമ്മ്യൂണിസത്തോടുള്ള ലോകവ്യാപകമായ പ്രതിരോധനശ്രമങ്ങളിലും പ്രസ്തുത സമ്പർക്കം വളരെ ഉപകാരപ്രദമായിരിക്കും" എന്നും പ്രസ്താവിച്ചിരിക്കുന്നു.

### അൽമായ പ്രവർത്തകരെ പരിശീലിപ്പിക്കണം

പരിശുദ്ധ പിതാവു് 12-ാം പീയൂസ് മാർപ്പാപ്പാ രോഗശയ്യയിൽനിന്നും റോമിലെ ഇടവകവികാരിമാർക്കും നോമ്പുകാലപ്രസംഗകർക്കുമായി നൽകിയ ഒരു സന്ദേശത്തിൽ അത്മായ പ്രവർത്തകരെ സംഘടിപ്പിക്കുന്നതിനും ഉത്തമമായ ശിക്ഷണവും പരിശീലനവും അവർക്കു നൽകുന്നതിനും ശക്തിയായി ഉൽബോധിപ്പിച്ചിരിക്കുന്നു. "പൊതുസമ്മേളനങ്ങളെ അഭിസംബോധനം ചെയ്യുന്നതിനും, പൊതുസ്ഥലങ്ങളിലും, ആഫീസുകളിലും, തൊഴിൽകേന്ദ്രങ്ങളിലും, തെരുവുകളിലും തിരുസഭയെ പ്രതിയോഗികളുടെ ആക്രമണങ്ങളിൽനിന്നു രക്ഷിക്കുന്നതിനും കഴിവുള്ള ആളുകൾ ഇന്നു എത്ര അത്യാവശ്യമായിരിക്കുന്നു എന്നു നിങ്ങൾക്കറിയാമല്ലോ. സഹപ്രവർത്തകരെ നിങ്ങൾ കണ്ടുപിടിക്കുക. അവർ എത്രപേരുണ്ടെന്നു് നിങ്ങൾ മനസ്സിലാക്കുക. അവർ എവിടെയെല്ലാമാണെന്നും അവർക്കു് എന്തെല്ലാം ചെയ്യാൻ കഴിയുമെന്നും നിങ്ങൾ ഗ്രഹിക്കുക. എവിടെയെല്ലാം അവരെ ഫലപ്രദമായി ഉപയോഗിക്കാമെന്നും പഠിക്കുക. അവരെ കണ്ടുപിടിച്ചുകഴിഞ്ഞാൽ അവരെ പരിശീലിപ്പിക്കുന്നതിനു ശ്രദ്ധിക്കണം. പരിശീലനത്തിനുവേണ്ടി ചിലവാക്കുന്ന സമയം ഒരു നഷ്ടമല്ലെന്നോർക്കണം. എല്ലാററിലും ഉപരിയായി അവരുടെ ആദ്ധ്യാത്മികസംസ്കരണത്തെപ്പററി ശ്രദ്ധിക്കുക. അവർ ക്രിസ്തുവിനെ ധരിക്കുകയും ക്രിസ്തുവിനാൽ പോഷിപ്പിക്കപ്പെടുകയും ചെയ്യട്ടെ" എന്നാണു് പരിശുദ്ധ പിതാവു് പ്രസ്താവിച്ചിരിക്കുന്നതു്.

—o—

വിദേശ മന്ത്രിസഭയ്ക്കു് ഹൃദയപൂർവ്വമായ സ്വാഗതം!

## ഇന്ത്യയിൽ

ഒരു ഗവർമ്മെന്റു് രൂപീകരിക്കുവാൻ എനിക്കു താല്പര്യമില്ല. കഴിയുമെങ്കിൽ പ്രസിഡന്റ് ഭരണം ഒഴിവാക്കണമെന്നു് കോൺഗ്രസിനു് നിർബന്ധമുണ്ടു്. അതുകൊണ്ടു് ഐ. മു. വായാലും, പി. എസ്. പി. യായാലും ഗവർമെന്റു് രൂപീകരിക്കുന്നതിൽ ഞങ്ങൾ വിലങ്ങുതടിയായി നില്ക്കുകയില്ല. കമ്മ്യൂണിസ്റ്റു ഗവർമെന്റിനും അവരുടെ സഹയാത്രക്കാർക്കും (ആർ. എസ്. പി., കെ. എസ്. പി. മുതലായവർക്കും) ഞങ്ങൾ സഹകരണം നൽകുകയില്ലെന്നുള്ളതു തീർച്ച. അവരും ഞങ്ങളും തമ്മിൽ പൊതുവായി മിക്കവാറും ഒന്നുമില്ല. പി. എസ്. പി. യോടു് ഞങ്ങൾക്കു് സഹകരിക്കാൻ കഴിയും, ഞങ്ങൾ സഹകരിക്കുകയും ചെയ്യും. കാരണം, ഞങ്ങൾ തമ്മിൽ പൊതുവായി ഒട്ടുവളരെയുണ്ടു്. ഒരു പി. എസ്. പി. ഗവർമെന്റിനു് ഞങ്ങൾ പൊതുവായും അവർക്കു് ഉതകത്തക്കവിധത്തിലും സഹകരണം നൽകുന്നതാണു് (ഇത്രയും ശ്രീ പനമ്പിള്ളി). കോൺഗ്രസ് നേതാക്കന്മാരുടെ ഈ സഹകരണാത്മകമായ നിഷ്പക്ഷബോധ്യമായതോടുകൂടി ശ്രീ പട്ടം രാജപ്രമുഖൻ തിരുമേനിയെ സന്ദർശിച്ചു. തിരുമേനി ശ്രീ പട്ടത്തെ മുഖ്യമന്ത്രിയായി നിയമിക്കുകയും അദ്ദേഹം വഴിയെ സഹമന്ത്രിമാരെ തെരഞ്ഞെടുക്കുകയും ചെയ്തു.

പുതിയ മന്ത്രിസഭയ്ക്കു് ഹൃദയപൂർവ്വമായ സ്വാഗതം! അവരെ തിരുക്കൊച്ചിയുടെ സാക്ഷാൽ സംരക്ഷകന്മാരായിരിക്കുവാൻ സർവ്വശക്തനായ ദൈവം അനുഗ്രഹിക്കുമാറാകട്ടെ!!

### ജപാപ്പസ്തോലസഖ്യത്തിന്റെ ഏപ്രിൽമാസത്തെ പൊതുനിയോഗം

"ഇടവകവികാരിമാർക്കും അവരുടെ അസിസ്റ്റന്തിമാർക്കും വേണ്ടി."

### വേദപ്രചാരനിയോഗം

"സ്കാൻഡനേവിയായിലും ഐസ്‌ലണ്ടിലും, ഫിൻലണ്ടിലും ഉള്ള തിരുസഭയ്ക്കു വേണ്ടി"

## അടുത്ത യാഴ്ചയിൽ

മാർച്ച്

28 ഞാ: നോമ്പു് 4-ാം ഞായർ
29 തി: ജോനാസും ബറാക്കീസിയൂസും
30 ചൊ: യോഹന്നാൻ ക്ലീമാക്കൂസ്
31 ബു: ബഞ്ചമിൻ

ഏപ്രിൽ

1 വ്യാ: വി. ഹൂ
2 വെ: കർത്താവിന്റെ തിരുരക്തം
3 ശ: റിച്ചേർഡ്

സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| | | പ്രതിവർഷം |
| ഇൻഡ്യയിൽ | ക. | 6— 8—0 |
| ഇൻഡ്യക്കുപുറമെ | " | 8—12—0 |

## വിവാഹങ്ങൾ

തൃശ്ശൂർ:—കോനിക്കരവാറുണ്ണി തോമസിന്റെ പുത്രി കുമാരി സിസിലി തോമസ്സും ഞാറക്കൽ ശ്രീ കിരിയാന്തൻ പൗലോസ് ഉരുമീസും തമ്മിലുള്ള വിവാഹം സ്ഥലത്തെ വ്യാകുലമാതാവിന്റെ പുത്തൻപള്ളിയിൽവച്ചു 1954 മാർച്ച് 1-ാംനു നടന്നിരിക്കുന്നു.

പുതുക്കാട്ട്—പരേതനായ ശ്രീ കെ. പി. ലാസറുടെ മകൻ ശ്രീ കെ. എൽ. തോമസും, തൃശ്ശൂർ ശ്രീ പുല്ലൻ കുഞ്ഞുവറിയതു് അന്തോണി അവർകളുടെ പുത്രി കുമാരി കൊച്ചുത്രേസ്യായും തമ്മിലുള്ള വിവാഹം ഫെബ്രുവരി 23-ാംനു തൃശ്ശൂർ ലൂർദ്ദ് ഭദ്രാസനപ്പള്ളിയിലെ ഭൂഗർഭദേവാലയത്തിൽവച്ചു് സമംഗളം നടന്നിരിക്കുന്നു.

# മാതാക്കളുടെ പ്രേഷിതത്വം

(മാത്യു വരിക്കപ്പാംമൂട്ടിൽ)

വിവിധതുറകളിൽ സമുദായസേവനമനുഷ്ഠിക്കുന്ന ത്യാഗിവീരന്മാരെ വാർത്തെടുക്കുന്നതു മാതാക്കളാണു. മഹാന്മാരുടെ എല്ലാം തന്നെ വിജയത്തിനു് അടിത്തറ പാകിയതു മാതാക്കളാണു്. ആദ്ധ്യാത്മികജീവിതത്തിൽ ആയിരങ്ങൾക്കു് ഉയിരും ഉത്തേജനവും പകർന്നുകൊടുക്കുന്ന ജിതേന്ദ്രിയന്മാരായ വൈദികന്മാരാകേണ്ടവരെ ബാല്യത്തിൽ സംരക്ഷിക്കുന്നതും അവർക്കു പ്രാഥമിക ശിക്ഷണം നൽകുന്നതും മാതാക്കളാണു്. അനേകലക്ഷങ്ങൾക്കു മാർഗ്ഗദർശികളായി ചക്രവാളത്തിനപ്പുറത്തു നിലകൊള്ളുന്ന ഫ്രാൻസീസു് ദെ സാലസ്, വി. അൽഫോൻസസു് ലിഗോരി ആദിയായ വിദ്യുജ്ജിഹ്വകളെ വൈദികാന്തസ്സിലേക്കു നയിച്ചതും അവരുടെ മാതാക്കളാണു്.

വി. ഫ്രാൻസിസു് ദെ സാലസിനു ദൈവവിളി അനുസരിക്കുവാൻ അദ്ദേഹത്തിന്റെ മാതാവു മാഡം ദെ ബോയിസി നൽകിയ പ്രോത്സാഹനം എല്ലാ മാതാക്കൾക്കും ഉത്തമമായ ഒരു മാതൃകയാണു്. വളരെക്കാലം സന്താനങ്ങളില്ലാതിരുന്ന ആ മഹതി ദൈവതിരുമനസ്സിനു പൂർണ്ണമായി കീഴ്പെട്ടുകൊണ്ടു ഒരു ദിവസം അന്നസിയിലെ ദൈവമാതാവിന്റെ പള്ളിയിൽ പോയി പ്രാർത്ഥിച്ചു: "നാഥേ, എനിക്കൊരു പുത്രനെ നൽകുവാൻ അവിടുന്നു തിരുമനസ്സായാൽ, അവനെ സ്വർഗ്ഗഭാഗ്യത്തിനർഹനാക്കുവാൻ എന്നാലാവതു ഞാൻ പണിപ്പെട്ടുകൊള്ളാം!!"

ഭക്തവത്സലയായ ദിവ്യജനനി അവളെ കടാക്ഷിച്ചു. 1567 ആഗസ്റ്റിൽ അവൾ ഒരു പുത്രനെ പ്രസവിച്ചു. കുട്ടിയെ ദൈവഭക്തിയിലും പരസ്നേഹചൈതന്യത്തിലും അവൾ വളർത്തി. ആദ്യകുർബാനാനുഭവത്തിനു ശേഷം അവൻ അമ്മയുടെ ചെവിയിൽ മന്ത്രിച്ചു: "അമ്മേ, എനിക്കൊരു വൈദികനാകണം."

ദിനങ്ങളുടെ തുള്ളികൾ ആഴ്ചയുടെ ചാലുകൾ നിറച്ചു. അവ ഒഴുകിയിറങ്ങി ഒരു മഹാസമുദ്രമായി. ഇന്നു ഫ്രാൻസിസു് ഒരു യുവാവാണു്. ആകാരസൗഷ്ഠവവും കായബലവും ധിഷണാവിലാസവും കലർന്ന അദ്ദേഹം കോളെജുവിദ്യാഭ്യാസം പൂർത്തിയാക്കി. പിതാവാഗ്രഹിച്ചു തന്റെ കുടുംബത്തിനു നിലയും വിലയും സമ്പാദിക്കുവാൻ അവനൊരു വക്കീലാകണമെന്നു്. തന്റെ അഭീഷ്ടത്തിനെതിരായി ഫ്രാൻസിസു് സെമ്മിനാരിയിൽ ചേരുവാനാഗ്രഹിക്കുന്നുവെന്ന വിവരമറിഞ്ഞു് അദ്ദേഹം കോപാകുലനായി. അമ്മ ഇടയ്ക്കുകയറി മകനുവേണ്ടി വാദിച്ചു: "ദൈവം തന്റെ വേലയ്ക്കു തിരഞ്ഞെടുക്കുന്ന ഒരാത്മാവിന്റെ കാര്യത്തിൽ അവിടുത്തോടു് എതിർവാദം ചെയ്യുക ശരിയോ?"

1593-ൽ ഫ്രാൻസിസു് വൈദികപദത്തിലേക്കുയർത്തപ്പെട്ടപ്പോൾ ആ മഹതി അദ്ദേഹത്തെ ആദ്ധ്യാത്മികപിതാവായി സ്വീകരിച്ചു. 1602-ൽ അദ്ദേഹം മെത്രാനായി അഭിഷിക്തനായപ്പോൾ അവളുടെ ആനന്ദം പതിന്മടങ്ങു വർദ്ധിച്ചു. ആദ്ധ്യാത്മികോന്നമനത്തിൽ വലിയ ശ്രദ്ധ പതിപ്പിച്ചിരുന്ന അവൾക്കു സ്വപുത്രന്റെ "ഭക്തിമാർഗ്ഗപ്രവേശിക" എന്ന വിശിഷ്ടഗ്രന്ഥം വായിക്കുവാൻ ഭാഗ്യം സിദ്ധിച്ചു.

അവളുടെ മരണസമയത്തു് ആശ്വാസമരുളുവാൻ അന്നസിയുടെ മെത്രാൻ —വത്സലപുത്രൻ— അവളുടെ സമീപത്തുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കരങ്ങളിലേക്കു് തല ചായിച്ചുകൊണ്ടു് അവൾ പറഞ്ഞു: "അവിടുന്നെന്റെ പിതാവും പുത്രനുമാണു്." നിത്യനിദ്രയുടെ ചുംബനമേററുറങ്ങിയ അവളുടെ കണ്ണുകൾ അദ്ദേഹമാണു് തിരുമ്മിയടച്ചതു്.

ഇതുപോലെ ഒട്ടനേകം വൈദികോത്തംസങ്ങളെ തിരുസ്സഭയ്ക്കു നൽകുന്നതിനും അവരിൽനിന്നു തന്നെ അന്ത്യകൂദാശ സ്വീകരിച്ചതിനുശേഷം സ്വർഗ്ഗീയസമ്മാനത്തിനായി നിത്യപുരോഹിതനായ ക്രിസ്തുവിന്റെ സന്നിധിയിലേക്കു് സസന്തോഷം പോകുന്നതിനും സാധിച്ച മാതാക്കൾ നിരവധിയുണ്ടു്. "നീ എനിക്കു തന്ന അഞ്ചുതാലന്തിനു പുറമെ വേറെ അഞ്ചുകൂടെ ഞാൻ സമ്പാദിച്ചിരിക്കുന്നു" എന്നു ദൈവസന്നിധിയിൽ കണക്കുകൊടുക്കുവാൻ ഇത്തരം മാതാക്കൾക്കു കഴിയും.

ഇതുപോലെയാണു് വാസ്തവത്തിൽ ഓരോ മാതാവും വർത്തിക്കേണ്ടതു്. തങ്ങളുടെ സന്താനങ്ങളെ ദൈവവിളിക്കു യോഗ്യരാക്കുവാൻ മാതാക്കൾക്കു് അവലംബിക്കാവുന്ന വിവിധമാർഗ്ഗങ്ങളിൽ ചിലതുമാത്രം ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഒന്നാമതു്, കുട്ടികളിൽ പ്രാർത്ഥനയുടേയും ത്യാഗത്തിന്റേയും അരുപി കൈവളർത്തുക. രണ്ടാമതു്, ദൈവാലയശുശ്രൂഷകളിൽ സജീവമായി പങ്കെടുക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുക. എല്ലാററിലും ഉപരിയായി, ക്രിസ്തീയചൈതന്യത്താൽ കുട്ടികളെ ഉൽബുദ്ധരാക്കുക. ഇതേപ്പററി റേൻബെസിൽ പറയുന്നു: "വൈദികോചിതമായ ആത്മാവു് ചില അമ്മമാർക്കുണ്ടു്. അവർ അതു് തങ്ങളുടെ കുഞ്ഞുങ്ങളിലേക്കും പകർന്നുകൊടുക്കുന്നു." കട്ടിനാൾ വോണിന്റെ മാതാവു് ഇതിനു ഒരുത്തമമാതൃകയാണു്. ദിവ്യനാഥൻ എഴുന്നള്ളിവരുന്ന വി. ബലിപീഠം അലങ്കരിക്കുവാൻ തോട്ടത്തിലെ ഏററം നല്ല പുഷ്പങ്ങൾ കുട്ടികളുടെ കൈയിൽ അവൾ കൊടുത്തയച്ചിരുന്നു. വി. സക്രാരിയെനോക്കി ഹർഷാശ്രുക്കൾ പൊഴിച്ചിരുന്ന അവളുടെ ഭക്തഹൃദയത്തിൽനിന്നു് ദൈവസ്നേഹാഗ്നി പുത്രന്മാരിലേക്കു് ഒഴുകിയിറങ്ങി. അവരിൽ ഒരാൾ കട്ടിനാളും വേറൊരാൾ ഈശോസഭാവൈദികനുമായിത്തീർന്നു കാണുവാൻ ആ മാതാവിനു ഭാഗ്യം സിദ്ധിച്ചു.

നല്ല വൈദികന്മാരെ നൽകുവാൻ മാതാക്കൾക്കുള്ള കഴിവു വളരെയാണു്. ഇതേപ്പററി മോൺ. ഹൾ പറയുന്നു: "ഒരു നല്ല വൈദികനെ വാർത്തെടുക്കുവാൻ ഒരു യഥാർത്ഥക്രൈസ്തവമാതാവു് തന്നെവേണം. സെമ്മിനാരിയിലെ പരിശീലനം വൈദികചൈതന്യത്തിന്റെ മിനുക്കുപണി മാത്രമേ ആകുന്നുള്ളു. അതിന്റെ കാമ്പും കാതലും മാതാവുതന്നെ കരുപ്പിടിപ്പിക്കേണ്ടതാണു്."

ആകയാൽ, ദൈവവിളിയെ മുൻനിറുത്തിയുള്ള മാതാക്കളുടെ മഹോന്നതമായ കർത്തവ്യത്തെ യഥാവിധി നിർവ്വഹിക്കുവാൻ കേരളീയമാതാക്കൾ സന്നദ്ധതയോടെ മുന്നേറട്ടെ.

—o—


## തൃശ്ശിവപേരൂർ ലൂർദ്ദ്പള്ളി പുതിയ കുറികൾ

ബ. ഗവമ്മേണ്ടിൽനിന്നും സിദ്ധിച്ച 183/54 R. D. നമ്പ്ര് കല്പനപ്രകാരം ഉടങ്ങുന്നതു്

| മാസക്കുറി | കൊല്ലക്കുറി |
|---|---|
| നറുക്കു് 1ക്കു് 100 ക. | നറുക്കു് 1ക്കു് 1000 ക. |
| 111 നറുക്കു് 11100ക. സല. | 32 നറുക്കു് 32000ക. സല. |
| ആദ്യനറുക്കെടുപ്പു് 1954 ഏപ്രിൽ 5-ാംനു- / 1129 മീനം 23-ാംനു- | ആദ്യനറുക്കെടുപ്പു് 1954 ഏപ്രിൽ 20-ാംനു- / 1129 മേടം 8-ാംനു- |
| കുറിയിൽ കുറഞ്ഞതു് 1/32 നറുക്കു് (3ക. 2ണ.യുടെ വീതം)വരെ ചേരാവുന്നതാണു് | കുറിയിൽ കുറഞ്ഞതു് 1/6 നറുക്കു് (62ക. 8ണ.യുടെ വീതം) വരെ ചേരാവുന്നതാണു് |

കൂടുതൽ വിവരങ്ങൾക്കും അപേക്ഷാഫാറത്തിനും ആവശ്യപ്പെടുക:—

Trichur,
25—1—1954.

VICAR & TRUSTEES
The Lourdes Church Kuri Office


# സെൻറ് വിൻസെൻറ് ഡി പോൾ സഖ്യാംഗങ്ങളും നിയമാസക്തിയും

(ഡേവിഡ് മഹാപിള്ള)

പൂർവ്വികകാലങ്ങളിൽ സന്യാസസഭകളുടേയും മററും സ്ഥാപകർ ആ സ്ഥാപനങ്ങളുടെ ആശയമനുസരിച്ചു ആദ്യമായി അവർ തന്നെ ജീവിച്ചു. അനന്തരം അതൊരു ജീവിതക്രമമായി മററുള്ളവർക്കു നിർദ്ദേശിച്ചുകൊടുത്തു. ക്രമേണ ആ ആശയങ്ങളും ജീവിതക്രമങ്ങളും നിയമമായി സ്വീകരിക്കപ്പെട്ടുംവന്നു. സെ. വി. ഡി പോൾ സഖ്യത്തിന്റെ പ്രാരംഭം ഇതുമായി വളരെ ഇണങ്ങിച്ചേരുന്നുണ്ടു്. ബെയിലിയും ആ ആറു യുവാക്കന്മാരും തങ്ങളുടെ വിശ്വാസത്തിനനുസരിച്ചു—ക്രിസ്തുവിന്റെ പരസ്നേഹം പ്രായോഗികമാക്കി—തന്നത്താൻ ജീവിക്കുവാൻ സന്നദ്ധരാകുകയാണു ചെയ്തതു്. ഇതിനുവേണ്ടി അവർ ഒന്നുപോലെങ്കിലും ഒരു നിയമവും ഉണ്ടാക്കിയില്ല. കാരണം ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽനിന്നു പ്രത്യേകമായെടുത്ത ചില ആശയങ്ങളും ആദർശങ്ങളുമനുസരിച്ചു (ഇതിൽ മുഖ്യമായവ മുൻലേഖനത്തിൽ വിവരിച്ചിട്ടുണ്ടു്) സ്വയം പ്രവർത്തിക്കണമെന്നല്ലാതെ മററാരുദ്ദേശവും അന്നവർക്കുണ്ടായിരുന്നില്ല.

ഉപവിയുടെ കോൺഫറൻസാരംഭിച്ചു ഏതാനും വാരങ്ങൾക്കുശേഷം കൊള്ളസ്സ് എന്നൊരു നിയമവിദ്യാർത്ഥിയെക്കൂടി അംഗമാക്കണമെന്നൊരാൾ അഭിപ്രായപ്പെട്ടു. അധികം അംഗങ്ങളായാൽ കോൺഫറൻസിലെ ഐക്യവും സൗഹാർദ്ദവും നഷ്ടപ്പെട്ടുമെന്നുള്ള ന്യായത്താൽ ഒസ്സാനാം അതിനെ എതിർത്തു. എങ്കിലും ദീർഘമായ പര്യാലോചനയ്ക്കുശേഷം, "കുട്ടംഗങ്ങളെ വിശുദ്ധീകരിക്കുന്നതിനും, സ്വയം വിശുദ്ധീകരിക്കപ്പെടുന്നതിനും, സഹപ്രവർത്തകരേയും സാധുക്കളേയും സഹോദരങ്ങളായി സ്നേഹിക്കുന്നതിനും ഇടയുള്ളവരെ മാത്രമേ അംഗങ്ങളാക്കാൻ ശ്രദ്ധചെയ്യാവൂ"(മാനുവൽ. മല. പേ. 63. Eng. P. 46) എന്ന വ്യവസ്ഥയിൽ കൂടുതൽ അംഗങ്ങളെ ചേർക്കുവാൻ നിശ്ചയിച്ചു. ഈ വ്യവസ്ഥ എല്ലാ അംഗങ്ങളും നിഷ്കർഷമായി പാലിക്കണമെന്നു് കൗൺസിൽ ജനറൽ തുടർച്ചയായി നിർബന്ധപൂർവ്വം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതിന്റെ അവഗണനയാണു യഥാർത്ഥത്തിൽ ഇന്നു പല കോൺഫറൻസുകളുടേയും അഭിവൃദ്ധിക്കു വിഘാതമായി നില്ക്കുന്നതു്.

വിനാവിളംബം അംഗങ്ങൾ വർദ്ധിച്ചു, ആ ചെറുകോൺഫറൻസങ്ങനെ വികസിച്ചു. അംഗങ്ങളുടെ എണ്ണം വർദ്ധിച്ചതോടെ പരസ്പരമൈക്യവും സൗഹാർദ്ദവും ക്ഷയിച്ചു; യോഗങ്ങൾ അനിയന്ത്രിതമായി തീർന്നു. ഇതിൽ ആശങ്കാഭരിതനായിത്തീർന്ന ഒസ്സാനാം. കോൺഫറൻസിനെ ശാഖകളാക്കി തിരിക്കണമെന്നു് 1834 ഡിസംബർ 16-ാംനു- നിർദ്ദേശിച്ചു. ഇതിനെപ്പററി ശക്തിയായ എതിർപ്പുണ്ടായി. തുടർച്ചയായി നാലു യോഗങ്ങളിൽവച്ചു് തീവ്രമായ വാദം നടന്നു. ഡിസംബർ 31-ാംനു- രാത്രി 8മണിക്കു തുടങ്ങിയ യോഗം അർദ്ധരാത്രിവരെ നീണ്ടു. ദേവാലയങ്ങളിലെ മണിനാദം നവവത്സരാഗമനം വിളിച്ചറിയിച്ചു. അക്ഷമനായിത്തീർന്ന പ്രസിഡൻറു ബെയിലി കാര്യത്തിനൊരന്ത്യതീരുമാനമുണ്ടാക്കണമെന്നാവശ്യപ്പെട്ടു. ആശങ്കയും ആകാംക്ഷയുംനിറഞ്ഞ ഏതാനും ദിവസങ്ങൾ ഇഴഞ്ഞുപോയി. പെട്ടെന്നു ഒസ്സാനാം സുസ്മേരവദനനായി പ്രതിപക്ഷവക്താവിനെ സമീപിച്ചു. നവവത്സരമംഗളാശംസകളോടെ അവർ പരസ്പരം ആശ്ലേഷിച്ചു. ശേഷമുള്ളവർ ആഹ്ലാദം പ്രകടിപ്പിച്ചുകൊണ്ടു ഇവരെ അനുകരിച്ചു. അനന്തരം വിവാദവിഷയം പ്രസിഡൻറിന്റെ തീരുമാനത്തിനു വിട്ടുകൊടുത്തു. അങ്ങനെ, "എത്ര പ്രബലമായ ഭിന്നാഭിപ്രായമുണ്ടായാലും അതു വോട്ടിംഗിനോ മത്സരത്തിനോ ഇടയാക്കാതെ, തമ്മിൽ ഒത്തിണങ്ങിത്തീർക്കണമെന്നും, കോൺഫറൻസിൽ പ്രസിഡൻറിനു സാമാന്യന പരമാധികാരമാണുണ്ടായിരിക്കേണ്ടതെന്നുമുള്ള മഹത്തായ ആദർശങ്ങളുടെ പാരമ്പര്യവും അവർ സൃഷ്ടിച്ചു.

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

സി. കെ. തങ്കമ്മ ജോൺ
തൃശ്ശൂർ

1835 ഫെബ്രുവരി 24-ാംനു- പ്രസിഡൻറു് കോൺഫറൻസിനെ മൂന്നായി തിരിച്ചു. ജൂൺ 30-ാംനു- മറെറാരു ശാഖകൂടി അനുവദിച്ചു. ക്രമേണ അംഗങ്ങളും ശാഖകളും വർദ്ധിച്ചു. അതോടെ ശാഖകളുടെ പ്രവർത്തനങ്ങളിൽ ഐകരൂപ്യവും ആദർശവും പരിരക്ഷിക്കുന്നതിനു ചില നിബന്ധനകളും നിയന്ത്രണങ്ങളും ആവശ്യമെന്നുവന്നു. അങ്ങനെ 1835 ഡിസമ്പർ 8-ാംനു- അമലോത്ഭവതിരുനാൾ പ്രമാണിച്ചുകൂടിയ പൊതുയോഗത്തിൽവച്ചു ഒരു നിയമാവലിയും കേന്ദ്രഭരണകൗൺസിലും രൂപീകരിച്ചു. ക്രമേണ ശാഖകൾ ഇതരരാജ്യങ്ങളിലേക്കും വ്യാപിച്ചു. വിദൂരരാജ്യങ്ങളിൽ ശാഖകൾ വർദ്ധിച്ചപ്പോൾ അവയെ നിയന്ത്രിക്കുന്നതിനും മററും കേന്ദ്രകൗൺസിലിനെ സഹായിക്കുവാൻ ഇടയ്ക്കുള്ള കൗൺസിലുകൾ ഏർപ്പെടുത്തി. അനന്തരം 1839-ൽ വിവിധരാജ്യങ്ങളിലേയും സ്ഥലകാലസ്ഥിതിഗതികൾ പരിഗണിച്ചു് നിയമാവലിയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി. ആ പരിഷ്കരിച്ച നിയമാവലിയാണു് നിലവിലിരിക്കുന്നതു്.

സഖ്യത്തിന്റെനിലനില്പിനും ഉദ്ദേശസിദ്ധിക്കും അംഗങ്ങൾ അനുഷ്ഠിക്കേണ്ട പരിമിതമായ കർത്തവ്യങ്ങളും നടപടിക്രമങ്ങളും മാത്രമാണു നിയമാവലിയിലുള്ളതു്. ഇവയെല്ലാംതന്നെ കാര്യമായ ക്ലേശമോ ത്യാഗമോ കൂടാതെ ആർക്കും അനായാസേന അനുഷ്ഠിക്കാവുന്നതാണു്. പാപദോഷത്തിൻ കീഴല്ലെങ്കിലും ഈ നിയമങ്ങളനുഷ്ഠിക്കുവാൻ ഓരോ അംഗവും കടപ്പെട്ടിരിക്കുന്നു. 1841 ജൂലൈ 14-ാം തീയതിയിലെ കൗൺസിൽ ജനറലിന്റെ സർക്കുലറിൽ പ്രസിഡൻറു് ബെയിലി പറയുന്നു: "നമ്മുടെ നിയമത്തെ നമുക്കു സ്നേഹിക്കാം. നാം വിശ്വാസപൂർവ്വം നിയമം പാലിക്കുന്നെങ്കിൽ നിയമം നമ്മെയും നമ്മുടെ സഖ്യത്തേയും തീർച്ചയായും പരിരക്ഷിച്ചുകൊള്ളും. നമ്മുടെ സഖ്യത്തിന്റെ അത്ഭുതാവഹമായ വളർച്ചയ്ക്കും ദൈവത്തിന്റെ ഉദാരമായ അനുഗ്രഹങ്ങൾക്കും പ്രധാനഹേതു ഇതുതന്നെയെന്നു ഞങ്ങൾ സംശയമെന്യേ പറഞ്ഞുകൊള്ളുന്നു." (മാനുവൽ പേജ് 213)

നിലവിലിരിക്കുന്ന നിയമങ്ങളിൽ കാലദേശാനുസൃതമായ ഭേദഗതികൾ വരുത്തണമെന്നു ചിലർ അഭിപ്രായപ്പെടാറുണ്ടു്. സഖ്യത്തിന്റെ നിയമങ്ങളുംവിശദീകരണങ്ങളും ശരിയായി ഗ്രഹിക്കാതെ വെറും ഊഹാപോഹങ്ങളെയും സങ്കല്പന്യായങ്ങളേയും ആധാരമാക്കിയുള്ള യുക്തിവാദമാണിതു്. നിലവിലിരിക്കുന്ന നിയമാവലിയും അതിനു് കൗൺസിൽ ജനറൽ നൽകിയിട്ടുള്ള വിശദീകരണങ്ങളും ഏതു സ്ഥലകാലസ്ഥിതിഗതികൾക്കും അനുയോജ്യമെന്നു് ദീർഘകാലാനുഭവം തെളിയിച്ചിട്ടുള്ളതാണു്. പരിശുദ്ധ സിംഹാസനത്തിൽനിന്നു് ഇതെല്ലാം ഔദ്യോഗികമായി പരിശോധിച്ചംഗീകരിച്ചിട്ടുള്ളതുമാണു്. ഇതിൽ എന്തെങ്കിലും ഭേദപ്പെടുത്തുവാനോ, വ്യത്യസ്തമായി വ്യാഖ്യാനിക്കുവാനോ കൗൺസിൽ ജനറലിനല്ലാതെ മററാർക്കും അവകാശമോ അധികാരമോയില്ല. കൗൺസിൽ ജനറൽ ആവർത്തിച്ചാവർത്തിച്ചു ബോധിപ്പിച്ചിട്ടുണ്ടു്, "നിയമം നിർദ്ദേശിക്കുന്നതെല്ലാം അതുപടി വ്യത്യാ

# അൾത്താരസംഘത്തിലെ മാതൃകാ "ക്യാപ്റ്റൻ"

(എം. എം. കെ.)

പത്രപംക്തികളിൽ പ്രത്യക്ഷപ്പെട്ടിട്ടില്ലാത്ത ഒരു നാമമാണ് വി. സി. ജോസഫ്. "ക്യാപ്റ്റൻ" എന്ന അഭിധാനത്തിലാണ് വിശാലമല്ലാത്ത ഒരു ലോകത്തിൽ അദ്ദേഹം അറിയപ്പെട്ടിരുന്നതു്. വാഴക്കുളത്തെ, സെൻറ് ഡോമിനിക്ക് സാവിയോസ് ആൾട്ടർ ബോയ്സ് അസോസിയേഷനിലെ പതിനൊന്നംഗങ്ങൾക്ക് അദ്ദേഹം ക്യാപ്റ്റനായിരുന്നു. പ്രസ്തുത സംഘടനയുടെ പ്രഥമ നേതാവ്, കേവലം പതിനഞ്ചുവയസ്സുള്ള ആ സിക്സ്ത്ഫോറം വിദ്യാർത്ഥി, ഇന്ന് യശശ്ശരീരനാണ്. അദ്ധ്യാപകന്മാരുടേയും നിരവധി സഹപാഠികളുടേയും ഹൃദയങ്ങളിൽ ആ കൊച്ചുക്യാപ്റ്റൻ ഇന്നും ജീവിക്കുന്നു. ആകർഷകത്വവും, ചുറുചുറുപ്പും, കാര്യക്ഷമതയും നിറഞ്ഞുനിന്നൊരു യുവത്തിടമ്പ്, പള്ളിയിലും പള്ളിക്കൂടത്തിലും സജീവമാതൃക, സതീർത്ഥ്യരുടെ പ്രേമഭാജനം, അദ്ധ്യാപകന്മാരുടെ കണ്ണിലുണ്ണി. ഈ യോഗ്യതകളാണ് അവനെ ആ ചെറുസംഘത്തിന്റെ നേതൃത്വത്തിലേക്ക് കയറ്റിവിട്ടതു്. ജോസിനെ അടുത്തറിയാവുന്നവർ ആമന്ത്രണം ചെയ്തിരിക്കണം "ഒരു ഭാവിപ്രേഷിതൻ" എന്ന്. ആ കൊച്ചുനേതാവിന്റെ എടുപ്പും നടപ്പും, മനംകവരുന്ന ആ നറുംപുഞ്ചിരിയും ഞങ്ങൾക്ക് ഒരിക്കലും മറക്കുക സാദ്ധ്യമല്ല.

ഞങ്ങളുടെ വികാരി, റവ. ഫാദർ ഡോമിനിക്ക് കോയിക്കര അവർകളാണ് ഞങ്ങൾക്കായി അൾത്താരബാലസംഘം സ്ഥാപിച്ചതു്. ഞങ്ങളുടെ ഇടവകയിലെ ശെമ്മാശ്ശന്മാരുടെ സഹായത്തോടെ ദിവ്യബലിയിൽ ശുശ്രൂഷ ചെയ്യുന്നതിനു ഞങ്ങൾ പഠിച്ചു. പരിശീലനം പൂർത്തിയായപ്പോഴേക്കും ബ. വികാരിയച്ചൻ ഒരു "പിക്നിക്കി"ന് പ്ലാനിട്ടിരുന്നു, മുട്ടക്കിക്കല്ലിലേക്ക്. അവിടെവച്ച് ക്യാപ്റ്റനെ "എലക്ട്" ചെയ്യുവാനും തീരുമാനിച്ചു. കഴിഞ്ഞ മേയ്മാസത്തിലെ മൂന്നാം ഞായറാഴ്ച ഉച്ചകഴിഞ്ഞ് ഞങ്ങൾ യാത്രയായി മലമുകളിലേക്ക്, ബ. വികാരിയച്ചന്റെ നേതൃത്വത്തിൽ പെറ്റിസെമ്മിനാരി വിദ്യാർത്ഥികളും ശെമ്മാശ്ശന്മാരും ഉൾപ്പെട്ടിരുന്നു ഞങ്ങളുടെ സംഘത്തിൽ. കാപ്പിക്കുള്ള വിഭവങ്ങൾ നിറച്ച ഭാണ്ഡങ്ങൾ എല്ലാവർക്കുമുണ്ടായിരുന്നു. ഒരു വൻമലയുടെ മുകളിൽ, വിശാലമായ മുകൾപ്പരപ്പോടുകൂടി പുറത്തേക്കു ഉന്തിനില്ക്കുന്ന ബ്രഹ്മാണ്ഡമായ ഒരു പാറയാണ് മുട്ടക്കിക്കല്ല്. ദുർഘടമായിരുന്ന കാട്ടുവഴിയിൽക്കൂടി സഞ്ചരിച്ച് ഉദ്ദിഷ്ടസ്ഥലത്തെത്തിയപ്പോൾ. എവറസ്റ്റ്കൊടുമുടി കീഴടക്കിയ ടെൻസിംഗിന്റെ വിജയഭാവമാണ് ഞങ്ങൾക്കനുഭവപ്പെട്ടതു്. ആ ഉത്തുംഗഭൂവിൽ നിന്നുകൊണ്ടു്, വിശാലമായ പരിസരപ്രദേശത്തെ പ്രകൃതിസൗന്ദര്യം ഞങ്ങൾ നുകർന്നാസ്വദിച്ചു. വിഭവസമൃദ്ധമായ കാപ്പിസല്ക്കാരമാണ് അനന്തരം നടന്നതു്. ആ കരിമ്പാറപ്പുറത്തു് ചമ്രംപടിഞ്ഞിരുന്നു്, ഇലയിൽ വിളമ്പിയ ഭോജ്യങ്ങൾ രുചിയോടെ ഞങ്ങൾ ഭക്ഷിച്ചു. പിന്നീടു് "പൊതുയോഗ"മാരംഭിച്ചു. നിമിഷനേരത്തിനുള്ളിൽ അവിടം യോഗപരിപാടികളാൽ മാറ്റൊലിക്കൊണ്ടു. പാട്ടും പ്രസംഗവും പ്രഭാഷണവും! ഞങ്ങൾ കൊച്ചുകലാവിദഗ്ദ്ധന്മാരായി മാറിയ ആ രംഗം കാണികളായി കൂടിയിരുന്നവരെ പുളകമണിയിച്ചുകാണണം. എലക്ഷനുള്ള സമയമായി. പലരുടേയും നാമങ്ങൾ നിർദ്ദേശിക്കപ്പെട്ടു. ചില "വിദ്വാന്മാർ" ജോലിത്തിരക്കു് എന്നൊക്കെപ്പറഞ്ഞു "ഗൗരവത്തോടെ" പിന്മാറി. ശാന്തമായി വോട്ടിംഗ് നടന്നു. മഹാഭൂരിപക്ഷത്തോടെ വി. സി. ജോസഫ് തെരഞ്ഞെടുക്കപ്പെട്ടു. ഹസ്തഘോഷം കുറെനേരത്തേക്കു നീണ്ടുനിന്നു. മനോഹരമായ, വനകുസുമങ്ങളാൽ അലംകൃതമായ ഒരു ശതാവരി കിരീടവുമായി ഒരാൾ മുമ്പോട്ടുവന്നു. അദ്ധ്യക്ഷന്റെ അനുമതിയോടെ ജോസിനെ ഞങ്ങൾ കിരീടംവച്ചു വാഴിച്ചു! സ്വീകരണവും!! എഴുന്നള്ളത്തും...!! അങ്ങനെപോയി പിന്നത്തെ പരിപാടികൾ.

വത്സരതരുവിൽ പിന്നെയും രണ്ടു മൂന്നു മാസസുമങ്ങൾ മൊട്ടിട്ടു, വിരിഞ്ഞു ഫലമണിഞ്ഞു. ജോസിനെ ഒരു ചെറിയ പനി പിടികൂടി. ചികിത്സയെ വകവയ്ക്കാതെ അതു പെട്ടെന്നു വർദ്ധിച്ചു. 1953 ആഗസ്റ്റ് എട്ടാംതീയതി ശനിയാഴ്ചയിലെ പ്രഭാതത്തിൽ, ആ കൊച്ചുമരിയഭക്തൻ നിത്യതയിലേക്കു് സ്വർഗ്ഗീയകിരീടമണിയുവാനായി പറന്നുപോയി. ഭൂമിയിലെ ഉന്നതതലത്തിൽവച്ചു നടന്ന ആ കിരീടധാരണം, അടുത്തുതന്നെ നടക്കുവാനിരുന്ന സ്വർഗ്ഗീയകിരീടധാരണത്തിന്റെ നാന്ദിയായിരുന്നെന്നു് അന്നു് ഞങ്ങളാരും കരുതിയില്ല.

അൾത്താര ബാലസംഘങ്ങൾക്കു സ്വർഗ്ഗത്തിലെ ഒരു കൊച്ചുമദ്ധ്യസ്ഥനായും- ഭൂമിയിൽ സംഘാംഗങ്ങൾക്കു ഒരു മാതൃകാസഹോദരനായും ആ സുകൃതി വിരാജിക്കാൻ ദൈവം അനുഗ്രഹിക്കട്ടെ.

---

സം കൂടാതെ നിലനിർത്തുകയും, പൂർവ്വാധികം ശ്രദ്ധയോടുകൂടി നിർവ്വഹിക്കുകയും ചെയ്യണം," എന്നു്. (മാനുവൽ പേജ് 319)

സഖ്യത്തിന്റെ നിയമങ്ങളെപ്പറ്റി, മറ്റു സാമൂഹ്യമായ സംഘങ്ങളെപ്പോലെ കരുതി, ഊഹംകൊണ്ടു തൃപ്തരാകാതെ അംഗങ്ങൾ നിയമാവലിയും വിശദീകരണങ്ങളും വായിച്ചുഗ്രഹിക്കണം. കൗൺസിൽ ജനറൽ പറയുന്നു: "സഖ്യത്തിന്റെ നിയമാവലിയും, പ്രാരംഭത്തിന്റെയും വളർച്ചയുടെയും സാഹചര്യങ്ങളും വായിക്കുന്നതിൽ നമ്മുടെ അംഗങ്ങൾ ശ്രദ്ധയുള്ളവരായിരിക്കണം. അപ്പോൾ സഖ്യത്തിന്റെ അരൂപി അവരിൽ കൂടുതൽ വേഗത്തിലും ഫലപ്രദമായും ഉണ്ടാകുന്നതാണ്. നമ്മുടെ നിബന്ധനകളേയും പാരമ്പര്യങ്ങളേയും ഊഹിക്കുന്നതിനുപകരം—ഇതു പലപ്പോഴും തെറ്റായ ധാരണകൾക്കും അബദ്ധമായ അനുമാനങ്ങൾക്കും ഇടയാക്കും—വായിച്ചുഗ്രഹിക്കുന്നതായാൽ അവയെ വേഗത്തിലും ശരിയായും ഗ്രഹിക്കുവാൻ കഴിയുന്നതാണ്." (മാനുവൽ പേജ് 66)

സഖ്യത്തെ സ്പർശിക്കുന്ന ലേഖനങ്ങൾ, റിപ്പോർട്ടുകൾ, വിശിഷ്യ വൈദികാദ്ധ്യക്ഷന്മാരുടെ ഇടയലേഖനങ്ങൾ, പ്രസംഗങ്ങൾ മുതലായവ കോൺഫറൻസുയോഗങ്ങളിൽ പ്രത്യേകമായി വായിക്കേണ്ടതാണ്. ഈദൃശലേഖനങ്ങളും മറ്റും തെരഞ്ഞെടുത്തുവായിക്കുകയും, യുക്തമെങ്കിൽ വിശദീകരിച്ചുകൊടുക്കുകയും ചെയ്യേണ്ടതു് പ്രസിഡൻറിന്റെ ചുമതലയായി കൗൺസിൽ ജനറൽ നിർദ്ദേശിക്കുന്നു. ഇതു ജ്ഞാനവായനയുടെ സ്ഥാനത്താകുന്നതിൽ തെറ്റില്ല. നിയമാവലി 15-ാംവകുപ്പ് 2-ാം ഉപവകുപ്പിന്റെ വിശദീകരണത്തിൽ ജ്ഞാനവായനയെപ്പറ്റിയുള്ള ഭാഗത്തുപറയുന്നു: "കോൺഫറൻസംഗങ്ങൾക്കു് അഭിവൃദ്ധികരമായ എന്തെങ്കിലും ഒരു മെമ്പർ (തന്റെ വായനയ്ക്കിടയിൽ) കണ്ടെത്തിയാൽ അതു പ്രസിഡൻറിനെ കാണിച്ചു് സമ്മതംവാങ്ങി യോഗത്തിൽ വായിക്കുന്ന രീതി വളരെ നല്ലതും [illegible]മാണ്." (മാനു. പേ. 61) മാത്രമല്ല, ജ്ഞാനവായനയുടെ സ്ഥാനത്തു്, "സഖ്യത്തിന്റെ നിയമാവലിയും വിശദീകരണങ്ങളും മുഴുവനും ഇടയ്ക്കിടെ (from time to time) കോൺഫറൻസുയോഗങ്ങളിൽ വായിക്കേണ്ടതു് അത്യാപേക്ഷിതമാണ്." (മാനുവൽ പേജ് 62)


*Just Received*

WEDDING SAREES

WHITE HALL

The Silk Palace

DIRECT IMPORTERS

MATTANCHERRY Cochin | BROADWAY Ernakulam

Maximum Sarees Minimum Price is Our Motto


ആദ്ധ്യാത്മികവീഥി (21)

## നല്ല തപസ്സ്

ദൈവത്തിന്റെ വത്സലമക്കളേ,

ഈ നോമ്പുകാലത്തു് എന്തു തപസ്സാണു ചെയ്യേണ്ടതെന്നു് ആലോചിച്ചിട്ടു് ഒന്നും കാണാത്തവരുണ്ടാകാം. നന്മനസ്സുള്ള എല്ലാവർക്കും ചെയ്യാവുന്നതും, എല്ലാവരും ചെയ്യേണ്ടതുമായ ഒരു നല്ല തപസ്സുണ്ടു്. അതു ഓരോരുത്തരുടെയും കർത്തവ്യം ശരിയായി നിർവ്വഹിക്കുകയെന്നുള്ളതാണ്.

ചമ്മട്ടിയടികളാൽ ദേഹം വ്രണപ്പെടുത്തുകയോ, മുള്ളരഞ്ഞാണം കെട്ടുകയോ, ഉപവസിക്കുകയോ ഉറക്കമിളയ്ക്കുകയോ ചെയ്യുന്നതു മാത്രമാണു തപസ്സെന്നു പലർക്കും തെറ്റിദ്ധാരണയുണ്ടു്. അതുകൊണ്ടാണു തപസ്സെന്നു കേൾക്കുമ്പോൾ ആളുകൾ ഭയപ്പെടുന്നതു്.

എന്നാൽ രാവിലെ കൃത്യസമയത്തു് എഴുന്നേല്ക്കുക, അപ്പോൾ തോന്നുന്ന ക്ഷീണവും മടിയും ഗൗനിക്കാതെ മുട്ടിന്മേൽനിന്നുകൊണ്ടു ഏകാഗ്രതയോടുകൂടി അല്പംനേരം പ്രാർത്ഥിക്കുക, മറ്റു ദിനചര്യകളെല്ലാം ഉത്സാഹത്തോടെ അനുഷ്ഠിക്കുക ഇവയിലെല്ലാം ധാരാളം നല്ല തപസ്സുണ്ടു്. അപ്പഴപ്പോൾ ഉണ്ടാകുന്ന തോന്നലുകളുടെ പിന്നാലെ പോകാതെ, ചെയ്യാൻ കടപ്പെട്ടതു ചെയ്തുകൊണ്ടു പോകുന്നതിനു നമ്മോടുതന്നെ കുറെ ബലം പ്രയോഗിക്കാതെ നിവൃത്തിയില്ല.

ഒരു വിദ്യാർത്ഥിയുടെ കാര്യംതന്നെയെടുക്കാം. അവൻ രസകരമായ ഒരു നോവൽ വായിച്ചുതുടങ്ങിയിട്ടുണ്ടെന്നിരിക്കട്ടെ. രാവിലെ ടൈംടേബിൾ നോക്കുമ്പോൾ കാണാം അന്നു ഒരു ഹിൻഡി പദ്യം മനഃപാഠമാക്കാനും, മൂന്നു കണക്കു ചെയ്യാനും, ഒരു പേജും പകർത്തിയെഴുതാനുമുണ്ടെന്നു്. അതേസമയത്തുതന്നെ നോവൽ തുടർന്നു വായിക്കാനുള്ള ആഗ്രഹം ശക്തിയായി അനുഭവപ്പെടുകയും ചെയ്യുന്നു.

അപ്പോൾ ആ ആഗ്രഹത്തെ ജയിച്ചുകൊണ്ടു ആദ്യംതന്നെ ഗൃഹപാഠങ്ങളെല്ലാം നന്നായി ചെയ്തുതീർക്കുന്നെങ്കിൽ, അവൻ ഒന്നാന്തരം ഒരു തപസ്സായിരിക്കും അനുഷ്ഠിക്കുന്നതു്. അതിൽ രണ്ടുവിധത്തിലുള്ള തപസ്സുണ്ടു്. രസകരമായ ഒന്നിനെ ഉപേക്ഷിക്കുന്നു. ഹിൻഡി മനഃപാഠമാക്കുക, കണക്കു ചെയ്യുക മുതലായ പൊതുവെ വിഷമമുള്ള ചിലതിനെ സ്വീകരിക്കുന്നു. ഇങ്ങനെ ചെയ്യുന്നതു ശിക്ഷയെ ഭയന്നു് എന്നതിനെക്കാൾ ദൈവതിരുമനസ്സു നിറവേറ്റണം എന്ന ഉദ്ദേശ്യത്തോടുകൂടിയാണെങ്കിൽ വളരെ യോഗ്യതയുള്ള പുണ്യപ്രവൃത്തിയുമായിരിക്കും.

മേല്പറഞ്ഞ രീതിയിൽ കർത്തവ്യം നിറവേറ്റുന്നതിനു അനുഷ്ഠിക്കേണ്ടിവരുന്ന തപസ്സാണു പ്രധാനമായും ഫാത്തിമാമാതാവു് ആവശ്യപ്പെടുന്നതു്. തന്റെ ഏറ്റവും വലിയ തപസ്സു ക്രമങ്ങളെല്ലാം ശരിയായി കാത്തുകൊണ്ടു പോകുന്നതാണെന്നു വി. ജോൺ ബെർക്കുമൻസു പറഞ്ഞിരുന്നതും ഈ അർത്ഥത്തിലാണ്.

നാം പ്രതിദിനം, അല്ല, പ്രതിനിമിഷം അനുഷ്ഠിക്കേണ്ട ഈ തപസ്സ് ഈ നോമ്പുകാലത്തു പ്രത്യേകം അഭ്യസിക്കുന്നതിനു ശ്രമിക്കാം.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

—o—

### ജർമ്മൻ അപ്പസ്തോലന്റെ 12-ാംശതാബ്ദാഘോഷം

ബ്രിട്ടീഷുകാരനായ വി. ബോനിഫസ് മെത്രാനാണ് ആദ്യമായി ജർമ്മനിയിൽ കത്തോലിക്കാസഭയ്ക്കു് അടിസ്ഥാനമിട്ടതു്. അത്ഭുതപ്രവർത്തനങ്ങൾ വഴിയായി അദ്ദേഹം സത്യവിശ്വാസം നാടെങ്ങും പ്രചരിപ്പിച്ചു. രോഷാകുലരായിത്തീർന്ന പേഗൻ പ്രതിപക്ഷക്കാർ ക്രിസ്ത്വാബ്ദം 754-ൽ ഹോളണ്ടിൽ ഡോക്കും എന്ന സ്ഥലത്തുവച്ചു അദ്ദേഹത്തെയും 52 സഹചരന്മാരെയും വധിക്കയാണു ചെയ്തതു്. വിശുദ്ധന്റെ രക്തസാക്ഷിത്വത്തിന്റെ 12-ാംശതാബ്ദം സാഘോഷം കൊണ്ടാടുന്നതിനു ജർമ്മൻ കത്തോലിക്കർ ഒരുക്കങ്ങൾ തുടങ്ങിയിരിക്കുന്നു. അവിടത്തെ കത്തോലിക്കാ കോൺഗ്രസിന്റെ 76-മത്തെ വാർഷികവും അതോടൊന്നിച്ചു നടക്കുന്നതാണ്.

### പത്രപ്രവർത്തകനു മാർപ്പാപ്പായുടെ അനുമോദനം

1889-ൽ ഫ്രാൻസിലെ പ്രസിദ്ധ പ്രതിദിനപത്രമായ "ലാക്രവാ" സമാരംഭിച്ച മോൺസിഞ്ഞോർ എഡ്വേർഡ് ലൂട്ടിൻ എന്ന വന്ദ്യദേഹം ഇന്നും ജീവിച്ചിരിക്കുന്നു. ഇപ്പോൾ അദ്ദേഹത്തിനു 90വയസ്സു പ്രായമുണ്ടു്. പരിശുദ്ധപിതാവു് തിരുമനസ്സുകൊണ്ടു് അദ്ദേഹത്തിനു ഹാർദ്ദമായ ജന്മദിനാശംസകളും പൈതൃകാശിസ്സുകളും അയച്ചുകൊടുത്തിരിക്കുന്നു. ഇത്ര പ്രായാധിക്യമുള്ള ഒരു പത്രപ്രവർത്തകൻ ഇന്നു ഫ്രാൻസിൽ ഇല്ലെന്നു പറയപ്പെടുന്നു. തന്റെ പത്രത്തിലെ ഒരു പ്രതിവാരപംക്തി ഇന്നും അദ്ദേഹത്തിന്റെ തൂലികയിൽ നിന്നാണ് പുറപ്പെട്ടുകൊണ്ടിരിക്കുന്നതു്. പ്രചുരപ്രചാരത്തിലിരിക്കുന്ന 37 ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ടു്. 38-ാമത്തേതു ഈയിടെ പുറത്തുവരാനിരിക്കുന്നു.

—o—

## വിനോദവീഥി

ഗൃഹനായിക: നീ എന്തിനാണ് ആ വസ്തി എറിഞ്ഞുടച്ചതു്?

വേലക്കാരി:-കൊച്ചമ്മേ, ഞാൻ വസ്തി തുടച്ചുകൊണ്ടുനില്ക്കുകയായിരുന്നു. കോഴിവന്നു അരികൊത്തി. ദേഷ്യംവന്നു ഞാൻ തുണികൊണ്ടു് അതിനു ഒരേറുകൊടുത്തു. പക്ഷെ തുണി മറേറ കൈയിലായിരുന്നു!


* * *



"അപ്പച്ചാ - ഈ അന്തോണിയോടെന്റെ തലേന്നു വിടാൻ പറയണേ!!"

"നീ ഇത്തരം വേഷംകെട്ടിയാൽ ഞാൻ നിന്നെ വിടത്തില്ല"

* * *



"കേട്ടോ! മറിയാമ്മച്ചേട്ടത്തിക്കു ഒരു കുഞ്ഞുമകനുണ്ടായിന്നു്!"

"വളരെ സന്തോഷം, അവൾ ഭാഗ്യശാലിയാണ്."

"കുഞ്ഞിനൊരു രണ്ടുപവന്റെ മാലയെങ്കിലും നമ്മളു കൊടുക്കണം, ട്ടോ!"

"ഒരൊരോ മൈരാ—മകനും മകളും! ഞാനിവിടന്നു വല്ലവഴിക്കും പോവ്വേ ഉള്ളൂ! അവനൊരു നല്ല പേരിടണമെന്നു പറഞ്ഞെങ്കിൽ!"

(2-ാം പേജ് തുടർച്ച)

ഈ വരികൾ എഴുതിയവർ ക്രിസ്തീയവെളിപാടിലും ആ വെളിപാടു സൂക്ഷിക്കുവാനും ലോകരെ പഠിപ്പിക്കുവാനും ക്രിസ്തുവിനാൽ സ്ഥാപിതമായ സഭയിലും വിശ്വസിക്കുന്നവരാണോ, എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ക്രൈസ്തവസഭയും കമ്മ്യൂണിസ്റ്റ്പാർട്ടിയും തമ്മിൽ അധികാരവിനിയോഗത്തിന്റെ ആധാരം സംബന്ധിച്ചു യാതൊരു വ്യത്യാസവും കാണാൻ കഴിയാത്തവർക്കു ക്രിസ്തീയവെളിപാടിലും ക്രിസ്തു സ്ഥാപിച്ച സഭയിലും വിശ്വാസമില്ലെന്നു വേണം വിചാരിക്കുവാൻ. അകത്തോലിക്കാ സഭാവിഭാഗങ്ങളുടെ കാര്യമെന്തുമാകട്ടെ. കത്തോലിക്കാസഭയുടെ കാര്യം ആലോചിക്കാം.

താൻ ദൈവമായ ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ട സഭയാണെന്നും ക്രിസ്തുമതതത്വങ്ങൾ പഠിപ്പിക്കുവാനും ക്രിസ്ത്യാനികളെ ഭരിക്കുവാനുമുള്ള അധികാരം ക്രിസ്തുവിൽനിന്നു തനിക്കു ലഭിച്ചതാണെന്നും, ആകയാൽ തന്നെ വിശ്വസിക്കുന്നതും അനുസരിക്കുന്നതും ക്രിസ്തുവിനെ വിശ്വസിക്കുന്നതിനും അനുസരിക്കുന്നതിനും തുല്യമാണെന്നും കത്തോലിക്കാസഭ ക്രിസ്തുവിന്റെ വാക്കുകളും പ്രവൃത്തികളും ആധാരമായി ചൂണ്ടിക്കാണിച്ചു തെളിയിക്കുന്നു. കത്തോലിക്കർ യുക്തിയോടുകൂടി ഇതെല്ലാം വിശ്വസിച്ചുകൊണ്ടു് കത്തോലിക്കാസഭയുടെ അദ്ധ്യാപനത്തിനു തങ്ങളുടെ അഭിപ്രായത്തേയും ഭരണത്തിനു തങ്ങളുടെ സ്വാതന്ത്ര്യത്തേയും സ്വമേധയാ വിധേയമാക്കുന്നു. സഭയെ ഭരിക്കുന്ന മനുഷ്യരുടെ അദ്ധ്യാപനത്തിനും ഭരണത്തിനുമല്ല, പിന്നയോ ദൈവമായ ക്രിസ്തുവിന്റെ അദ്ധ്യാപനത്തിനും ഭരണത്തിനുമാണു തങ്ങളുടെ അഭിപ്രായത്തേയും സ്വാതന്ത്ര്യത്തേയും വിധേയമാക്കുന്നതെന്ന സജീവബോധം കത്തോലിക്കർക്കുണ്ടു്. അങ്ങനെ അവരുടെ വിധേയത്വം പരിപൂർണ്ണമായും യുക്തിയുക്തമാകുന്നു. "നിങ്ങളെ ശ്രവിക്കുന്നവൻ എന്നെ ശ്രവിക്കുന്നു, നിങ്ങളെ നിരസിക്കുന്നവൻ എന്നെ നിരസിക്കുന്നു" എന്ന ക്രിസ്തുവിന്റെ വാക്കുകളുടെ വെളിച്ചത്തിൽ കത്തോലിക്കാസഭയ്ക്കു വിധേയരാകാതിരിക്കുവാൻ നിവൃത്തിയില്ലെന്നു കത്തോലിക്കർക്കറിയാം.

എന്നാൽ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ സ്വഭാവം ഇതാണോ? അവർ ദൈവത്തിലോ ക്രിസ്തുവിലോ വിശ്വസിക്കുന്നില്ല. ദൈവനാമത്തിലോ ക്രിസ്തുനാമത്തിലോ അല്ല അവർ അനുഗാമികളോടു വിധേയത്വം ആവശ്യപ്പെടുന്നതു്. പാർട്ടിയിലെ എത്ര സമുന്നതനായ ഭരണകർത്താവും സ്വന്തം വ്യക്തിപരവും മാനുഷികവുമായ നാമത്തിലാണു് അനുഗാമികളുടെമേൽ അധികാരം പ്രയോഗിക്കുന്നതു്. ആ സമുന്നതഭരണകർത്താവും അനുഗാമികളിൽ ഏററവും നിസ്സാരനും തമ്മിൽ വ്യക്തിപരവും മാനുഷികവുമായ നിലയിൽ സമാവകാശവും സമാധികാരവും ഉള്ളതുകൊണ്ടു് ആ ഭരണകർത്താവിനു വിധേയത്വം ആവശ്യപ്പെടാൻ ന്യായമോ ആ നിസ്സാരനു വിധേയത്വം നൽകാൻ കടമയോ ഇല്ലതന്നെ. തന്മൂലം കത്തോലിക്കാസഭയും കമ്മ്യൂണിസ്റ്റ്പാർട്ടിയും "ഒരുപോലെ വ്യക്തികളുടെ അഭിപ്രായത്തേയും സ്വാതന്ത്ര്യത്തേയും സ്ഥാപനത്തിനു വിധേയമാക്കുന്നു" എന്ന പ്രസ്താവം തികച്ചും അയഥാർത്ഥമാകുന്നു.

ജീവചരിത്രപംക്തി

# വിശുദ്ധ തോമസ് അക്വിനാസ്

(ഫാദർ ജേക്കബ്ബ് കല്ലറയ്ക്കൽ)

ഏതാണ്ട് 700 സംവത്സരങ്ങൾക്കുമുമ്പ് ഫ്രാൻസ് രാജധാനിയിൽ ഒമ്പതാം ലൂയീസ് രാജാവിനോടും രാജ്ഞിയോടുംകൂടി വിരുന്നുകഴിച്ചുകൊണ്ടിരുന്ന പ്രശസ്താതിഥികളുടെ കൂട്ടത്തിൽ സ്ഥലഗാത്രനായ ഒരു സന്യാസിയും ഉണ്ടായിരുന്നു. രാജസന്നിധിയിലാണെന്നുള്ള കഥ പാടെ മറന്നു ആ യതിവര്യൻ വിദൂരതയിലെ വിടെയോ ദൃഷ്ടിയുറപ്പിച്ചുകൊണ്ടു് അഗാധചിന്തയിൽ ലയിച്ചു. പെട്ടെന്നു് അതിഥികളെ വിസ്മയപരതന്ത്രരാക്കുമാറു് മേശപ്പുറത്തു് ശക്തിയായി ഇടിച്ചുകൊണ്ടു് "ഭേഷ്! ഇതു് കുറിക്കുകൊള്ളും മനിക്കേയക്കു്!" എന്നു് ആശ്ചര്യോദ്ഘോഷം ചെയ്തു.

ഈ സന്യാസി വിശുദ്ധ തോമസ് അക്വിനാസ് അല്ലാതെ മററാരുമായിരുന്നില്ല. ക്രിസ്തുവിനു മുമ്പ് നാലാംനൂററാണ്ടിൽ ജീവിച്ചിരുന്ന ഗ്രീക്കുതത്വശാസ്ത്രജ്ഞനായ അരിസ്റ്റോട്ടലിനുശേഷം ബുദ്ധിജീവികളിൽ ഇത്രയധികം സ്വാധീനം ചെലുത്തിയിട്ടുള്ള മററൊരു വ്യക്തി ഉണ്ടായിട്ടില്ല. ഒരു മനുഷ്യൻ എന്ന നിലയിൽ വ്യക്തിമാഹാത്മ്യം തികഞ്ഞവനും ഒരു പണ്ഡിതനും പുണ്യവാനുമെന്ന നിലയിൽ അദ്വിതീയനുമായിരുന്നു തോമസ് അക്വിനാസ്. വിജ്ഞാനത്തിലും വിശുദ്ധിയിലും അപ്രമേയനായിരുന്ന അദ്ദേഹത്തിന്റെ മാഹാത്മ്യം ഇന്നുവരെ ആർക്കും അളക്കുവാൻ കഴിഞ്ഞിട്ടില്ല. ഇന്നോളം അറുപത്തഞ്ചു മാർപ്പാപ്പാമാർ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ പ്രശസ്തകൃതികളെയും മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ടു്. "അദ്ദേഹത്തിന്റെ പഠനം അത്ഭുതകരമെന്നല്ലാതെ എന്തുപറയട്ടെ" എന്നാണു് 1323-ൽ അദ്ദേഹത്തിന്റെ വിശുദ്ധപദപ്രഖ്യാപനാവസരത്തിൽ ജോൺ 22-ാമൻ മാർപ്പാപ്പാ പ്രസ്താവിച്ചതു്. "മറെറല്ലാ വേദാന്തപണ്ഡിതന്മാരുടെയും മുൻപന്തിയിൽ നില്ക്കുന്ന അവരുടെ ആചാര്യനും നേതാവുമാണു് വി. തോമസ് അക്വിനാസ്," 1879 ൽ പ്രസിദ്ധപ്പെടുത്തിയ "എത്തേർണി പാത്രീസ്" (Aeterni Patris) എന്ന ചാക്രികലേഖനത്തിൽ 13-ാം ലെയോ രേഖപ്പെടുത്തിയിരിക്കുന്ന വാക്കുകളാണിവ. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ "ഹ്യുമാനി ജെനെരീസ്" (Humani generis) എന്ന തിരുവെഴുത്തിൽ പ്രഖ്യാപിക്കുന്നതു് നോക്കുക: "ശതാബ്ദങ്ങളിലൂടെയുള്ള അനുഭവജ്ഞാനത്തിൽനിന്നു് നമുക്കറിയാം അക്വിനാസിന്റെ രീതി അദ്ധ്യാപനത്തിനും സത്യം ഗ്രഹിപ്പിക്കുന്നതിനും മറേറതു രീതികളെക്കാളും കൂടുതൽ പര്യാപ്തമാണെന്നു്." വി. തോമസിന്റെ മരണശേഷം നടത്തപ്പെട്ടിട്ടുള്ള സഭയുടെ സാർവ്വത്രികസൂനഹദോസുകൾ അദ്ദേഹത്തേയും അദ്ദേഹത്തിന്റെ കൃതികളേയുംപററിയുള്ള ആദരാഭിനന്ദനങ്ങൾ നിർല്ലോഭം രേഖപ്പെടുത്തിയിട്ടുണ്ടു്. എത്രയോ വിദ്യാർത്ഥികളാണു് അദ്ദേഹത്തിന്റെ തത്വശാസ്ത്രത്താലും വേദാന്തസിദ്ധാന്തങ്ങളാലും വിജ്ഞാനികളായിത്തീർന്നിട്ടുള്ളതു്! ഏതാണ്ടു് ആറായിരത്തോളം വ്യാഖ്യാനഗ്രന്ഥങ്ങളാണു് അദ്ദേഹത്തിന്റെ കൃതികളെ അധികരിച്ചു് വിരചിക്കപ്പെട്ടിട്ടുള്ളതെന്നു കേൾക്കുമ്പോൾ ആരാണു് അത്ഭുതപ്പെടാത്തതു്!

വി. തോമസ് ആകാരത്തിലും ബുദ്ധിശക്തിയിലും സുകൃതധോരണിയിലും മഹാനത്രെ. ആറടി ഏഴിഞ്ചുപൊക്കവും മുന്നൂറാത്തൽ തൂക്കവും ഉണ്ടായിരുന്ന ഈ കൊച്ചുഭീമനെ ആരും പകച്ചുനിന്നൊന്നു നോക്കിപ്പോകും. ഒരു വിദ്യാർത്ഥിയായിരിക്കെ ഒരിക്കലും അദ്ദേഹം പുസ്തകം താഴെ വച്ചിട്ടില്ല. ബൈബിളും അന്നത്തെ അംഗീകൃതവേദശാസ്ത്രഗ്രന്ഥമായിരുന്ന "Sentences"ന്റെ നാലുവാല്യങ്ങളും അദ്ദേഹം മനഃപാഠമാക്കിയിരുന്നു. ആദിമശതകങ്ങളിലെ സഭാപിതാക്കന്മാരുടെയും പേഗൻ തത്വശാസ്ത്രജ്ഞന്മാരുടെയും കൃതികളിൽ അസാമാന്യവ്യുല്പത്തിയുണ്ടായിരുന്ന കഥാനായകനു്. "ഞാൻ വായിച്ചിരുന്നതെല്ലാം ശരിയായി ഗ്രഹിക്കുവാൻ കഴിഞ്ഞു എന്നുള്ളതാണു് ദൈവത്തിൽനിന്നു് എനിക്കു ലഭിച്ചിട്ടുള്ള ഏററവും വലിയ വരം" എന്നു പുണ്യവാൻ ഏററുപറഞ്ഞിട്ടുണ്ടു്. തത്വശാസ്ത്രത്തേയും വേദശാസ്ത്രത്തേയും അധികരിച്ചു് ഏതാണ്ടു് 85 ബൃഹൽഗ്രന്ഥങ്ങൾ വി. തോമസ് വിരചിക്കയുണ്ടായി. തന്റെ ബുദ്ധി പ്രവർത്തിച്ചിരുന്നത്ര വേഗത്തിൽ എഴുതാൻ അദ്ദേഹത്തിനു് കഴിഞ്ഞിരുന്നില്ല. അതിനാൽ രണ്ടോ മൂന്നോ സെക്രട്ടറിമാർക്കു്, ചിലപ്പോൾ നാലഞ്ചുപേർക്കുതന്നെയും ഒരേസമയത്തു് വിവിധ വിഷയങ്ങൾ പറഞ്ഞുകൊടുത്തെഴുതിക്കയായിരുന്നു അദ്ദേഹത്തിന്റെ പതിവു്.

എന്നാൽ വി. തോമസിന്റെ അന്യാദൃശമായ പ്രതിഭാവിലാസം അർഹിക്കുന്നവിധത്തിൽ എല്ലാപ്പോഴും അംഗീകരിക്കപ്പെട്ടിരുന്നില്ല എന്നു് പറയേണ്ടതുണ്ടു്. വിദ്യാർത്ഥിയായിരിക്കുമ്പോൾ തോമസിന്റെ സ്ഥൂലശരീരവും മന്ദപ്രകൃതിയുംമൂലം സഹപാഠികൾ തോമസിനെ "സിസിലിയിലെ ഊമക്കാള" എന്നാണു് പരിഹാസമായി വിളിച്ചിരുന്നതു്. ഒരിക്കൽ ഒരു സതീർത്ഥ്യൻ തോമസിനെ വേദശാസ്ത്രപഠനത്തിൽ സഹായിക്കാനൊരുമ്പെട്ടു. തോമസ് വിനയശീലനായ ഒരു ശിഷ്യനെപ്പോലെ സഹപാഠിയെ സശ്രദ്ധം ശ്രവിച്ചുകൊണ്ടിരുന്നു. എന്നാൽ ഒരു വിഷമപ്രശ്നത്തിലെത്തിയപ്പോൾ അയാൾ പരുങ്ങലിലായതുകൊണ്ടു് തോമസ് ആ ഭാഗം പണ്ഡിതോചിതമായി സതീർത്ഥ്യനു വിശദീകരിച്ചുകൊടുത്തു. അപ്പോഴാണു് താൻ പഠിപ്പിച്ചിരുന്ന തോമസ് തന്നെക്കാൾ പതിന്മടങ്ങു് സമർത്ഥനാണെന്നു് അയാൾക്കു് മനസ്സിലായതു്.

മഹാനായ വി. ആൽബർട്ടു് മൂന്നുകൊല്ലത്തേക്കു് തോമ്മസിന്റെ പ്രൊഫസറായിരുന്നു. തന്റെ വേദാന്തപ്രഭാഷണങ്ങളെക്കുറിച്ചു ശിഷ്യൻ തയാറാക്കിയ ചില നോട്ടുകൾ ഒരിക്കൽ അദ്ദേഹം കാണുവാനിടയായി. മന്ദഗതിക്കാരനായിരുന്ന തോമ്മസാണു് ഈ വിജ്ഞേയപ്രബന്ധം തയാറാക്കിയതെന്നു് ആൽബർട്ടിനു വിശ്വസിക്കാൻ കഴിഞ്ഞില്ല. വാസ്തവം ഗ്രഹിക്കുവാൻ വേണ്ടി അദ്ദേഹം തോമ്മസിനെ ഒരു പരസ്യവിവാദത്തിൽ തന്റെ സിദ്ധാന്തം സ്ഥാപിക്കുവാൻ വെല്ലുവിളിച്ചു. വിശുദ്ധ ആൽബർട്ടുതന്നെയായിരുന്നു എതിർഭാഗം നയിച്ചതു്. രണ്ടു ബുദ്ധിരാക്ഷസന്മാർ തമ്മിൽ ഏററുമുട്ടി. ശിഷ്യൻ ഗുരുവിനെ തോല്പിച്ചുവെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. തന്റെ ശിഷ്യനെക്കുറിച്ചുള്ള അഭിനന്ദനവും അഭിമാനവും വി. ആൽബർട്ടു പരസ്യമായി പ്രകടിപ്പിച്ചു. ശ്രോതാക്കളോടായി അദ്ദേഹം പറഞ്ഞു: "ഇദ്ദേഹത്തെ 'ഊമക്കാള' എന്നു് നിങ്ങൾ പരിഹസിക്കുന്നു. എന്നാൽ ഞാൻ പറയുന്നു, ഈ ഊമക്കാളയുടെ സ്വരം ദിഗന്തങ്ങളിൽ മാറെറാലിക്കൊള്ളുന്ന ദിവസം വരുമെന്നു്." പുണ്യവാന്റെ മരണം കഴിഞ്ഞു കഷ്ടിച്ചു 50 കൊല്ലം വേണ്ടിവന്നില്ല ഈ പ്രവചനം പൂർത്തിയാകാൻ. അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാരിൽ ഒരാളായ വില്യം ഡിടോക്കോ 1320-ൽ എഴുതുന്നു: "ലോകം മുഴുവനിലുമുള്ള വിശ്വാസികളുടെയിടയിൽ അദ്ദേഹത്തിന്റെ പഠനങ്ങൾ പ്രചരിക്കുകയും തിരുസ്സഭ അദ്ദേഹത്തിന്റെ പ്രബോധനം സ്വന്തമായി സ്വീകരിക്കുകയും ചെയ്തിരിക്കുന്നു." ഡിടോക്കോയുടെ പ്രസ്താവം ഈ ഇരുപതാം ശതാബ്ദത്തിൽ അന്നത്തെക്കാൾ കൂടുതൽ അന്വർത്ഥമല്ലയോ?

അതുല്യസിദ്ധികളാൽ അനുഗൃഹീതനായിരുന്നെങ്കിലും ഔദ്ധത്യം അദ്ദേഹത്തെ തീണ്ടുകപോലും ചെയ്തില്ല. വിനയത്തിലും ആത്മസംയമനത്തിലും അടിയുറച്ചതായിരുന്നു അദ്ദേഹത്തിന്റെ ജീവിതചര്യ. പാരീസിൽ ഒരു യുവസന്യാസിയായിരിക്കെ ഒരിക്കൽ തോമ്മസ് ഭക്ഷണശാലയിൽ വായനയ്ക്കു നിയുക്തനായി. തോമ്മസ് ശരിയായി ഉച്ചരിച്ച ഒരു പദം സ്പഷ്ടമേ തെററായവിധത്തിൽ ശ്രേഷ്ഠൻ തിരുത്തിക്കൊടുത്തു. തോമ്മസ് ഉടനടി അതനുസരിച്ചു. അതേപ്പററി പിന്നീടൊരിക്കൽ ചോദിച്ചപ്പോൾ തോമ്മസ് പറഞ്ഞതു് ശ്രദ്ധേയമാണു്. "ഒരു പദം തെററോ ശരിയോ ആയി ഉച്ചരിക്കുന്നതല്ല, എളിമയും അനുസരണവും പരിശീലിക്കുന്നതാണു് പ്രധാനം. അനേകവർഷം കഴിഞ്ഞു് വേറൊരിക്കൽ വിശുദ്ധൻ ഒരു ദീർഘയാത്ര കഴിഞ്ഞു് ക്ഷീണിച്ചുബൊളോഞ്ഞായിലെ ഡൊമിനിക്കൻ ആശ്രമത്തിൽ ചെന്നുചേർന്നു. അപ്പോഴാണു് അവിടെയുണ്ടായിരുന്ന ഒരു സഹോദരനു് ചന്തയിൽ പോകാൻ ഒരു കൂട്ടുകാരനെ ആവശ്യമായി വന്നതു്. ജോലിയില്ലാതെ ആദ്യം കണ്ടുമുട്ടുന്ന സന്യാസിയെ കൂട്ടിക്കൊണ്ടു പോകാൻ ശ്രേഷ്ഠൻ അയാൾക്കനുവാദം കൊടുത്തു. സഹോദരൻ വരാന്തയിൽ ഉലാത്തിക്കൊണ്ടിരുന്ന തോമ്മസിനെ കണ്ടു് ആളറിയാതെ തന്റെകൂടെ പോരണമെന്നു് ആവശ്യപ്പെട്ടു. തോമ്മസ് യാതൊരു വൈമനസ്യവും കൂടാതെ അനുസരിച്ചു. എന്നാൽ കാലിലുണ്ടായിരുന്ന മുറിവുകൊണ്ടും യാത്രാക്ഷീണംകൊണ്ടും ആ സഹോദരനോടൊപ്പം നടക്കാൻ ആ വിശുദ്ധനു നന്നേ ക്ലേശിക്കേണ്ടിവന്നു. ശുണ്ഠിപിടിച്ച ബ്രദർ പലകുറി കൂട്ടുകാരനെ ശാസിച്ചു. എന്നാൽ അതു തോമ്മസ് അക്വിനാസാണെന്നു് വേറൊരാൾ പറഞ്ഞപ്പോഴാണു് സാധുസഹോദരൻ കുഴപ്പത്തിലായതു്. അയാൾ വീണ്ടും വീണ്ടും മാപ്പപേക്ഷിച്ചു. പുണ്യവാനാകട്ടെ താൻ ആഗ്രഹിച്ചവിധത്തിൽ സേവനം ചെയ്യാൻ സാധിക്കാഞ്ഞതിനെക്കുറിച്ചു് സഹോദരനോടു് ക്ഷമായാചനം ചെയ്കയാണുണ്ടായതു്.

പ്രകൃതിവിലാസം തുളുമ്പുന്ന തെക്കേ ഇററലിയിൽ 1225-ൽ ആണു് പുണ്യവാൻ ഭൂജാതനായതു്. ഫ്രെഡറിക്കു് ബാർബറോസാ ചക്രവർത്തിയുടെ അനന്തിരവനും ഫ്രാൻസിലെ വി. ലൂയീസുരാജാവിന്റേയും കാസ്റ്റിലിലെ സെൻറു് ഫെർഡിനാണ്ടിന്റേയും ഉററബന്ധുവുമായിരുന്ന ലാൻഡുൾഫ് പ്രഭുവായിരുന്നു തോമ്മസിന്റെ പിതാവു്. പ്രാഥമികവിദ്യാഭ്യാസം മോന്തേകസിനോയിലെ ബെനഡിക്റ്റയിൻ ആശ്രമത്തിൽ നടത്തിയശേഷം 14-ാംവയസ്സിൽ നേപ്പിൾസു സർവ്വകലാശാലയിൽ ചേർന്നു. പുതുതായി സ്ഥാപിക്കപ്പെട്ട ഡൊമിനിക്കൻസഭയുമായി പരിചയപ്പെടുകയും 1244-ൽ 19-ാംവയസ്സിൽ പ്രസ്തുത സഭയിൽ പ്രവേശിക്കയും ചെയ്തു. ഉൽകൃഷ്ടവംശജരും ഉൽക്കർഷേച്ഛുക്കളുമായ മാതാപിതാക്കന്മാർക്കു് തോമ്മസ് വെറും ഒരു ഭിക്ഷുസഭയിൽ ചേർന്നതു് തീരെ രസിച്ചില്ല. തോമ്മസിനെ അവർ ബലാൽക്കാരമായി പിടിച്ചുകൊണ്ടുപോന്നു് ഒരു കൊല്ലത്തോളം ബന്ധനത്തിൽ വച്ചു് മനംമാററത്തിനായി ചതുരുപായങ്ങളും പ്രയോഗിച്ചു. എല്ലാം പരാജയപ്പെട്ടപ്പോൾ അവർ അദ്ദേഹത്തെ ഇഷ്ടാനുസരണം പൊയ്ക്കൊള്ളുന്നതിനു അനുവദിച്ചു.

അനന്തരം തോമ്മസ് ഉപരിവിദ്യാഭ്യാസാർത്ഥം കൊളോണിലേക്കും പാരീസിലേക്കും അയക്കപ്പെട്ടു. അവിടെ മഹാനായ വി. ആൽബർട്ടിന്റെ കീഴിൽ പഠനം പൂർത്തിയാക്കി. 8 വർഷം പാരീസിൽ പ്രൊഫസർജോലി നോക്കി. 12 1-ൽ നാലാം ഊർബൻ പാപ്പാ തോമ്മസിനെ റോമിലേക്കു് വിളിച്ചു തന്റെ ഉപദേഷ്ടാവാക്കി. 1265 മുതൽ 1272 വരെയുള്ള കാലഘട്ടത്തിലാണു് വിശ്രുത കൃതിയായ "സുമ്മാ തെയോളോജിക്കാ" (Summa Theologica) വിശുദ്ധൻ വിരചിച്ചതു്. 1274 മാർച്ച് 7-ാംനു ഫോസ്സാനോവായിലെ ആശ്രമത്തിൽവച്ചു അദ്ദേഹം ഭാഗ്യമരണം പ്രാപിച്ചു.

"കുരിശു സ്വർഗ്ഗത്തിലേക്കു നയിക്കുന്ന ഒരു കോവണിയാണു്. കുരിശിനെ സ്നേഹിക്കാത്തവൻ ഒരുപക്ഷെ രക്ഷപെട്ടേക്കാം; പക്ഷെ വളരെ പ്രയാസമാണു്. രക്ഷപെട്ടാലും സ്വർഗ്ഗനഭോമണ്ഡലത്തിൽ ഒരു ചെറിയ താരകമാകാനേ അവനു പററൂ. പീഡകൾ സഹിക്കുകയും ദൈവത്തിനുവേണ്ടി സമരം ചെയ്യുകയുംചെയ്യുന്നവൻ അവിടെ സൂര്യബിംബംപോലെപ്രശോഭിക്കും."

—ക്കുരെ ഡി ആർസ്—

## "മേരീവത്സരം"

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു്, മരിയൻജൂബിലിവത്സരം സംബന്ധിച്ചു പുറപ്പെടുവിച്ച "ഫുൾജെൻസ് കൊറോണ" എന്ന തിരുവെഴുത്തിന്റെ മലയാളപരിഭാഷ.

വിവർത്തകൻ:

റവ. ഡോക്ടർ തോമസ് മൂത്തേടൻ M. A., D. D.

വില 100ക്കു് 4ക.
(തപാൽക്കൂലി പുറമെ)
ഒററപ്രതിക്കു് 1ണ.

(തപാലിൽ അയക്കാൻ 2ണ സ്റ്റാമ്പയക്കുക)
മാർ ലൂയീസ് മെമ്മോറിയൽ പ്രസ്, എറണാകുളം-1

Reg. No. M. 2293

# Sathya Deepam

Vol. 27 — Ernakulam, March 24, 1954 — No. 30

# — വിവിധവൃത്താന്തങ്ങൾ —

## മോസ്കോനഗരത്തിലെ ഏകപള്ളിയും അടച്ചു

ഫ്റഞ്ചുകോളനി വകയായി മോസ്കോയിലുണ്ടായിരുന്ന സെൻറു് ലൂയി പള്ളിയായിരുന്നു അവിടെ അവശേഷിച്ച ഏക കത്തോലിക്കാ ദേവാലയം. 1917-ലെ വിപ്ലവത്തിനിടയ്ക്കു് അവിടെയുണ്ടായിരുന്ന ഫ്റഞ്ചുകാർ ചേർന്നു് അവരുടെ ചെലവിൽ പണിയിച്ചതാണു് ഈ പള്ളി. ഫ്റഞ്ചുകാരായ അസംപ്ഷൻ സന്യാസികളിൽ ഒരാൾ ഇടച്ചുയായി അവിടെ കർമ്മാദികൾ അനുഷ്ഠിച്ചുവന്നു. 1950-ൽ ഫാദർ തോമസ് എന്നൊരു സന്യാസവൈദികനായിരുന്നു അവിടത്തെ വികാരി. ഒരു ദിവസം ഫാദർ ജോസഫ് അഡ്‌മോവിച്ചു് എന്നൊരു ലാത്‌വിയൻ വൈദികൻ അവിടെയെത്തി, സോവിയററുഗവമ്മെൻറു് തന്നെ അവിടത്തെ വികാരിയായി നിയമിച്ചിരിക്കുന്നു എന്നറിയിച്ചു. ഫ്റഞ്ചുവൈദികൻ മാറിക്കൊടുക്കാൻ അല്പം വിസമ്മതിച്ചു. എന്നാൽ അദ്ദേഹം തൽക്ഷണം നാടുകടത്തപ്പെടുകയും ഫ്റാൻസിലേക്കു മടങ്ങിപ്പോകുകയുമാണു ചെയ്തതു്. ലാത്‌വിയൻ വൈദികനാകട്ടെ ഇപ്പോൾ തിരോധാനം ചെയ്തിരിക്കുന്നു. ദേവാലയം പൂട്ടപ്പെട്ടിരിക്കുന്നു. അങ്ങനെ കത്തോലിക്കർക്കു മോസ്കോയിൽ ശേഷിച്ചിരുന്ന ഏക ആരാധനാസ്ഥലവും നഷ്ടീഭവിച്ചു. അമേരിക്കൻ എംബസിയിൽപ്പെട്ടവരുടേയും മററും ആദ്ധ്യാത്മികകാര്യങ്ങൾ അന്വേഷിക്കുന്ന ഏക അമേരിക്കൻ വൈദികൻമാത്രമാണു് ഇനി കത്തോലിക്കർക്കു മോസ്കോയിൽ ശേഷിച്ചിട്ടുള്ളതു്.

## മാർച്ചു് ഇരുപത്തിയഞ്ചും ഏപ്രിൽ നാലും

പരിശുദ്ധപിതാവിൻെറ നിയോഗങ്ങൾക്കുവേണ്ടി വിശ്വാസികളെല്ലാവരും ചേർന്നു സംഘാതപ്രാർത്ഥനകൾ നടത്തുന്നതിലേക്കു മരിയൻവത്സരത്തിലെ മംഗലവാർത്തതിരുനാൾ (മാർച്ചു് 25) ഉപയോഗപ്പെടുത്തണമെന്നു റോമിൽനിന്നു ജൂബിലി കമ്മിററിക്കാർ അറിയിച്ചിരിക്കുന്നു. അതു കൂടാതെ ഏപ്രിൽ 4-ാംനു ഞായറാഴ്ച ഇരുമ്പഴിക്കുള്ളിൽ മർദ്ദിക്കപ്പെടുന്ന സഭാവിഭാഗങ്ങൾക്കു വേണ്ടിയുള്ള പ്രാർത്ഥനാദിനമായും നിശ്ചയിച്ചിരിക്കുന്നു. ലോകമൊട്ടുക്കുള്ള മെത്രാന്മാർക്കും സന്യാസസഭാദ്ധ്യക്ഷന്മാർക്കും ഈ നിർദ്ദേശങ്ങൾ അയച്ചുകൊടുത്തിട്ടുണ്ടു്. ഇതിനും പുറമേ അതാതു സ്ഥലത്തെ മെത്രാന്മാർ നിശ്ചയിക്കുന്ന ഒരു ദിവസം രോഗികൾക്കുവേണ്ടിപ്രാർത്ഥിക്കുന്നതിനായും മരിയൻവത്സരത്തിൽ വിനിയോഗിക്കേണ്ടതാകുന്നു. മേയ് 23-ാംനു ഒരു ബാലദിനമായി ആചരിക്കുന്നതിനും ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. അന്നു കുട്ടികളുടെ മരിയഭക്തിപ്രകടനങ്ങൾ നടക്കുന്നതു കൂടാതെ ലോകസമാധാനാർത്ഥം അവരുടെ നിരന്തരപ്രാർത്ഥനകളും ഉണ്ടാകുന്നതാകുന്നു.

## കാരാഗൃഹത്തിലേക്കുള്ള പടിവാതിൽ

വാർസോയിലെ സെൻറു് ആൻസ്‌പള്ളിയിലുള്ള പ്രസംഗപീഠം അതിപൂജ്യമായ ഒരു സാധനമായിത്തീർന്നിരിക്കുന്നു. കാർഡിനൽ വിഷിൻസ്കി അതിൽനിന്നാണു് തൻെറ ഒടുവിലത്തെ പ്രസംഗം ചെയ്തതു്. പിറേറദിവസം അദ്ദേഹം അറസ്റ്റുചെയ്യപ്പെട്ടു. ഫാദർ സേജാ എന്ന ഒരു വന്ദ്യദേഹം പിന്നീടു അതിൽ കയറി പ്രസംഗിച്ചു. പോളണ്ടിലെ സ്വതന്ത്രസഭയ്ക്കെതിരായിട്ടായിരുന്നു അദ്ദേഹത്തിൻെറ പ്രസംഗം. പിറേറദിവസം അദ്ദേഹത്തെയും അറസ്റ്റുചെയ്തു കൊണ്ടുപോയി. പിന്നീടുള്ള യാതൊരു വിവരവും അറിയുന്നില്ല.

## ദേശീയ മരിയൻകോൺഗ്രസ്

മരിയൻ ജൂബിലിവത്സരത്തിൻെറ സമാപനത്തോടനുബന്ധിച്ചു് അടുത്ത ഡിസംബർ 4 മുതൽ 8വരെ തീയതികളിൽ ബോംബെയിൽവച്ചു് ഒരു നാഷനൽ മരിയൻ കോൺഗ്രസ്സു് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നതായി അത്യുന്നതകർദ്ദിനാൾ വലേര്യൻ ഗ്രേഷ്യസ്സു് തിരുമേനി ഔദ്യോഗികമായി പ്രഖ്യാപിച്ചിരിക്കുന്നു. പ്രസ്തുത കോൺഗ്രസിൽ ഭാരതീയ ഹയരാർക്കിയുടെ മാത്രമല്ല, പാക്കിസ്ഥാൻ, ബർമ്മാ, സിലോൺ എന്നീ രാജ്യവാസികളുടേയും അവരുടെ വൈദികാദ്ധ്യക്ഷന്മാരുടേയും സാന്നിദ്ധ്യമുണ്ടായിരിക്കുന്നതാണെന്നറിയുന്നു. കോൺഗ്രസിനോടനുബന്ധിച്ചു് കത്തോലിക്കാ അൽമായ നേതാക്കളുടെ ഒരു കോൺഫറൻസ് നടത്താനുദ്ദേശിക്കുന്നുണ്ടെന്നും അതിലേക്കു് വിദേശികളായ നേതാക്കന്മാരും ക്ഷണിക്കപ്പെടുന്നതാണെന്നും കർദ്ദിനാൾ തിരുമേനി തൻെറ അറിയിപ്പിൽ പറഞ്ഞിരിക്കുന്നു. ഇതേ സന്ദർഭത്തിൽത്തന്നെ കുടുംബജപമാലാപ്രസ്ഥാനത്തിൻെറ പ്രണേതാവായ ഫാദർ പെയ്‌ററൺ അവർകൾ തൻെറ പ്രസ്ഥാനത്തിൻെറ പ്രചാരണാർത്ഥം ഇൻഡ്യാ, പാക്കിസ്ഥാൻ, സിലോൺ, ബർമ്മാ എന്നീ രാജ്യങ്ങളിൽ പര്യടനം നടത്തുന്നതിനുള്ള പരിപാടികളും തയ്യാറാക്കിവരുന്നതായറിയുന്നു.

## എവിഡൻസ് ഗിൽഡു സ്ഥാപകൻ അന്തരിച്ചു

ലോകപ്രസിദ്ധമായ ഇംഗ്ലണ്ടിലെ കാത്തലിക്കു് എവിഡൻസ് ഗിൽഡിൻെറ സ്ഥാപകനായ മി: വെർണൽ ചാൾസ് റെഡ്‌വുഡ് ഈ ഫെബ്രുവരി 15-ാംതീയതി ലണ്ടനിൽവച്ചു് നിര്യാതനായിരിക്കുന്നു. അദ്ദേഹം ജന്മനാ ന്യൂസിലണ്ടുകാരനാണു്. ക്യൂൻസ്‌ലണ്ടു് പാർലമെൻറിലെ ഒരംഗമായിരുന്നു. 1918-ൽ യുദ്ധസംബന്ധമായ ജോലിത്തിരക്കുകൾ അദ്ദേഹത്തെ ലണ്ടനിൽ വരുന്നതിനു നിർബന്ധിച്ചു. ഇംഗ്ലണ്ടിൻെറ മതപ്രബോധനം കുറെക്കൂടി ബഹുജനങ്ങളെ സ്പർശിക്കുന്നവിധത്തിൽ നടത്തപ്പെടേണ്ട അത്യാവശ്യം അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടതുകൊണ്ടു അദ്ദേഹം പല പ്രാവശ്യം കർദ്ദിനാൾ ബോൺ തിരുമേനിയുമായി കൂടിയാലോചിക്കുകയും തൽഫലമായി വെസ്റ്റ്‌മിനിസ്റ്ററിൽ കാത്തലിക്കു എവിഡൻസ് ഗിൽഡു് പ്രസ്ഥാനം സമാരംഭിക്കുകയും ചെയ്തു. അതു വിനാവിളംബം ഇംഗ്ലണ്ടിൽ മാത്രമല്ല ആസ്‌ട്രേലിയായിലും അമേരിക്കായിലും പ്രചരിച്ചു. അദ്ദേഹത്തെപ്പററി ഗിൽഡിലെ ഒരു സഹപ്രവർത്തകനായ മി. ജെ. എസ്. ജോനാസ് പറഞ്ഞിട്ടുള്ളതിപ്രകാരമാണു്:- "റെഡ്‌വുഡ് ഈ പ്രസ്ഥാനത്തിനു പററിയ ആളാണു്. കരുത്തുള്ള ഊർദ്ധ്വകായൻ, ശക്തിയുള്ള സ്വരം, വളരെ സ്വാഭാവികവും ഫലിതരസം കലർന്നതുമായ ഭാഷാരീതി ഇങ്ങനെ പല ഗുണങ്ങൾ അദ്ദേഹത്തിൽ ഒത്തിണങ്ങിയിരുന്നു. ഹൈഡ്‌പാർക്കിലുള്ള ഇപ്പോഴത്തെ പ്രസംഗവേദിക്കു തെക്കുഭാഗത്തായി പാർക്കു്‌ലെയിൻ അതിർത്തികളിലുള്ള പുൽത്തകിടിയിൽ ആദ്യകാലങ്ങളിൽ 2000ത്തിൽ കുറയാത്ത ശ്രോതാക്കളോടു് റെഡ്‌വുഡ് പ്രസംഗിച്ചുകൊണ്ടു നില്ക്കുന്നതു ഒരു സാധാരണ കാഴ്ചയായിരുന്നു. കത്തോലിക്കാമതതത്വങ്ങളെപ്പററിയുള്ള വാദപ്രതിവാദങ്ങൾ നിയന്ത്രിച്ചുകൊണ്ടു പരിപാടികളുടെ അവസാനഭാഗത്തു രണ്ടും മൂന്നും നീണ്ട മണിക്കൂറുകൾ അദ്ദേഹം പ്ലാററു്‌ഫോറത്തിൽ ഇരിക്കേണ്ടിവന്നിട്ടുണ്ടു്. പക്ഷെ വാദപ്രതിവാദത്തിൽ ബദ്ധശ്രദ്ധരായ ശ്രോതാക്കൾക്കു അതു വളരെ ഉൽബോധജനകവും ആനന്ദസംദായകവുമായിരുന്നു. 1919നും 1920നും ഇടയ്ക്കുണ്ടായ നിരവധി മാനസാന്തരങ്ങൾ ദൈവത്തിൻെറ പരിപാലനയിൽ ഈ പ്രസ്ഥാനത്തിൻെറ ആദ്യകാലത്തെ നേട്ടങ്ങളായിരുന്നു എന്നു വിചാരിക്കുന്നതിൽ അസാംഗത്യമില്ല. സ്ഥലത്തുവച്ചുതന്നെ നടന്നിട്ടുള്ള മാനസാന്തരങ്ങളും വിരളമല്ല."

## കത്തോലിക്കാ സൈന്യാധിപനു കീർത്തിമുദ്ര

കൊറിയായിൽ 20-ാം സൈന്യത്തിൻെറ മേധാവിയായി സധീരം പോരാടി ഓസ്ട്രേലിയായിൽ മടങ്ങിയെത്തിയ ലഫ്‌ററനൻറു കേണൽ ബ്രെന്നൻ അവർകൾക്കു ഡി. എസ്. ഓ. കീർത്തിമുദ്ര നൽകപ്പെട്ടിരിക്കുന്നു. കത്തോലിക്കാവിദ്യാലയങ്ങളിൽ അഭ്യസനം സിദ്ധിച്ചശേഷം സൈന്യസേവനത്തിനു പുറപ്പെട്ട ഈ ദേഹം ഇൻഡ്യയിൽ പലകൊല്ലങ്ങൾ സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. അതിർത്തിപ്രദേശയുദ്ധങ്ങളിൽ ഇദ്ദേഹം പ്രശസ്തമായ പങ്കുവഹിച്ചിട്ടുള്ളതാണു്. രണ്ടാം ലോകയുദ്ധത്തിൽ ഫ്റാൻസിൽവച്ചു അദ്ദേഹം നിർവ്വഹിച്ച ധീരകൃത്യങ്ങൾക്കായി ബ്രിട്ടൻെറയും അമേരിക്കയുടെയും പല കീർത്തിമുദ്രകൾക്കു അർഹനായിത്തീർന്നു. ഒരു കത്തോലിക്കനു ഈദൃശബിരുദങ്ങൾ നൽകുക ബ്രിട്ടീഷ് സൈന്യത്തിൽ അതു സാധാരണമല്ലെന്നുള്ളതും സ്മരണീയമാകുന്നു.

## സെൻറു് അഗസ്റ്റിൻെറ 16-ാംശതാബ്ദം

ഹിപ്പോയിലെമെത്രാനായവി. അഗസ്റ്റീനോസിൻെറജനനത്തിൻെറ16-ാംശതവർഷമാണു് ഇക്കൊല്ലം. വിശുദ്ധൻെറ ഒരു വലിയ ഭക്തനും, റിട്ടയർഡ് ഫ്റഞ്ചു് അഡ്‌മിറലുമായ എം. മാറേക്കു് എന്നദേഹം ഇതിൻെറ സ്മാരകമായി ഒരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്താൻ തയ്യാറാക്കിവരുന്നു. വിശുദ്ധവേദപാരംഗതൻെറ പ്രവർത്തനരംഗത്തു അനേകസംവത്സരങ്ങളായി അദ്ദേഹം നടത്തിവരുന്ന ഗവേഷണങ്ങളുടെയെല്ലാം ഫലം ഇതിൽ ക്രോഡീകരിക്കുന്നതാണു്. ഏഴു ഇതളുകളോടുകൂടിയ ഒരു ഇലയുടെ രൂപത്തിലുള്ള ഒരു ചാപ്പൽ വിശുദ്ധൻ ഉപയോഗിച്ചിരുന്നതു് ഭൂമിക്കടിയിൽ ഈയിടെയാണു കണ്ടെത്തിയതു്. അതിനുസമീപം അദ്ദേഹത്തിൻെറ കീഴിലുണ്ടായിരുന്ന ഒരാശ്രമവും കണ്ടെത്തിയിട്ടുണ്ടു്. വിശുദ്ധ മെത്രാൻെറ കത്തീദ്രൽ പള്ളി നഷ്ടശിഷ്ടങ്ങളുടെ മദ്ധ്യേ അഞ്ചുകൊല്ലം മുമ്പാണു് കണ്ടുപിടിച്ചതു്. അതിനു 162 അടി നീളവും 65 അടി വീതിയും ഉള്ളതായി തിട്ടപ്പെടുത്തിയിരിക്കുന്നു. പള്ളിയുടെ തറയിലെ മോസായിക്കു പണികളും മാർബിൾ തൂണുകളും കുഴിച്ചുചെന്നപ്പോൾ സ്പഷ്ടമായി കാണാനുണ്ടു്. ജ്ഞാനസ്നാനക്കല്ലു്, എപ്പിസ്കോപ്പൽ സിംഹാസനം, മെത്രാന്മാരുടെ ശവകുടീരങ്ങൾ ആദിയായവയും പള്ളിയകത്തു് കണ്ടുകിട്ടിയിട്ടുണ്ടു്. അതിനു സമീപത്തായി ഇപ്പോൾ മാന്തിത്തുറന്നുവരുന്ന വേറൊരു കത്തീദ്രൽ ഡൊണാററിസ്റ്റു് ശീശ്മക്കാരുടേതാണെന്നു് പറയപ്പെടുന്നു. തൻെറ കത്തീദ്രലിൽ ഇരുന്നാൽ അവിടത്തെ ഗാനാലാപങ്ങളും മററും തനിക്കു തെളിവായി കേൾക്കാമായിരുന്നു എന്നു വിശുദ്ധൻെറഗ്രന്ഥങ്ങളിൽ കാണുമാറുണ്ടു്.

## ഈജിപ്തിൽ

ഈജിപ്ഷ്യൻ റിപ്പബ്ളിക്കിൻെറ പ്രസിഡണ്ടായ ജനറൽ നഗീബു് രാജ്യത്തെ ഭരണപരമായ പരമാധികാരം തനിക്കുണ്ടായിരിക്കണമെന്നാവശ്യപ്പെട്ടതിനെത്തുടർന്നു് അവിടത്തെ ഭരണസമിതിയായ റവല്യൂഷണറികൗൺസിൽ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുകയും പകരം ഡപ്യൂട്ടി പ്രധാനമന്ത്രിയായിരുന്ന കേണൽ അബ്ദുൽനാസറിനെ തൽസ്ഥാനത്തു പ്രതിഷ്ഠിക്കുകയുമുണ്ടായല്ലോ. എന്നാൽ ഏതാനും ദിവസത്തെ കൂടിയാലോചനകൾക്കുശേഷം ജന. നഗീബു് വീണ്ടും ഈജിപ്ഷ്യൻ പ്രസിഡണ്ടും പ്രധാനമന്ത്രിയുമായി ഉയർത്തപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിനു് കൂടുതൽ അധികാരങ്ങൾ നൽകപ്പെട്ടിരിക്കുന്നതായുമറിയുന്നു. കേണൽനാസർ ഡപ്യൂട്ടി പ്രധാനമന്ത്രിയായിത്തന്നെ തുടരുന്നതാണു്. അടുത്ത വേനൽക്കാലത്തുതന്നെ ഒരു കൺസ്റ്റിററുവൻറു് അസംബ്ളി സംഘടിപ്പിക്കത്തക്കവിധത്തിൽ കഴിയുന്നതും വേഗത്തിൽ രാജ്യത്തു് ഒരു പൊതുതിരഞ്ഞെടുപ്പിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നു് അധികാരത്തിൽ പുന:പ്രതിഷ്ഠിതനായ ജന. നഗീബു് പ്രഖ്യാപിച്ചിരിക്കുന്നു.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

